തിരുമിററക്കോട് ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

## ഒമ്പതാം പദ്ധതി

## ജനകീയ പദ്ധതി

98-6

## ഉള്ളടക്കം


1 ആമുഖം

2 പൊതുസ്ഥിതി

3 ഭൂപ്രകൃതി

4 ജനപ്രകൃതി

5 കൃഷി, ജലസേചനം

6 മൃഗസംരക്ഷണം-മത്സ്യബന്ധനം

7 കുടിവെള്ളം

8 പൊതുജനാരോഗ്യം

9 വ്യവസായം

10 ഗതാഗതം-ഊർജ്ജം

11 സാമൂഹ്യക്ഷേമം

12 ഭവന നിർമ്മാണം

13 സാംസ്കാരം

14 വനിത

15 സഹകരണമേഖല

16 പട്ടികജാതിക്ഷേമം

17 വിഭവസമാഹരണം

18 വിദ്യാഭ്യാസം

1995 നവംബർ മാസം 21-ാം തിയ്യതി നടന്ന ഭൂവിഭവ സെമിനാറിലും 1995 ഡിസംബർ മാസം 2-ാം തിയ്യതി മുതൽ 29 കൂടിയ തിയ്യതികളിലായി നടന്ന ഗ്രാമസഭകളിലും, 24 ാം തിയ്യതി തലപ്പിലത്ത് ചിറപരിസരത്ത് ചേന്ന കഷകയോഗത്തിലും 96 ജനവരി 20-ാം തിയ്യതി ചേന്ന കഷക സെമിനാറിലും, ഫെബ്രുവരി 5-ാം തിയ്യതി ചേർന്ന വിദ്യാഭ്യാസ സെമിനാറിലും ഫെബ്രുവരി 19-ാം തിയ്യതി ചേർന്ന പഞ്ചായത്ത് ദിന വികസന സെമിനാറിലും ജൂലായ് മാസം 6-ാം തിയ്യതി മുതൽ 27വരെ നടന്ന ഗ്രാമസഭകളിലും ഒക്ടോബർ 2 മുതൽ 6 കൂടി നടന്ന വിശേഷാൽ ഗ്രാമസഭകളിലും ഉയർന്നു വന്ന ചർച്ചകളുടേയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും, പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന പഠന പര്യടനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച ഭൗതീയ സ്ഥിതി വിവര കണക്കുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

**പൊതുസ്ഥിതി**

| | |
|---|---|
| പഞ്ചായത്തിന്റെ പേരു് | തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | തിരുമിറ്റക്കോട് നമ്പർ I ആൻറ് II |
| ബ്ലോക്ക ഡിവിഷൻ | തിരുമിറ്റക്കോട്/ ചാത്തന്നൂർ ഡിവിഷൻ |
| ജില്ലാ ഡിവിഷൻ | നാഗലശ്ശേരി |
| ബ്ലോക്ക പഞ്ചായത്ത് | തൃത്താല |
| അസംബ്ളി | തൃത്താല |
| താലൂക്ക് | ഒററപ്പാലം |
| ജില്ല | പാലക്കാട് |
| വിസ്തീർണ്ണം | 32-31 സ്ക്വയർ കി. മീ [3230-6 ഹെക്ടർ] |

പഞ്ചായത്തിന്റെ അതിരുകൾ

വടക്ക്: തൃത്താല പഞ്ചായത്ത് ഭാരതപ്പുഴ

തെക്ക്: കടങ്ങോട് പഞ്ചായത്ത്

കിഴക്ക്: വരവൂർ, ദേശമംഗലം പഞ്ചായത്ത്

പടിഞ്ഞാറ്: നാഗലശ്ശേരി പഞ്ചായത്ത്

ജനസംഖ്യ 25855 [91 സെൻസസ്]

പുരുഷൻമാർ 12214 സ്ത്രീകൾ 13641

ആകെ വാർഡുകൾ 11

| | | | |
|---|---|---|---|
| പ്രസിഡണ്ട് | വാർഡ് | I | അഡ്വ. ടി. എ. പ്രസാദ് |
| വൈസ് പ്രസിഡണ്ട് | ,, | IV | ടി രാമൻകുട്ടി |
| സ്റ്റാൻറിങ്ങ് കമ്മിററി ചെയർമാൻ | ,, | X | സി. പ്രഭാകരൻ |
| സ്റ്റാൻറിങ്ങ് കമ്മിററി മെമ്പർ | ,, | VII | ടി. കെ. കൃഷ്ണപിള്ള |
| ,, ,, | ,, | V | വി. ആലിക്കുട്ടി ഹാജി |
| ,, ,, | ,, | IX | വി. എസ്. സജീവ്കുമാർ |
| ,, ,, | ,, | VIII | എം. കെ. വിജയ |
| മെമ്പർ | ,, | VI | എം. കെ പ്രേമകുമാരി |
| ,, | ,, | XI | പി. ഫാത്തിമക്കുട്ടി |
| ,, | ,, | III | എ. പി. മണികണ്ഠൻ |

കേരളപ്പിറവിക്കു മുമ്പ് പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിൽപ്പെട്ട പ്രദേശമായിരുന്നു തിരുമിററക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ടസ്ഥലങ്ങൾ. നിളയോട് ചേർന്നുകിടക്കുന്ന തിരുമിററക്കോട് വള്ളുവനാടിന്റെ മുഴുവൻ ഗ്രാമഭംഗിയും ആവാഹിച്ചെടുത്തിട്ടുണ്ട്. കുന്നുകളും, സമതലങ്ങളും ചേർന്ന് പഴയ പൊന്നാനി താലൂക്കിലെ തൃത്താല ഫർക്കയിലെ തിരുമിററക്കോട്, പെരിങ്ങന്നൂർ, ചാഴിയാട്ടിരി അംശങ്ങൾ അതിർവരമ്പിടുമ്പോൾ തിരുമിററക്കോട് ഗ്രാമപഞ്ചായത്തിന്റെ അതിരുകളായി കടങ്ങോട് കാടിനും, തലപ്പിള്ളി താലൂക്കിനും, ഭാരതപ്പുഴക്കുമിടയിലായി കിടക്കുന്ന പ്രകൃതിരമണീയമായ ഈ പ്രദേശം കോഴിക്കോട് സാമൂതിരിയുടെ മേൽക്കോയ്മക്കു കീഴിലായി എന്ന് പഴമക്കാർ പറയുന്നു, ഒട്ടനവധി ക്ഷേത്രങ്ങളും, മനകളും, ബ്രഹ്മസ്വമായും, ദേവസ്വമായും ഭൂമിയുടെ മുക്കാൽപങ്കും സ്വന്തമാക്കി വെച്ചിരുന്നു. വെറുംപാട്ടവും, കാണവും മാത്രമെ മററുള്ളവർക്കു സാധാരണ ഗതിയിൽ ഉണ്ടായിരുന്നുള്ളു വെങ്കിലും, അറുപത്, എഴുപത് വർഷം മുമ്പുതന്നെ താഴ്ന്ന ജാതിക്കാരടക്കം ഭൂമി ജന്മം തീരുവാങ്ങിയിരുന്നതായി ആധാരങ്ങൾ സൂചിപ്പിക്കുന്നുണ്ട്. തെക്കൻ കാശി എന്നറിയപ്പെടുന്ന തിരുമിററക്കോട് അഞ്ചുമൂർത്തിക്ഷേത്രം

പുരാണ പ്രസിദ്ധവും, ശിൽപ ഭംഗികൊണ്ട് നയനാനന്ദകരവും ഇപ്പോഴും നിരവധി ആരാധകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നതുമാണ്. സ്വാതന്ത്ര്യ വിചാരത്തിലൂടെ മലയാളിയുടെ മനഃസാക്ഷിക്കു മുമ്പിൽ ചോദ്യചിഹ്നമുയർത്തിയ താത്രിയുടെ സ്മരണകളുണർത്തുന്ന ഇല്ലപ്പറമ്പുകൾ ദുഃഖഭാരത്തോടെ വെറുങ്ങലിച്ചു നിൽക്കുന്നത് ഇവിടെ യടുത്തു തന്നെയാണ്.

ക്ഷേത്രകലകളും, ആചാരങ്ങളും, ഫ്യൂഡൽ മേധാവിത്വവും ജീവിത ക്രമത്തിന്ന് ദിശാബോധം നല്കിയിരുന്ന തിരുമിറ്റക്കോട്, പെരിങ്കന്നൂർ, ചാഴിയാട്ടിരി അംശങ്ങളിലെ യഥാർത്ഥ ഭരണം അംശം അധികാരിമാർക്കായിരുന്നു. നാട്ടു വഴക്കുകൾക്ക അന്തിമ തീരുമാനം കല്പിക്കുന്നത് അവരായിരുന്നു. പണ്ടുകാലത്ത് 'വിചാരണ' നടത്തി 'പ്രതികളെ' തൂക്കികൊന്നിരുന്ന തൂക്കാരംകുന്ന് ഒരു ദുഃസ്വപ്നംപോലെ നമ്മെ വേട്ടയാടിയേക്കാം. ഓണവും, വിഷുവുമെടുത്ത് ജോലിചെയ്യാൻ വിധിക്കപ്പെട്ടവർ യഥാർത്ഥത്തിൽ ഭൂവുടമയുടെ കീഴിൽ അടിമപ്പണിചെയ്യുകതന്നെയായിരുന്നു. പാടത്ത് പണിയെടുക്കുന്നതിനിടക്ക് പ്രസവിക്കേണ്ടിവന്ന കർഷക തൊഴിലാളി സ്ത്രീയുടെ യാതന ഒളിമങ്ങാതെ ഓർമ്മിക്കുന്ന ഒരു തലമുറ ഇപ്പോഴും അന്യം നിന്നുപോയിട്ടില്ല.

അന്യായ പാട്ടത്തിന്നെതിരെ അടിപതറാതെ ചെറുത്തുനിന്ന പാലത്തിങ്കൽ രാമനും, കൊല്ലൻ അയ്യപ്പനും, കൊലപറമ്പിൽ അറുമുഖനും തൊഴിലാളികൾക്ക് വർഗ്ഗപരമായ രാഷ്ട്രീയബോധമുണ്ടാക്കുന്നതിനു വേണ്ടി ജീവിതം ഹോമിച്ച കെ. ആർ. നാരായണനും, സ്വാതന്ത്ര്യസമര സേനാനിയായ എ.കെ. രാഘവപണിക്കരും ഈ ഗ്രാമപഞ്ചായത്തിന്റെ ചേതനയെ സജീവമാക്കുന്നു. ഇ എം. എസ്സിനും, ഇ. പി. ഗോപാലനും, ഇമ്പിച്ചി ബാവക്കുമൊക്കെ സുരക്ഷിതമായ ഒളിവുജീവിതം നല്കിയതിന്റെ ഓർമ്മ ഉൾപ്പുളകത്തോടെ ഓർമ്മിക്കുന്ന ഗ്രാമീണ വൃദ്ധർ നാമാവശേഷരായി കഴിഞ്ഞിട്ടില്ല ഗ്രാമപഞ്ചായത്തിന്റെ സാംസ്കാരിക ജീവിതത്തിൽ നിർണ്ണായകമായ പങ്കുവഹിച്ച പരിയാനംപററ ദിവാകരൻ നമ്പൂതിരിപ്പാട് പ്രത്യേക സ്മരണീയനാണ്.

മലപ്പുറം ജില്ലയുടെ രൂപീകരണത്തോടെ ഈ പ്രദേശം ഒററപ്പാലം താലൂക്കിന്റെ ഭാഗമായി ഭൂഉടമ സമ്പ്രദായത്തിൽ മാററം വരുത്തി. 99. 5% കുടുംബങ്ങളും ഭൂഉടമകളാണ്.

തിരുമിററക്കോട് പഞ്ചായത്തിലെ ആദ്യ തെരഞ്ഞടുപ്പ് നടന്നത് 1963ൽ ആണ്. ആദ്യബോർഡിന്റെ പ്രസിഡണ്ട് ശ്രീ. പി. വി. കുഞ്ചുണ്ണിനായരും തുടർന്ന് എം. വി. രാവുണ്ണിനായരും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന ബോർഡിന്റെ പ്രസിഡണ്ടുമാരായി കെ. നാരായണൻ നമ്പൂതിരിയും തുടർന്ന് കെ. ജി. നീലകണ്ഠനും പഞ്ചായത്തിനെ സേവിച്ചിട്ടുണ്ട്. 1988ൽ നടന്ന തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന ബോർഡിന്റെ പ്രസിഡണ്ടായി കെ. ജി. നീലകണ്ഠൻ 1995 ഒക്ടോബർ മാസം വരെ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഗ്രാമീണറോഡുകളുടെ നിർമ്മാണം വഴിവിളക്കുകൾ സ്ഥാപിക്കൽ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം, സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം, കളിസ്ഥലം, ശ്മശാനത്തിനു വേണ്ടിയുള്ള സ്ഥലം എന്നിങ്ങനെ ഒട്ടേറെ സേവനത്തുറകളിൽ പഞ്ചായത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മുൻപഞ്ചായത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മുൻപഞ്ചായത്ത് ഭരണസമിതികൾ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പൊതു പ്രശ്നങ്ങളെ താഴെപറയും പ്രകാരം ക്രോഡീകരിക്കാം.

ഗ്രാമപഞ്ചായത്തിലെ കാർഷിക പ്രവർത്തമാകെ സ്തംഭിച്ചു നില്കുകയാണ്. വ്യാവസായികരംഗത്ത് യാതൊരുവിധ വളർച്ചയും ഉണ്ടായിട്ടില്ല. കുടിൽ വ്യവസായരംഗത്ത് കാര്യമായ യാതൊരു വിധ പ്രവർത്തനവും ഇല്ല. വളർത്തുമൃഗങ്ങളെ പോററുന്ന ഏർപ്പാടു കുറഞ്ഞുകൊണ്ടുവരുന്നു രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജനസംഖ്യയുടെ പകുതിയോളം വരുന്ന ആളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. 75% വിദ്യാർത്ഥികൾക്കും വേണ്ടത്ര വിദ്യാഭ്യാസ നിലവാരമില്ല. ഗ്രാമീണർ സ്വകാര്യപണമിടപാടുകാരുടെ നീരാളിപ്പിടുത്തത്തിലാണ്. സാമൂഹ്യ – സാമ്പത്തിക പ്രശ്നങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ വളരെ കുറവാണ്.

## ഭൂപ്രകൃതി

അവലംഭം-റവന്യൂരേഖകൾ, കൃഷിഭവൻരേഖകൾ, പഠന പര്യടനം.

ഭൂപ്രകൃതിഅനുസരിച്ച് തിരുമിററക്കോട് പഞ്ചയത്തിനെ പ്രധാനമായി മൂന്നതരമായിതിരിക്കാം.

1 കുന്നുംപ്രദേശങ്ങൾ
2 താഴ്‌വാരങ്ങൾ
3 സമതലങ്ങൾ

ഒട്ടേറെ കുന്നുകളും അവയുടെ താഴ്‌വാരങ്ങളും, സമതലങ്ങളും ചേർന്നതാണു തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് എന്നു മൊത്തത്തിൽ വിലയിരുത്താം. കടങ്ങോട്ടുകാട്ടും മലകളും ഗ്രാമപഞ്ചായത്തിന്റെ തെക്കേഅതിരിന്ന് അതിർവരമ്പിടുന്നു. മേലേപുരകുന്നും മലയകം കല്ലുവയ്ക്കുന്ന് കോമളാർകാട്ടും, ചേമ്പ്രകുന്ന് എറാൻകുന്ന്, മാമ്പഴകുന്ന്, എടപ്പുറകുന്ന് പിണ്ടാലികുന്ന് തോരകുന്ന്, ഇക്കാരംകുന്ന്, പാലംപറക്കുന്ന്, ചെർള്ളാച്ചിക്കുന്ന് ഓട്ടപാറക്കുന്ന്, കടെങ്കരക്കുന്ന് എന്നിവ കുന്നുകളിൽ ചിലതു മാത്രമാണ്. ഗ്രാമപഞ്ചായത്തിന്റെ തെക്കൻപ്രദേശം തെക്കു കിഴക്കോട്ടും പ്രയേണ പടിഞ്ഞാറുമായി ചെരിഞ്ഞു കിടക്കുന്നു. തെക്ക്കിഴക്കോട്ടുള്ള നീരൊഴുക്ക് വരവൂർ പഞ്ചായത്തിലേക്കും പടിഞ്ഞാട്ടുള്ള നീരൊഴുക്ക് 2 തോടുകളായി രൂപപ്പെട്ട നാഗലശ്ശേരി പഞ്ചായത്തിലേക്കും പോകുന്നു. ഗ്രാമപഞ്ചായത്തിന്റെ വടക്കകിഴക്കു ഭാഗത്തുനിന്ന് നീരൊഴുക്ക് പ്രധാനമായും തെക്കും പടിഞ്ഞാറോട്ടാണ് പ്രസ്തുതനീരൊഴുക്ക് തൃശ്ശൂർജില്ലായിൽ നിന്നും പടിഞ്ഞാറോട്ട ഒഴുകിവരുന്ന പൊട്ടികതോടിൽ സന്ധിച്ചു പടിഞ്ഞാറോട്ട ഒഴുകുന്നു. ഗ്രാമപഞ്ചായത്തിന്റെ തെക്കകിഴക്കൻ മേഖലയിൽനിന്നും നീരൊഴുക്ക് പ്രധാനമായും വടക്ക് പടിഞ്ഞാറോട്ടാണ് ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ നിന്നും വടക്കകിഴക്കോട്ടുള്ള നീരൊഴുക്ക് മുത്തളംഞ്ഞോട്ട് തോടായി രൂപപ്പെട്ട കടച്ചിറ, കൊറക്കഴി, തോടായി കോഴിക്കാട്ടിരി തോട്ടിൽ ലയിച്ചു ഭാരതപുഴയിൽ ചേരുന്ന ഗ്രാമപഞ്ചായത്തിൽ പെയ്യുന്നവെള്ളത്തിന്റെ 80% മൊത്തത്തിൽ വടക്കോട്ടൊഴുകി ഭാരതപുഴയിൽ ചേരുന്നതായി കണക്കാക്കാം.

തെക്കൻ മേഖലയിലേയും, വടക്കകിഴക്കൻ മേഖലയിലേയും കുന്നുകളിൽ കരിങ്കല് ധാരാളമായി ഉണ്ട്. മററു കുന്നുകളിൽ കരിങ്കല്ലുണ്ടെങ്കിലും കരിങ്കൽക്വാറികൾ ഏററവും നല്ല രീതിയിൽ പ്രവൃത്തിക്കാൻ കഴിയുന്നത് തെക്കൻമേഖലയിലും വടക്ക കിഴക്കൻ മേഖലയിലുള്ള കുന്നിൻ പ്രദേശങ്ങളിലാണ്.

കുന്നിൻ ചെരുവുകളിലും താരതമ്യേന ഉയർന്ന പ്രദേശങ്ങളിലും ചരൽ കലർന്ന മണ്ണിനു താഴെ ചെങ്കല്ല് ധാരാളമുണ്ട്. കെട്ടിടം

ണിക്കാവശ്യമായ ചെങ്കല്ലും കൊത്തി എടുക്കാൻ ഈ സ്ഥലങ്ങളെ ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്.

പാടങ്ങളിലും താഴ്ന്നപ്രദേശങ്ങളിലും നല്ല ഇഴക്കമുള്ള ഉദ്ദേശം 5% മണൽ ചേർന്ന ചാര നിറത്തിലുള്ള ചളിമണ്ണാണ്. അപൂർവ്വം ചില പാടങ്ങളിൽ മണൽ ചേർന്ന കറുത്ത നിറമുള്ള ചളിമണ്ണുണ്ട് നെല്ലിക്കാട്ടിരി പ്രദേശത്ത് നാമമാത്രമായ ചതുപ്പുനിലമുണ്ട് പുഴയോട് ചേർന്നുള്ള വളരെ കുറച്ചു പ്രദേശത്ത് മാത്രം മണൽ കലന്ന മണ്ണ് കാണുന്നുണ്ട് പുഴയോട് ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശങ്ങളിൽ ഇഷ്ടികയും, മൺപാത്ര നിർമ്മാണത്തിന് ഉതകുന്ന കളിമണ്ണും ലഭ്യമാണ്.

വിവിധമേഖലകളിലെ മണ്ണിന്റെ സ്വഭാവം പട്ടികയായി ചേർത്തിരിക്കുന്നു.

## സമതല പ്രദേശത്തെ മണ്ണിന്റെ സ്വഭാവം

| | തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| 1 | മണൽമണ്ണ് | 643 HA | 19 903% |
| 2 | പശിമരാശിമണ്ണ് | 322 HA | 9.967% |
| 3 | മണൽ കലർന്ന പശിമരാശി മണ്ണ് | 113 356 HA | 3 508% |
| | ആകെ | 1078.356 | |

## താഴ്വരകളിലെ മണ്ണിന്റെ സ്വഭാവം

| | തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| 1 | വെട്ടുകൽ മണ്ണ് | 1122 000 HA | 34 73% |
| 2 | പശിമരാശിമണ്ണ് | 334 368 HA | 10.35% |
| | ആകെ | 1456.368 HA | |

## ഉയർന്ന പ്രദേശങ്ങൾ

| | തരം | വിസ്തീർണ്ണം | ശതമാനം |
|---|---|---|---|
| 1 | വെട്ടുകൽമണ്ണ് | 325 HA | 10 06% |
| 2 | പശിമരാശിമണ്ണ് | 305 HA | 9.44% |
| 3 | കടുത്തവെട്ടുകൽമണ്ണ് | 55 HA | 1.702% |
| 4 | കരിങ്കൽ | 10 876 HA | 0.34% |
| | ആകെ | 695.876 HA | |

ആകെ വിസ്തീർണ്ണം 3230.6 HA

**ജനപ്രകൃതി**

91ലെ കാനേഷുമാരി കണക്കുപ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 25855 ആണ്. ഇതിൽ 12214 പുരുഷന്മാരും 13641 സ്ത്രീകളും ആണ്. ഈ പഞ്ചായത്തിൽ ആകെ 5368 വീടുകളാണ് ഉള്ളത്. 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 4361 ആണ്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 6230 കുട്ടികൾ പഠിക്കുന്നു. പട്ടികജാതി വിഭാഗത്തിൽപെട്ട 4361 ആളുകൾ ഉണ്ട്. 2083 പുരുഷന്മാരും 2278 സ്ത്രീകളും പട്ടികജാതി വിഭാഗത്തിലുണ്ട്. ജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗം ഹിന്ദുമതത്തിൽപെട്ടവരും മൂന്നിൽ ഒന്ന് ഇസ്ലാം മതത്തിൽ വിശ്വസിക്കുന്നവരും ഉണ്ട്. വളരെ കുറച്ച് ക്രിസ്ത്യാനികളും ഇവിടെയുണ്ട്. ജന്മികുടിയാൻ ബന്ധത്തിന്റെ തകർച്ചയും കാർഷികപരിഷ്കരണ നിയമങ്ങളും ബഹുഭൂരിപക്ഷം കുടുംബങ്ങളേയും ഭൂമിയുടെ ഉടമസ്ഥരാക്കിയിട്ടുണ്ട്. വിതരണം ചെയ്യപ്പെട്ട മിച്ചഭൂമി ലഭിച്ചവരിൽ പകുതിയിൽ അധികം പേരും പ്രസ്തുത ഭൂമി സ്വകാര്യവ്യക്തികൾക്ക് കൈമാറി കഴിഞ്ഞിരിക്കുന്നു എന്നാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്.

കഴിഞ്ഞ 30–40 വർഷത്തിനുള്ളിൽ ജനങ്ങളുടെ ജീവിത രീതിയിലും ജീവിത നിലവാരത്തിലും വളരെ പ്രകടമായ മാററങ്ങൾ വന്നിട്ടുണ്ട്. ജാതിവ്യവസ്ഥയുടെ പഴയകാലത്തെ നീരാളിപിടുത്തത്തിന് അയവ് വന്നിട്ടുണ്ടെങ്കിലും ജാതിയുടെ പേരിലുള്ള ഉച്ചനീചത്വങ്ങളും ആചാരാനുഷ്ഠാനങ്ങളും മററു നടപടി ക്രമങ്ങളും ഇന്നും നിലനിൽക്കുന്നുണ്ട്. ചില പ്രത്യേക പ്രദേശങ്ങളിലെ പ്രത്യേക മതവിഭാഗത്തിൽ പെട്ടവരൊഴികെ ഏതാണ്ട് മുഴവൻ പേരും കുടുംബാസൂത്രണ പരിപാടികളുമായി സഹകരിച്ചു വരുന്നുണ്ട്. വിവാഹ ബന്ധങ്ങളുടെ ശൈഥില്യം പ്രായേണ കുറവാണ്.

നിരക്ഷരരുടെ എണ്ണം 1264 വരും. സാക്ഷരത ശതമാനം 95 ആണ്. പഞ്ചായത്തിൽ ആകെ S. S. L. C. പാസ്സായവരുടെ എണ്ണം 1507 ആണ്. ബിരുധധാരികൾ 284 എണ്ണവും ബിരുദാനന്തര ബിരുദം നേടിയവർ 48 ആണ്. പ്രൊഫഷണൽ ബിരുദം നേടിയവർ 23 ആണ്. മററു സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർ 14 പേരുണ്ട്.

അതീവ സങ്കീർണ്ണമായ ഒരു തൊഴിൽ മേഖലയാണ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ളത്. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യത ദിനംപ്രതികുറഞ്ഞു വരുന്നു 30 വയസ്സിനു താഴെ കർഷകതൊഴിലാളി സ്ത്രീകൾ ഇല്ലെന്നുതന്നെ പറയാം. പരമ്പരാഗത കാർഷിക പ്രവൃത്തികളിൽ പരിചയമുള്ള തൊഴിലാളികൾ പ്രസ്തുത മേഖലയിൽ നിന്നും നിഷ്ക്രമിച്ചുകൊണ്ടിരിക്കുകയാണ്. വലിയൊരു വിഭാഗം തൊഴിലാളികൾ താരതമ്യേന കൂടുതൽ കൂലികിട്ടുന്ന കെട്ടിട നിർമ്മാണ തൊഴിലാളികളായി മാറിക്കഴിഞ്ഞു. ചെങ്കല്ലുകോറികളിലും നിരവധി തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. വേനൽക്കാലങ്ങളിൽ മാത്രം പ്രവർത്തിക്കുന്ന ഇഷ്ടികചൂളകളിൽ കുറെ പേർ തൊഴിലെടുക്കുന്നുണ്ട്. ഓട്ടോറിക്ഷ, ജീപ്പ്, ടെമ്പോ തുടങ്ങിയവയിൽ പണിയെടുക്കുന്ന കുറെപ്പേരുണ്ട്. താരതമ്യേന വേതനം കുറവാണെങ്കിലും വിയർക്കേണ്ടതില്ലാത്തതും ശരീരത്തിലും വസ്ത്രത്തിലും ചളിപുരളാത്തതുമായ തൊഴിലുകളാണ് ആളുകൾ അഭികാമ്യമായി കരുതുന്നത്.

ആകെ ജനസംഖ്യയുടെ 5% വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. സർക്കാർ, അർദ്ധസർക്കാർ, പ്രൈവററ് മേഖലയിലായി 5% ആളുകളും ജോലി ചെയ്യുന്നുണ്ട്. സ്ത്രീകളിൽ 70%വും യാതൊരുവിധ തൊഴിലും ഇല്ലാത്തവരാണ്. വീട്ടുപണികൾ ചെയ്യുക എന്നതിൻ പുറമെ ലാഭകരമായ യാതൊരുവിധ തൊഴിലും എടുക്കാത്ത/എടുക്കാൻ പററാത്ത സ്ത്രീകളെയാണ് ഈ ഗണത്തിൽപെടുത്തിയിട്ടുള്ളത് കന്നുകാലി/ആടുവളർത്തൽ എന്നിവ കാര്യമായി ഇല്ല. കോഴിവളർത്തൽ പറയത്തക്ക ഒരു ധനാഗമ മാർഗ്ഗവുമല്ല പ്രാദേശികമായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുജീവിക്കുന്നവർ ഇല്ലാതായി എന്നുതന്നെ പറയാം.

പരമ്പ്, മുറം, കൊട്ടനെയ്ത്ത്, മൺപാത്ര നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ഒന്നും തന്നെ നല്ലരീതിയിൽ നടക്കുന്നില്ല തിരുമിററക്കോട്ടുള്ള ദളിത് പട്ടികജാതി കൊട്ടനെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണസംഘംമുഖേനയും, എഴുമങ്ങാട്ടും കുറച്ചുപേർ ഓട/മുളകൊണ്ടുള്ള നിർമ്മാണ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടുണ്ട്.

വ്യവസായ തൊഴിലാളികൾ ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല. കാരണം വ്യവസായശാലകളുടെ അഭാവം തന്നെ. കുറച്ച് മര

മില്ലുകൾ, തീപ്പെട്ടികമ്പനി, നെല്ലുകുത്ത്, അരിപൊടിക്കൽ, എണ്ണയാട്ടുമില്ലുകൾ, വെൽഡിങ്ങ് എഞ്ചിനീയറിങ്ങ് കമ്പനികൾ ഓട്ടോമോബൈൽ വർക്ക്ഷോപ്പുകൾ പ്രിൻറിങ്ങ്പ്രസ്സ് എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും തന്നെ പറയത്തക്ക തൊഴിൽദായകസംരംഭങ്ങളല്ല.

ഏതാനും കച്ചവടസ്ഥാപനങ്ങളും വീഡിയോ/ഓഡിയോ ലൈബ്രറികളും ടിവി/വിസിആർ/റേഡിയോ/ഇലക്ട്രിക് വർക്ക് ഷോപ്പുകളും, സിനിമാതിയേറ്ററും, പ്രൈവറ്റ് നേഴ്സിങ്ങ് ഹോമും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിലൊന്നും തന്നെ ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് കാര്യമായ തൊഴിൽ ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് നിവാസികളിൽ കുറച്ച് അദ്ധ്യാപകർ 12 സ്കൂളുകളിലായി ജോലിചെയ്യുന്നുണ്ട്. സഹകരണബാങ്കിലും കുറച്ചുപേർ തൊഴിലെടുക്കുന്നുണ്ട്.

ബീഡി തെറുപ്പിൽ കുറച്ചു സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ട്. ഖാദി നെയ്ത്തുകേന്ദ്രത്തിലും T. G. M. T. സെൻററിലും കുറച്ചുവനിതകൾ പരിശീലനം നേടുന്നുണ്ട്.

മാങ്ങ, പുളി, നാളികേരം, കായ തുടങ്ങിയവയുടെ കച്ചവടത്തിലും മരകച്ചവടത്തിലും കന്നുകാലി/ആട് കച്ചവടത്തിലും മത്സ്യ വില്പനയിലും ഏർപ്പെട്ടിട്ടുള്ളവരും ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഈ കച്ചവടങ്ങളിൽ ഏർപ്പെട്ടിട്ടുള്ളത് പ്രധാനമായും ഒരു പ്രത്യേക മതവിഭാഗത്തിൽ പെട്ടവരാണ്.

പട്ടികജാതി വിഭാഗത്തിലെ വിദ്യാഭ്യാസനിലവാരം പൊതുവേ പിന്നോക്കമാണ്. അവരുടെ സാമ്പത്തിക സ്ഥിതിയും വളരെ ചുരുക്കം ചില കുടുംബങ്ങളൊഴിച്ച് മെച്ചപ്പെട്ടിട്ടില്ല. സാമ്പത്തികസ്ഥിതി മെച്ചമായവരും മോശമായവരും മറ്റു വിഭാഗങ്ങളിൽ ജാതിമതപരിഗണനകൾക്കതീതമായി കാണാൻ കഴിയും. എന്നിരുന്നാലും ഇടത്തരക്കാരുടെ/ഇടത്തരം കർഷകരുടെ ജീവിതനിലവാരം ശോചനീയമാണ്. ജാതീപരവും / വർഗ്ഗപരവുമായ അഭിമാന ബോധം മറ്റു തൊഴിലെടുക്കുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നു വെന്നാണ് നേരിട്ടുള്ള ചർച്ചകളിൽ നിന്നും ബോദ്ധ്യമാകുന്നത്.

## കൃഷി, ജലസേചനം

**കൃഷി:-** തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടെയും ജീവിതോപാധി കൃഷിതന്നെയാണ്. വർദ്ധിച്ച ഉല്പാദനച്ചെലവും, മോശമായ വിളവെടുപ്പും ഉൽപന്നവിലയും കൃഷിയെ മൊത്തത്തിൽ സ്തംഭനാവസ്ഥയിൽ എത്തിച്ചിരിക്കയാണ്. കാർഷിക മേഖലയിൽ ജീവിക്കുന്നവരുടെ ജീവിത നിലവാരം ദിനംതോറും പിറകോട്ട് പോയിക്കൊണ്ടിരിക്കുന്നു.

ദേവസ്വങ്ങളുടെയും ബ്രഹ്മസ്വങ്ങളുടെയും കൈവശത്തിലായിരുന്നു ഏതാണ്ട് മുഴുവൻഭൂമിയും. വെറും പാട്ട കാണവ്യവസ്ഥയിൽ കുടിയാൻമാർ കൃഷിചെയ്തുപോന്നിരുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ചുരുക്കം ചില ജന്മാവകാശങ്ങളും ഇല്ലാതില്ല. എത്രകാലം കൃഷിഭൂമി സ്വന്തം കൈവശത്തിൽ വെയ്ക്കാമെന്നു കുടിയാന് യാതൊരുറപ്പുമില്ലാതിരുന്നതുകൊണ്ട് പ്രധാനമായും വളരെപ്പെട്ടെന്ന് വിളവെടുക്കാൻപററുന്ന നെൽകൃഷിതന്നെയായിരുന്നു മുഖ്യ വിള. കരപ്രമാണിമാരും അംശം അധികാരിമാരും ജനജീവിതത്തെ നിയന്ത്രിച്ചുപോന്നിരുന്ന കാലഘട്ടത്തിൽ പാടത്ത് പണിയെടുക്കാൻ ചുമതലപ്പെട്ടവർ അടിമകൾക്ക് തുല്യർതന്നെയായിരുന്നു. മഴയെയും നീരൊഴുക്കിനേയും ആശ്രയിച്ചുള്ള തോടുകളുടേയും കുളങ്ങളുടെയും ജലസേചന സാധ്യതകൾ അക്കാലത്ത് ഫലപ്രദമായി ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിന്റെ സമതല പ്രദേശങ്ങളിലാകെ നെൽകൃഷി രണ്ട് വിളകൾ എടുത്തിരുന്നു. ചിലഭാഗങ്ങളിൽ മൂന്ന് വിളകളും എടുത്തിരുന്നു. പറമ്പുകളിൽ മോടൻ, ചാമ, എള്ള്, മുതിര, ഉഴുന്ന് എന്നിവ കൃഷിചെയ്തിരുന്നു. പള്ളിയാലുകളിൽ നവര തുടങ്ങിയ ഔഷധശക്തിയുള്ള വിത്തിനങ്ങളും കൃഷിചെയ്തിരുന്നു. മുണ്ടകൻ വിളക്കുശേഷം പാടങ്ങളിൽ എള്ള് കൃഷിചെയ്തിരുന്നു. മുൻകാലങ്ങളിൽ കൃഷിചെയ്തിരുന്ന ചേരകുട്ടൻ, വെളുത്തരി, ചുക്കല അരി, പൊടിയൻ എരോപാണ്ഡി, ചുവന്ന പാണ്ഡി, ആര്യങ്കാളി തുടങ്ങിയവ ഏതാണ്ട് നാമാവശേഷമായി എന്നു തന്നെ പറയാം.

പാട്ടക്കുടിയാൻമാർക്ക് കൈവശാവകാശ ഭൂമി കൈവശം വെക്കാനുള്ള നിയമസംരക്ഷണം ഉറപ്പായ 1950കളുടെ അവസാനത്തോടെ കുടിയാൻമാർ സ്വന്തം ഇഷ്ടത്തിനനുസരിച്ച് കൃഷി

ചെയ്യാൻ ആരംഭിച്ചു കൂടുതൽ കാലംകൊണ്ട് വിളവുകിട്ടുന്നതും കൂടുതൽ കാലം വിളവുതന്നുകൊണ്ടിരിക്കുന്നതുമായ തെങ്ങ്, കവുങ്ങ് തുടങ്ങിയവ വ്യാപകമായി കൃഷിചെയ്യാൻ തുടങ്ങി

**നെൽകൃഷി:-**

ഗ്രാമപഞ്ചായത്തിലെ മൊത്തം ഭൂമിയുടെ ഏതാണ്ട് മൂന്നിൽ ഒരു ഭാഗം സ്ഥലത്ത് നെൽകൃഷിതന്നെയാണ് ഇപ്പോഴും കൃഷി ചെയ്തുവരുന്നത്. രാസവളങ്ങളും കീടനാശിനികളും അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളുമൊക്കെ ഉപയോഗിക്കുന്നുണ്ടെങ്കിലും നെൽകൃഷി ലാഭകരമായി നടത്താൻ പററുന്നില്ല. കീടബാധയും രോഗങ്ങളും പുതിയ വിത്തിനങ്ങളെ ബാധിക്കുന്നത് പഴയ ചില വിത്തിനങ്ങളിലേക്ക് തിരിച്ചുപോകാൻ കർഷകരെ പ്രേരിപ്പിക്കുന്നു. പൊതുവെ പറഞ്ഞാൽ ഉൽപ്പാദനക്ഷമത കുറവാണ്. 8-10 മേനി വിളവ്മാത്രമാണ് ലഭിക്കുന്നത്. നെൽകൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കേവല കർഷകരുടെ സ്ഥിതി ശോചനീയമാണ്.

കൃഷി സ്ഥലങ്ങളൊക്കെത്തന്നെ ചെറുകിട കർഷകരുടെ കൈവശമുള്ള തുണ്ട് തുണ്ട് ഭൂമികളായിക്കൊണ്ടിരിക്കയാണ്. ഈ അവസ്ഥ പൊതു ജലസേചന സംവിധാനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഓരോ തുണ്ട് ഭൂമിയിലും വ്യത്യസ്ത വിത്തിനങ്ങൾ കൃഷി ചെയ്യുന്നതും വ്യത്യസ്ത സമയങ്ങളിൽ കൃഷി ഇറക്കുന്നതും മററു വരുമാനമുള്ള കൃഷിക്കാർ തങ്ങളുടെ ഭൂമിയിൽ കൃഷി ഇറക്കാനും വിള കൊയ്തെടുക്കാനും തൊഴിലാളികൾക്ക് പ്രത്യേക പരിഗണന നൽകുന്നതും മൊത്തം കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

പുതിയ ജീവിത രീതികളും തൊഴിലിനൊടുള്ള സമീപനങ്ങളുമൊക്കെ കാർഷിക രംഗത്തെ തൊഴിലാളികളുടെ ലഭ്യതക്ക് കുറവു വരുത്തിയിട്ടുണ്ട്. പുതിയ തലമുറയിൽപെട്ട തൊഴിലാളികൾ പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്ക് തിരിഞ്ഞിരിക്കുന്നു. ഞാറു നടാനും വരമ്പുവെയ്ക്കാനും കൊയ്തെടുക്കാനുമൊക്കെ അറിവും പരിചയവുമുള്ള പുതിയ തൊഴിലാളികൾ വരുന്നില്ല. മോശമല്ലാത്ത കൂലിനിരക്ക് ഉണ്ടെങ്കിലും (പുരുഷന് 100. സ്ത്രീക്ക് 60) കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയുണ്ട്.

രാസവളത്തിൻ, കീടനാശിനിക്കമൊക്കെ ക്രമാതീതമായ

വിലവർദ്ധിച്ചതും നെല്ലിൻെറ വില ഉൽപ്പാദനച്ചിലവിനനുസരിച്ച് കിട്ടാത്തതും കാർഷികരംഗത്തെ പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കുന്നു. കൃഷി ലാഭകരമല്ലാതായതുകൊണ്ട് പല കൃഷിക്കാരും പലപ്പോഴും ഭൂമി തരിശിടുകയും ഒററ വിളവുമാത്രം എടുക്കുകയും ചെയ്യുന്നു,

## പ്രശ്നങ്ങൾ:-

1 നെൽകൃഷി ലാഭകരമല്ല.

2 കർഷകത്തൊഴിലാളികളെ വേണ്ട സമയത്ത് കിട്ടുന്നില്ല.

3 കർഷകത്തൊഴിലാളിക്ക് വമ്പിച്ച കൂലിവർദ്ധനവ്.

4 ജലസേചന സൗകര്യമില്ലായ്മ.

5 തോടുകൾ പൊട്ടിയും ഭാരതപ്പുഴയിൽനിന്നും വെള്ളം കയറിയും കൃഷി മുങ്ങി നശിക്കുന്നു.

6 കൃഷിഭവൻെറ സേവനം യഥാസമയം കിട്ടുന്നില്ല.

7 ഉൽപ്പന്നത്തിന് നല്ല വിലയോ വിററഴിക്കാൻ മാർക്കററോ ഇല്ല.

8 കീടനാശിനിക്കും രാസവളത്തിനും വലിയ വിലയാണ്.

9 കർഷകർ തമ്മിൽ സഹകരണമില്ല.

10 ഓരോ തുണ്ട് ഭൂമിയിലും വ്യത്യസ്ഥ വിത്തിനങ്ങൾ കൃഷി ചെയ്യുന്നു.

11 കൃഷിക്കാരന് സമൂഹം വേണ്ടത്ര മാന്യത കല്പിക്കുന്നില്ല.

12 ചേറ്റിലും വസ്ത്രങ്ങളിലും ചളിപററുന്ന പണിയോടുള്ള പൊതുവെ കാണുന്ന അവഗണന.

## നിർദ്ദേശങ്ങൾ:-

1 കൂട്ടുകൃഷി സമ്പ്രദായം പുനഃസ്ഥാപിക്കുക.

2 പാടത്തു പണിചെയ്യാൻ തയ്യാറുള്ളവരുടെ സംഘം പ്രാദേശിക തലത്തിൽ രൂപീകരിക്കുക.

3 ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

4 യന്ത്രോപകരണങ്ങൾ പൊതു ഉടമസ്ഥതയിൽ ഓരോ പാടശേഖരത്തിലും സ്വായത്താക്കുക.

**തിരുമിററക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പാടശേഖര സമിതികളുടെ പേരുവിവരങ്ങൾ**

| Sl No. | Ward No. | Name of Padasekaram |
|---|---|---|
| 1 | I | മതുപള്ളി പാടശേഖരം |
| 2 | II | മലയകം പാടശേഖരം |
| 3 | II | പള്ളിപ്പാടം പാടശേഖരം |
| 4 | III | ഒഴവത്ര പാടശേഖരം |
| 5 | III | ചാത്തന്നൂർ പാടശേഖരം |
| 6 | IV | പെരിങ്കന്നൂർ പാടശേഖരം |
| 7 | IV | ഇട്ടോണം പാടശേഖരം |
| 8 | V | വെള്ളടിക്കുന്ന് പാടശേഖരം |
| 9 | V | ചെരിപ്പൂർ പാടശേഖരം |
| 10 | VI | നെല്ലിക്കാട്ടിരി പാടശേഖരം |
| 11 | VI | രായമംഗലം പാടശേഖരം |
| 12 | VII | തിരുമിററക്കോട് കിഴക്ക് പാടശേഖരം |
| 13 | VII | തിരുമിററക്കോട് പടിഞ്ഞാറ് പാടശേഖരം |
| 14 | VIII | ഇരുങ്കൂററൂർ പാടശേഖരം |
| 15 | IX | എഴുമങ്ങാട് പാടശേഖരം |
| 16 | IX | ആറംങ്ങോട്ടുകര പാടശേഖരം |
| 17 | X | അകിലാണം പാടശേഖരം |

5. പുതിയൊരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനാവശ്യമായബോധവൽക്കരണം നടത്തുക.

6. ഉൽപ്പാദനച്ചിലവിനനുസരിച്ചുള്ള തറവില നിശ്ചയിക്കുക.
17 പാടശേഖര സമിതികളും പ്രവർത്തിക്കുന്നുണ്ട്.

[Attach പട്ടിക]

**തെങ്ങ്:-**

ഈ ഗ്രാമപഞ്ചായത്തിൽ 300-350 ഹെക്ടർസ്ഥലത്ത് തെങ്ങ് കൃഷിചെയ്യുന്നുണ്ട്. ഓരോ കടിയിരുപ്പിലും സാധ്യതയുള്ള സ്ഥലത്ത് ആളുകൾ തെങ്ങുവയ്ക്കുന്നുണ്ട് 30–35 വർഷം മുമ്പ് മുതൽ വ്യാപകമായി തെങ്ങ്കൃഷി പഞ്ചായത്തിൽ ആരംഭിച്ചിരുന്നു. ഇപ്പോഴും ഒരു പിന്നോട്ടടി നേരിട്ടുകൊണ്ടിരിക്കുകയാണ്. 90% തോട്ടങ്ങളും

മഴയെമാത്രം ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. ജൈവവളം വേണ്ടത്ര ഉപയോഗിക്കാൻ കിട്ടുന്നില്ല. നാളികേരത്തിന് ന്യായമായ വിലകിട്ടാത്തതുകൊണ്ട് വളപ്രയോഗത്തിലും തെങ്ങു സംരക്ഷണകാര്യത്തിലും കർഷകർ പൊതുവെ വിമുഖതകാണിക്കുന്നു. കൊപ്ര സംസ്കരണത്തിനും മററനുബന്ധ വ്യവസായങ്ങൾക്കും ഇതേവരെ ഈ പഞ്ചായത്തിൽ പ്രോത്സാഹനമുണ്ടായിട്ടില്ല. കേരവികസന സമിതികൾ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1 ജലസേചനത്തിന് സൗകര്യമില്ലായ്മ.
2 കുറഞ്ഞ ഉൽപാദനക്ഷമത.
3 ചെല്ലി് ശല്യവും, മണ്ഡരിയൽ രോഗവും.
4 തെങ്ങുകയററ തൊഴിലാളികളുടെ ലഭ്യതക്കുറവ്.

## നിർദ്ദേശങ്ങൾ

1 ഓരോ റവന്യൂപ്ലോട്ടിലും കഴിയുന്നത്ര വെള്ളം കെട്ടിനിൽക്കാനാവശ്യമായ സംവിധാനമുണ്ടാക്കുക.
2 ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ വ്യാപകമാക്കണം.
3 തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യാൻ പ്രേരിപ്പിക്കണം.
4 ഇടവിളയായി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക.

## മററുകൃഷികൾ:-

**റബ്ബർ:-** 250-300 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്യുന്നുണ്ട്. കുന്നിൻചരുവുകളിലെ മണ്ണൊലിപ്പ് തടയുന്നതിൽ റബ്ബർ കൃഷി സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. സമതലങ്ങളിലും റബ്ബർ കൃഷി വ്യാപിച്ചുകൊണ്ടിരിക്കുന്നു. നെൽപ്പാടങ്ങൾ നികത്തി തെങ്ങു വയ്ക്കുന്നതുപോലെയും വീടുവെയ്ക്കുന്നതുപോലെയും പാടശേഖരങ്ങളിലടക്കം റബ്ബർകൃഷിചെയ്യുന്ന പ്രവണതയുണ്ട്.

**കവുങ്ങ്:-** വളരെ പണ്ടുമുതൽക്കതന്നെ ഏതാണ്ട് 150-200 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിചെയ്തു വന്നിരുന്നു. സ്വകാര്യ കുളങ്ങളിലേയും കിണറുകളിലേയും വെള്ളം ഉപയോഗിച്ചാണ് ജലസേചനം നടത്തുന്നത്. മഹാളിയാണ് പ്രധാന രോഗം. സാമ്പത്തിക ലാഭമുള്ള കൃഷിയാണ് കവുങ്ങുകൃഷിയെങ്കിലും ജലസേചന സൗകര്യങ്ങൾ കുറഞ്ഞുവരുന്നതും ഇടവിളയായി കൃഷിചെയ്തു

വന്നിരുന്ന വാഴകൾക്ക് പലവിത രോഗങ്ങൾ വരുന്നതു, വമ്പിച്ച കുലിച്ചിലവും ആശാവഹമായ ഒരു ചിത്രമല്ല കാഴ്ചവെക്കുന്നതു്.

നേന്ത്രവാഴ, മററുവാഴകൾ, പച്ചക്കറികൾ, ഇഞ്ചി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവയുടെ കൃഷി നല്ല നിലയിൽ നടക്കുന്നില്ല. മരച്ചീനി, ചക്കരക്കിഴങ്ങ് എന്നിവയുടെ കൃഷിയും കാര്യമായി നടക്കുന്നില്ല ഫലവൃക്ഷങ്ങളുടെയും, പഴവർഗ്ഗങ്ങളുടെയും, കൃഷിയും വാണിജ്യാടിസ്ഥാനത്തിൽ നടക്കുന്നില്ല. വെററില കൃഷി നാമമാത്രമായി മാത്രമേ നടക്കുന്നുള്ളൂ.

## പ്രശ്നങ്ങൾ :-

1 പച്ചക്കറികൾ ലാഭകരമായി വിററഴിക്കാനുള്ള മാർക്കററിന്റെ അഭാവം.

2 പഴം, മററു ഫലങ്ങൾ എന്നിവയുടെ വിപണനത്തിൽ ഇടനിലക്കാർ കൊള്ളലാഭം എടുത്തുകൊണ്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ:-

1 വിപുലമായ തോതിൽ പാടശേഖരങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് പച്ചക്കറി ഉൽപ്പാദനം നടത്തുക.

2 തരിശായിക്കിടക്കുന്ന ഭൂമിയിൽ കൈതച്ചക്ക കൃഷി വൻതോതിൽ നടത്തുക.

3 പഴ സംസ്ക്കരണത്തിനുള്ള യൂണിററുകൾ സ്വകാര്യ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കുക.

4 അച്ചാറുകൾ, കടുമാങ്ങ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ യൂണിററുകൾ സ്ഥാപിക്കുക.

5 തരിശായിക്കിടക്കുന്ന സ്വകാര്യ ഭൂമികളിൽ പടുവൃക്ഷങ്ങളും കശുമാവുകൃഷിയും വ്യാപിപ്പിക്കുക.

## ജലസേചനം:-

മഴയെ ആശ്രയിച്ചുള്ള ഒരു കാർഷികവൃത്തിയാണ് തിരുമിററക്കോട് ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നത്. കാലവർഷത്തിലാണ് കൂടുതൽ മഴലഭിക്കുന്നത്. ജൂൺ, ജൂലായ്, ഒക്ടോബർ, നവംബർ ആദ്യവാരങ്ങൾ എന്നീ സമയങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നതു്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങൾ തീരെ മഴകിട്ടാത്തവയാണ്.

തിരുമിററക്കോട്ടുള്ള ലിഫ്ററ് ഇറിഗേഷൻ പദ്ധതിയാണ്.

ഏക ജലസേചന പദ്ധതി മോട്ടോറുകളും പൈപ്പുകളും പ്രവർത്ത നക്ഷമമല്ല 1967ൽ കമ്മീഷൻചെയ്ത പ്രസ്തുത പദ്ധതിയിൽ കാലോചിതമായ പുതുക്കലുകളോ അററകുററ പണികളോ നടത്തിയിട്ടില്ല. നിലവിലുള്ള മൂന്ന മോട്ടോറുകളും പ്രവർത്തനക്ഷമമല്ല

ഭാരതപ്പുഴയിൽ വെള്ളംകൂടിയാൽ കോഴിക്കാട്ടിരി തോട്ടിലൂടെ വെള്ളംകയറി പാടശേഖരങ്ങൾ മുങ്ങിപ്പോകുന്നത് തടയാനായി ഉണ്ടാക്കിയ റെഗുലേററർ പ്രവർത്തനക്ഷമമല്ല. ആയതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതായിട്ടുണ്ട്.

ഭാരതപ്പുഴയിലെ തുടർച്ചയായുള്ള മണൽവാരൽ ജലലഭ്യത കുറക്കാൻ ഇടയുണ്ട്. തോടുകളും അവയിലെ ചിറകളും നശിച്ചിരിന്നു. കുളങ്ങളും ജലസേചനത്തിന്നുപയോഗിക്കാവുന്ന നിലയിലല്ല

പൊതുകുളങ്ങൾ പഞ്ചായത്തിൽ ഉണ്ട്. പിറപ്പ് [PIREP] പദ്ധതിവഴി അററകുററ പണികൾ നടത്തിയ ഈ കുളങ്ങളിൽ ഗ്രാമ പഞ്ചായത്ത് മൈനർ ഇറിഗേഷൻ ഫണ്ടുപയോഗിച്ച് നാമമാത്രമായ ചില പണികൾ ചില വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. 90% പാടശേഖരങ്ങളിലും തോടുകൾ രൂപപ്പെട്ടിട്ടുണ്ട്. 60% തോടുകളിലും 1960 കളിൽ ജലസേചന വകുപ്പ് കുറെയേറെ പണികൾ ചെയ്യുകയും ചിറകൾ കെട്ടുകയുംചെയ്തിട്ടുണ്ട്. ചിറകളുടെ പലകകൾ പൂർണ്ണമായും ദ്രവിച്ചുപോയിക്കഴിഞ്ഞിരിക്കുന്നു. തോടുകൾ തൂർന്നും സൈഡ് ഭിത്തി തകർന്നും നാശമായിക്കഴിഞ്ഞിരിക്കുന്നു.

| ക്രമ നമ്പർ | പൊതുകുളങ്ങൾ പേര് | ഉപയോഗിക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം | സ്ഥിതിചെയ്യുന്നസ്ഥലം |
|---|---|---|---|
| 1 | പനങ്കുളം | 10—12 ഹെക്ടർ | അകിലാണം |
| 2 | പുത്തൻകുളം | 10—15 ഹെ. | പെരിങ്കന്നൂർ |
| 3 | ഐനിക്കുളം | 5—8 ഹെ. | ഇട്ടോണം |
| 4 | കോതക്കുളം | 5—6 ഹെ. | ഇട്ടോണം |
| 5 | പെററക്കുളം | 5—8 ഹെ. | ചാഴിയാട്ടിരി |
| 6 | ചിററാകുളം | 5—6 ഹെ. | രായമംഗലം |
| 7 | അഞ്ജനകുളം | 8—10 ഹെ. | പെരിങ്കന്നൂർ |
| 8 | അമ്പലക്കുളം | 5—10 ഹെ | ചാത്തന്നൂർ |
| 9 | വലിയകുളം | 5—10 ഹെ. | ഇറുമ്പകശ്ശേരി |
| 10 | ചെറുകുളം | 5—8 ഹെ. | ചാത്തന്നൂർ |

| | | | |
|---|---|---|---|
| 11 | ചിറകുളം | 8—10 ഹെ. | ചാഴിയാട്ടിരി |
| 12 | കാതാട്ടുകുളം | 5—8 ഹെ. | വട്ടോള്ളി |
| 13 | ചരൽകുളം | 8—10 ഹെ. | എഴുമങ്ങാട് |
| 14 | ചീനിക്കഴായകുളം | 10—15 ഹെ. | എഴുമങ്ങാട് |
| 15 | തലപ്പുലത്ത്ചിറ | 30 ഹെ. | ചാഴിയാട്ടിരി |

മഴവെള്ളം 24 മണിക്കൂറിനകം ഭാരതപ്പുഴയിൽ സാധാരണ ഗതിയിൽ എത്തിച്ചേരുന്നു. പാടശേഖരങ്ങളിലായി 38 പ്രൈവററ് കുളങ്ങരം ഉണ്ട്. പലതും പൊതുകുളങ്ങളായി വിട്ടുകിട്ടാൻ സാധ്യതയുള്ളതാണ്.

കവുങ്ങ്, തെങ്ങ് തോട്ടങ്ങളിൽ സ്വകാര്യ ഉടമസ്ഥതതിലുള്ള ജലസേചനത്തിന് ഉപയോഗിക്കുന്ന ധാരാളം കിണറുകളും കുളങ്ങളും ഉണ്ട്. കുന്നുകളുമായി ബന്ധപ്പെട്ട് ചോലകരം ഉണ്ടെങ്കിലും മഴക്കാലം കഴിയുന്നതോടെ ചോലകരം വററുന്ന പ്രവണതയാണ് ഇപ്പോഴുള്ളത്.

| ക്രമ നമ്പർ | പ്രൈവററ് കുളങ്ങരം പേര് | സ്ഥിതിചെയ്യുന്ന പ്രദേശം | ഉപയോഗിക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|---|
| 1 | അരയരക്കുളം | വടക്കേകര | |
| 2 | ചങ്ങൻചിറ | അകിലാണം | |
| 3 | കൈതക്കുളം | ഒഴുവത്ര | |
| 4 | നാരായണചിറ | ചാത്തന്നൂർ | |
| 5 | തച്ചംകുളം | കറുകപുത്തൂർ | |
| 6 | സീതക്കുളം | കറുകപുത്തൂർ | |
| 7 | കൂന്നൻകുളം | ചാത്തന്നൂർ | |
| 8 | മുത്തളങ്ങോട്ടുകുളം | ചാത്തന്നൂർ | |
| 9 | മുണ്ടേക്കുന്ന്കുളം | നെല്ലിക്കാട്ടിരി | |
| 10 | പുഞ്ചക്കോട്ട്കുളം | തിരുമിററക്കോട് | |
| 11 | കണിച്ചാത്ത്കുളം | ഇരുങ്കൂററൂർ | |
| 12 | ആഞ്ഞിക്കുളം | നെല്ലിക്കാട്ടിരി | |
| 13 | ഖാറുകാലികുളം | വെള്ളടിക്കുന്ന് | |
| 14 | കതിരക്കോട്ട കുളം | വടക്കേ വെള്ളടിക്കുന്ന് | |
| 15 | ചാത്തൻകുളം | ഇട്ടോണം | |
| 16 | കുന്നംകുളം | ഇട്ടോണം | |
| 17 | ചേനാററ്കുഴി | ഇട്ടോണം | |

| | | |
|---|---|---|
| 18 | കിഴക്കേപ്പാട്ടുകുളം | എഴുമങ്ങാട് |
| 19 | കാക്കക്കുളം | ,, |
| 20 | നീളികുളം | ,, |
| 21 | നെല്ലിക്കുളക്കരകുളം | നെല്ലിക്കാട്ടിരി |
| 22 | അയ്യപ്പൻകാവ് കുളം | ,, |
| 23 | വെള്ളടികുന്ന് അമ്പലക്കുളം | വെള്ളടികുന്ന് |
| 24 | കൊക്കർണികുളം | വെള്ളടികുന്ന് |
| 25 | കിളച്ചകുളം | രായമംഗലം |
| 26 | വാലികുളം | തിരുമിറ്റക്കോട് |
| 27 | കാഞ്ഞികുളം | അകിലാണം |
| 28 | കുളക്കാട്ടുകുളം | അകിലാണം |
| 29 | പുത്തൻകുളം | വടക്കേക്കര |
| 30 | പൊന്നച്ചാംകുളം | അകിലാണം |
| 31 | പുന്നോരകുളം | അകിലാണം |
| 32 | കോരകുളം | അകിലാണം |
| 33 | പൊരിയക്കാവ്കുളം | മതുപ്പുള്ളി |
| 34 | കുണ്ടുകുളം | മതുപ്പുള്ളി |
| 35 | തുപ്പലിക്കുളം | വടക്കേക്കര |
| 36 | കൈപ്പഞ്ചേരിക്കുളം | വടക്കേക്കര |
| 37 | പടിഞ്ഞാനികുളം | |

| ക്രമനമ്പർ | തോടുകൾ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | പരപ്പോതോട് | വടക്കേക്കര |
| 2 | ഒരുപ്പാക്കത്തോട് | മതുപ്പുള്ളി |
| 3 | മുത്തലങ്ങോട് തോട് | ചാത്തന്നൂർ |
| 4 | നാരായണൻചിറത്തോട് | ചാത്തന്നൂർ |
| 5 | പനയംപാടംതോട് | ഇട്ടോണം |
| 6 | കൊരക്കുഴി തോട് | ചെരിപ്പൂര് |
| 7 | തച്ചോതോട് | ഇരുങ്കൂറ്റൂർ |
| 8 | തലപ്പലത്ത് ചിറബന്ധപ്പെട്ട ഒരുപ്പാക്കത്തോട് | അകിലാണം |
| 9 | കാക്കാത്തോട് | അകിലാണം |
| 10 | പൊട്ടിക്കത്തോട് | എഴമങ്ങാട് |
| 11 | മംഗലം തോട് | അകിലാണം |
| 12 | പത്തിലത്തോട് | നെല്ലിക്കാട്ടിരി |

| | | |
|---|---|---|
| 13 | ചേലക്കളംച്ചിറ | എഴുമങ്ങാട് |
| 14 | കക്കായതോട് | ഇരുങ്കൂററൂർ (പെരിങ്കന്നൂർ) |
| 15 | പറപ്പിലത്തോട് | ഇരുങ്കൂററൂർ |
| 16 | പൂക്കോട്ടാൽ കൈത്തോട് | പെരിങ്കന്നൂർ |
| 17 | മെററത്തുപടി തോട് | ഇട്ടോണം |
| 18 | ചോർണിപ്പാല് | പെരിങ്കന്നൂർ |
| 19 | അന്തിമഹാകാളൻ കാവ് തോട് | പെരിങ്കന്നൂർ |
| 20 | കോക്കാട്ട ചിറ | ആറങ്ങോട്ടകര |
| 21 | കുരാടിത്തോട് | ഇട്ടോണം |

## പ്രശ്നങ്ങൾ

1 തിരുമിററക്കോട്ടുള്ള ലിഫ്ററ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല കാലോചിതമായ പുതുക്കലുകളോ അററകുററപ്പണികളോ നടത്തിയിട്ടില്ല.

2 കോഴിക്കോട്ടിരി പാലത്തിനസമീപം നിർമ്മിച്ചിരിക്കുന്ന റഗുലേററർപ്രവർത്തനക്ഷമമല്ല മോട്ടോറുകളും പ്രവർത്തിക്കുന്നില്ല.

3 ഭാരതപ്പുഴയിലെ മണൽവാരൽ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

4 തോടുകളിൽ നിർമ്മിച്ചിരിക്കുന്ന ചിറകളും തിണ്ടുകളും നശിച്ചിരിക്കുന്നു

5 പിറപ്പ് (PIREP) പദ്ധതി വഴി അററകുററപ്പണി നടത്തിയ കുളങ്ങൾ പലതും ഉപയോഗശൂന്യമായിരിക്കുന്നു.

5 സ്വകാര്യ കുളങ്ങൾ പൊതുകുളങ്ങളായി വിട്ടുകിട്ടുന്നതിനുള്ള അസൗകര്യങ്ങൾ പല പ്രദേശങ്ങളിലുമുണ്ട്.

7 മഴവെള്ളം 24 മണിക്കൂറിനുള്ളിൽ ഒഴുകിപ്പോയി പുഴയിൽ ചെന്നു ചേരുന്നതിൽ ജലദൌർലഭ്യം അനുഭവപ്പെടുന്നു.

8 സ്വകാര്യ വ്യക്തികളുടെ കൈയ്യേററം മൂലം തോടു വരമ്പുകളുടെ വണ്ണം [വീതി] വളരെ കുറഞ്ഞിരിക്കുന്നു

## നിർദ്ദേശങ്ങൾ:–

1 തിരുമിററക്കോട് ഗ്രാമ പഞ്ചായത്തിലെ, അകിലാണം, മതുപ്പുള്ളി. ചാഴിയാട്ടിരി, പള്ളിപ്പാടം പ്രദേശങ്ങൾ ഒഴിച്ചുള്ള മുഴുവൻ പാടശേഖരങ്ങളിലുമായി സ്ഥിതിചെയ്യുന്ന തോടുകളു

ടേയും കൈവഴികളുടെയും ഒരു ശൃംഖല രൂപപ്പെടുത്തി കരപ്പുഴയിൽ കോഴിക്കോട്ടിരി തോടിനു താഴെയായി ഒരു തടയണ നിർമ്മിച്ച് മഴക്കാലം കഴിയുന്നതോടെ കഴിയുന്നത്ര വെള്ളം കെട്ടി നിർത്താനുള്ള സംവിധാനം ഉണ്ടാക്കാം.

2 തോടുകളിൽ ഓരോ $\frac{1}{2}$കി. മീ അകലത്തിലും ചിറകെട്ടി മഴക്കാലം അവസാനിക്കുന്നതോടെ ഈ ചിറകൾ അടച്ച് കഴിയുന്നത്ര വെള്ളം സംഭരിച്ച് നിർത്താം. മുണ്ടകൻ വിളയ്ക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നതിനു പുറമേ പ്രദേശത്ത് ജലനിരപ്പ് ഉയർത്തുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടും.

3 തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കുകയും ബണ്ട് ബലം വെയ്പിക്കുകയും ചെയ്യണം. വീതികുറഞ്ഞ തോടുകളുടെ വീതി $2\frac{1}{2}$-3 മീറ്റർ ആയി വർദ്ധിപ്പിക്കുകയും വേണം. കനാൽ ബണ്ടിന് $1\frac{1}{2}$-2 മീറ്റർ വീതി ഉണ്ടായിരിക്കണം.

4 തോടിന്റെ അടിഭാഗത്തിന് വീതികുറഞ്ഞും മുകൾ ഭാഗം വീതികൂടിയും ഉള്ളതരത്തിലായിരിക്കണം. മുകൾ ഭാഗം 3 മീറ്റർ വീതിയുള്ള തോടിന് അടിഭാഗം $1\frac{1}{2}$ മീറ്റർ വീതി അഭികാമ്യം. തോടിന്റെ ഉൾഭാഗം മൂന്നിൽ നാല് ഭാഗം 1 മീറ്റർ ഉയരം വരെ കരിങ്കല്ല് ഇരുവശങ്ങളിൽ പതിച്ച് ബലപ്പെടുത്തുകയും ബാക്കി ഭാഗം മണ്ണുകൊണ്ട് ചെരിച്ച് കെട്ടി കൈത തുടങ്ങിയവ വെച്ചുപിടിപ്പിക്കാൻ ഉപയോഗിക്കുകയും വേണം. കനാൽബണ്ടിനെ തറനിരപ്പിൽ നിന്നും മൂന്നിൽ നാല് ഭാഗം 1 മീറ്റർ ഉയരം വേണം. കനാൽ ബണ്ടിന്റെ പുറംഭിത്തി $\frac{1}{2}$- മൂന്നിൽ നാല് മീറ്റർ ഉയരത്തിൽ കരിങ്കല്ല് ചെരിച്ച് കെട്ടി ബലവത്താക്കണം. കനാൽ ബണ്ടിന്റെ ഓരോ മൂന്നുമീറ്ററിലും തേക്ക്, തെങ്ങ് എന്നിവ പാടശേഖരങ്ങളിലേക്ക് തണൽ വീഴാത്ത രീതിയിൽ വെച്ചുപിടിപ്പിക്കാം. 8-10 വർഷത്തിനുള്ളിൽ നല്ലൊരു സംഖ്യ പഞ്ചായത്തിന് തെങ്ങുകളിൽ നിന്നും വരുമാനമായി ലഭിക്കുന്നതാണ്. തേക്കുകളിൽ നിന്നും 20-25 വർഷത്തിനുള്ളിൽ വളരെ ഭീമമായ സംഖ്യ പഞ്ചായത്തിന് ലഭിക്കാൻ സാധ്യതയുള്ളതാണ്.

5 തോടുകളുടെ ബണ്ടിൽ വളരുന്ന കൈതയോല ഉപയോഗിച്ച് വിവിധങ്ങളായ വസ്തുക്കൾ നെയ്യാൻ ഗ്രാമീണ സ്ത്രീകളെ

പരിശീലിപ്പിക്കാവുന്നതാണ്. കൊട്ട പായ, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിലൂടെ കുടിൽ വ്യാവസായരംഗത്ത് വളരെ വലിയ മുന്നേററമുണ്ടാക്കാൻ കഴിയുന്നതാണ്.

6 തോടുകളുടെ വരമ്പിൽനിന്നും കന്നുകാലികൾക്കാവശ്യമായ തീററപ്പുല്ലുകൾ നല്ലതോതിൽ വളർത്തിയെടുക്കാൻ കഴിയും. മേൽ പ്പറഞ്ഞ തോടുകളിൽ ചിറകൾ നിർമ്മിക്കുന്നസ്ഥലത്ത് തോടിന്റെ ഇരുവശങ്ങളിലേയും പാടശേഖരങ്ങളിലേക്ക് ട്രാക്ടർ പോകാൻ ഉതകുമാറ് പാലങ്ങളും റാമ്പുകളും നിർമ്മിക്കേണ്ടതാണ് ചിറകെട്ടുന്നതിന്റെ ഇരുവശത്തും സുമാർ 6-7 മീററർ നീളത്തിൽ അടിവശത്തും സൈഡുകളിലും കരിങ്കല്ലുകൊണ്ട് കെട്ടേണ്ടതാണ്. ഈ തോടുകളിൽനിന്നും പാടശേഖരത്തിന്റെ എല്ലാ ഭാഗത്തേക്കും എത്താവുന്ന തരത്തിൽ കൈതോടുകൾ അതാതു കൃഷിക്കാരുടെ താൽപര്യത്തിനനുസരിച്ച് നിർമ്മിക്കാവുന്നതാണ്. പ്രസ്തുത തോടുകളുമായി ബന്ധിപ്പിക്കുന്നതരത്തിൽ കുളങ്ങളും കിണറുകളും കഴിക്കാൻ ഓരോ കൃഷി ഉടമയേയും പ്രേരിപ്പിക്കേണ്ടതും അതിന്നാവശ്യമായ വായ്പാ സൗകര്യങ്ങൾ ചെയ്യുകയും വേണം.

## പരിസ്ഥിതി:-

ജലസേചനത്തിനും, കുടിവെള്ളത്തിനും വേണ്ട ജലസമ്പത്ത് ഉണ്ടാക്കിയെടുക്കുന്ന അത്രതന്നെ പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ട കാര്യമാണ് മണ്ണൊലിപ്പ് തടയുന്ന പ്രവർത്തനവും. കുന്നിൻ ചരിവുകളിലെ റബ്ബർ കൃഷിയും മററും മണ്ണൊലിപ്പു തടയുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. കൂടുതൽ ശാസ്ത്രീയമായ രീതിയിൽ പ്ലാററ്ഫോം കെട്ടുന്നതും കയ്യാല കെട്ടുന്നതും വ്യാപകമാക്കണം. വേണ്ട ബോധവൽക്കരണം നടത്തണം.

ഓരോ വെണ്ട്യപ്ലോട്ടിലും വീഴുന്ന മഴവെള്ളം കഴിയുന്നത്ര അതാതു പ്രദേശങ്ങളിൽ തന്നെ താഴാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന വിധത്തിൽ ആവശ്യമായത്ര വരമ്പുകളും തിണ്ടുകളും, കയ്യാലകളും നിർമ്മിക്കാൻ വേണ്ട ബോധവൽക്കരണവും മററു സഹായങ്ങളും ചെയ്യുകയും ലോണുകൾ നൽകുകയും ചെയ്യുക.

ചർച്ചാ ക്ലാസുകളും സെമിനാറുകളും ബോധവൽക്കരണ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുക. പാമ്പിൻകാവുകൾ നിലനി

ർത്താനും കാററിനെ തടക്കുന്ന രീതിയിൽ മരം വെച്ചു പിടിപ്പിക്കാനും ആവശ്യമായ ബോധവൽക്കരണവും സഹായവും ചെയ്യുക

**മൃഗസംരക്ഷണം- മത്സ്യബന്ധനം**

**മൃഗസംരക്ഷണം :-**

കാർഷികവൃത്തിയെ മാത്രം ആശ്രയിച്ച് നിലനിൽക്കുന്ന ഗ്രാമപഞ്ചായത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കന്നുകാലികൾ അതി പ്രധാനമായ ഒരു ഘടകമായിരുന്നു മാറിവരുന്ന സാമ്പത്തിക പ്രവർത്തങ്ങളും കൃഷിരീതികളും, നെൽകൃഷിയുടെ സ്ഥംഭനാവസ്ഥയും, കന്നുകാലി സമ്പത്തിനെ തീരെ ശോഷിപ്പിച്ചുകഴിഞ്ഞു ഉഴവുകാളകളും, പോത്തുകളും വളരെയേറെ കുറഞ്ഞിരിക്കുന്നു- ഒരു വാർഡിൽ രണ്ടോ മൂന്നോ ജോഡികളിൽ കൂടുതൽ ഉഴവുകാളകളോ പോത്തുകളോ ഇല്ല.

വീടുകളിൽ പശുക്കളെ വളർത്തുന്ന ഏർപ്പാടുകൾ കുറഞ്ഞു വരികയാണ്. മുൻകാലങ്ങളിലെപ്പോലെ മേച്ചിൽ സ്ഥലങ്ങൾ ലഭ്യമല്ലാത്തതും പാൽ വിററഴിക്കാൻ വിപണിയില്ലാത്തതും തീററ സാധനങ്ങൾ കിട്ടാനില്ലാത്തതും ഇതിനു കാരണമാണ്. ഓരോ വാർഡിലും '5-8' കുടുംബങ്ങൾ മാത്രമാണ് പാൽവിൽപനക്കായി പശു എരുമ എന്നിവയെ വളർത്തുന്നത് സ്വന്തം ആവശ്യത്തിനു വേണ്ടി മാത്രം പശുക്കളെ വളർത്തുന്ന ഇരുപത്, ഇരുപത്തഞ്ച് കുടുംബങ്ങൾ ഓരോ വാർഡിലും ഉണ്ട്. ആട് വളർത്തൽ വളരെയേറെ കുറഞ്ഞിരിക്കുന്നു. കച്ചവടാടിസ്ഥാനത്തിൽ ആടു വളർത്തുന്ന ഒററകേന്ദ്രമേ പഞ്ചായത്തിനുള്ള. പന്നി, മുയൽ എന്നിവയെ വളർത്തുന്ന കേന്ദ്രങ്ങൾ ഇല്ല. കോഴി വളർത്തലും വളരെയേറെ കുറഞ്ഞിരിക്കുന്നു താറാവ്, കാട എന്നിവയെ ആരും വളർത്തുന്നില്ല.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രി പഞ്ചായത്തിൽ ഉണ്ട്. അത് പഞ്ചായത്തിന്റെ ഒരററമായ ഏഴുമങ്ങാട് ആണ് സ്ഥിതി ചെയ്യുന്നത് ഇതുമൂലം. പഞ്ചായത്തിലെ മുഴവൻ മൃഗങ്ങൾക്കും പ്രസ്തുത ആശുപത്രിയുടെ സേവനം ലഭ്യമാകുന്നില്ല. അതുപോലെ ഈ ആശുപത്രിയിൽ മൃഗഡോക്ടറുടെ സേവനം കൃത്യമായി ലഭിക്കുന്നില്ല മൃഗാശുപത്രി കെട്ടിടം വളരെ ശോചനീയാവസ്ഥയിലാണ്.

## സ്ഥിതിവിവരകണക്കുകൾ

പഞ്ചായത്തിലെ മുഴവൻ മൃഗങ്ങളുടെ സ്ഥിതിവിവരകണക്ക് ലഭ്യമല്ല. ആശുപത്രിയിൽ ചികിത്സക്കെത്തിയ മൃഗങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| | മൃഗം | വർഷം 1996 |
|---|---|---|
| 1 | പശു | 897 |
| 3 | എരുമ | 68 |
| 2 | ആട് | 611 |
| 4 | കോഴി | 1382 |

### പ്രശ്നങ്ങൾ:—

1 മൃഗാശുപത്രി പഞ്ചായത്തിന്റെ ഒരററത്താണ്. അതിനാൽ എല്ലാപ്രദേശത്തും മൃഗാശുപത്രിയുടെ സേവനം ലഭ്യമാകുന്നില്ല. മൃഗാശുപത്രി കെട്ടിടത്തിന്റെ സ്ഥിതി ശോചനീയമാണ്. മൃഗാശുപത്രിയിൽ മൃഗഡോക്ടറുടെ സേവനം ലഭ്യമല്ല.

2 മൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഈ പഞ്ചായത്തിൽ സബ്സിഡി നിരക്കിൽ ലഭ്യമാകുന്നില്ല.

3 അത്യുൽപ്പാദനശേഷിയുള്ള പശുക്കൾ ഈ പഞ്ചായത്തിൽ വളരെ കുറച്ച് മാത്രമേ ഉള്ളൂ.

4 പാലും പാലുല്പന്നങ്ങളും വിററഴിക്കാൻ ആവശ്യമായ സൗകര്യം ഇല്ല

5 ഈ പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാൻറുകൾ വേണ്ടത്ര ഇല്ല.

6 പുല്ലുകൃഷി നടത്തുന്നവർ ഈ പഞ്ചായത്തിൽ ഇല്ല.

7 ഇറച്ചികോഴി, മുട്ടകോഴിവളർത്തൽ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല.

8 കന്നുകാലികൾക്ക് വേണ്ടരീതിയിലുള്ള രോഗപ്രതിരോധ കുത്തിവെയ്പുകൾ നടത്താനുള്ള സൗകര്യം ഇല്ല.

9 മുയൽ വളർത്തൽ കേന്ദ്രങ്ങൾ നിലവിലില്ല

10 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം ഗുരുതരമാണ്.

### നിർദ്ദേശങ്ങൾ:—

1 പഞ്ചായത്തിൽ നിലവിലുള്ള മൃഗസംരക്ഷണ കേന്ദ്രത്തിനു പുറമേ ഒന്നോ രണ്ടോ കേന്ദ്രങ്ങൾകൂടി സ്ഥാപിക്കുക.

2 മൃഗാശുപത്രിയിൽ ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കുക

3 മൃഗങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നടപ്പിലാക്കുക.

4 അത്യുല്പാദന ശേഷിയുള്ള പശുക്കളെ വായ്പാ അടിസ്ഥാനത്തിൽ വിതരണം ചെയ്യുക. സങ്കരജനം പശുക്കളെ വളർത്താനാവശ്യമായ ബോധവൽക്കരണം നടത്തുക.

5 പഞ്ചായത്തിലെ രണ്ടു വാർഡുകൾ വീതം ഉൾപ്പെടുന്ന രൂപത്തിൽ പാൽ സംഭരിക്കാനുള്ള സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6 ഗോബർഗ്യാസ് പ്ലാൻറുകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ഇവ സ്ഥാപിക്കുന്നതിനാവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക

7 കന്നുകാലികൾക്കാവശ്യമായ തീററപ്പുല്ല് ഉൽപാദിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുകയും ഇതിനനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അവിടെ തീററപ്പുൽ കൃഷി നടത്തുന്നതിനുവേണ്ടി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.

8 ഇറച്ചിക്കോഴി, മുട്ടക്കോഴികളെ വളർത്താൻ പഞ്ചായത്തിൽ സാമ്പത്തിക സഹായവും പ്രോൽസാഹനവും നൽകുക.

9 പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘങ്ങളായി ഒരോ വാർഡിനേയും കേന്ദ്രീകരിച്ച് മൃഗങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ നടത്താനുള്ള സൗകര്യം ഉണ്ടാക്കുക.

10 മുയൽവളർത്തൽ കേന്ദ്രം ആരംഭിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകിയാൽ അത് ആദായകരമായ ഒരു തൊഴിലായി മാററിയെടുക്കാൻ കഴിയും.

11 അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെപിടിച്ച് നശിപ്പിക്കാൻ ജനകീയ കമ്മിററികൾ മുഖേന പരിപാടികൾ തയ്യാറാക്കുക. വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കുക

12 മൃഗാശുപത്രിയുടെ അററകുററ പണികൾ അടിയന്തിരമായി നടത്തുക.

**മൽസ്യബന്ധനം:-**

ഉൾനാടൻ മൽസ്യസമ്പത്ത് ഇല്ലാതായി. തോടുകളിൽ വെള്ളം കെട്ടിടിൽക്കുന്നില്ല. ഭാരതപ്പുഴയിലെ വെള്ളം വളരെപ്പെട്ടെന്ന് ഒഴകിപ്പോകുന്ന പുഴമൽസ്യം അപൂർവ്വമായിരിക്കുന്നു. മൽസ്യം വളർത്തുന്ന കേന്ദ്രങ്ങൾ ഇല്ല. സ്വകാര്യ കുളങ്ങളിലും മത്സ്യം വളർത്തുന്ന ഏർപ്പാട് ഇല്ല മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ആരും തന്നെയില്ല എന്നുതന്നെ പറയാം. കുളങ്ങൾ വററുന്ന അവസരത്തിലും കുളങ്ങൾ ഒഴുകുന്ന അവസരത്തിലും മാത്രമാണ് മീൻപിടുത്ത് നടക്കുന്നത്. അത്‌വളരെ നാമമാത്രമായ പ്രവർത്തനം മാത്രമാണ് വീശുവലകളും, കോരുവലകളും, കുരുത്തികളും മററുമുള്ള രണ്ടു മൂന്നുപേർ ഓരോ വാർഡിലും ഉണ്ട്.

**പ്രശ്നങ്ങൾ -**

1 ഉൾനാടൽ മത്സ്യ സമ്പത്ത് ഇല്ലാതായിരിക്കുന്നു.

2 മത്സ്യബന്ധനം മുഖ്യ തൊഴിലാക്കിയ തൊഴിലാളികൾ ഈ പഞ്ചായത്തിലില്ല. മത്സ്യവില്പന നടത്തുന്നവർ മാത്രമേ ഉള്ളൂ

3 മത്സ്യവ്യാപാരം നടത്താനുള്ള മാർക്കററ് പഞ്ചായത്തിൽ നിലവിലില്ല.

4 ചെറിയ തോതിലുള്ള മത്സ്യ കച്ചവടക്കാർക്ക് ബാക്കി വരുന്ന മത്സ്യാവശിഷ്ടങ്ങൾ ഒഴക്കുവാനുള്ള ഒരു പ്രത്യേക സ്ഥലം പഞ്ചായത്തിൽ ഇല്ല അതിനാൽ ഇവ പഞ്ചായത്തിന്റെ വിവിധ ഭാഗത്തുള്ള റോഡരികിൽ ചീഞ്ഞ് ദുർഗന്ധം പരത്തുന്നു.

5 കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ താല്പര്യമുള്ളവർക്ക് മത്സ്യ കുഞ്ഞുങ്ങളെ കിട്ടാത്തതും ശാസ്ത്രീയമായ രീതിയിൽ മത്സ്യകൃഷി നടത്താൻ അറിവില്ലാത്തതും ഒരു പ്രശ്നമാണ്.

**നിർദ്ദേശങ്ങൾ:-**

1 പഞ്ചായത്തിന്റെ ഏതെങ്കിലും ഒരു കേന്ദ്രത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു മത്സ്യ മാർക്കററും ബാക്കി വരുന്ന അവശിഷ്ടങ്ങൾ തള്ളാനുള്ള സൗകര്യവും ചെയ്യണം.

2 ശാസ്ത്രീയ മത്സ്യ കൃഷിയെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

3 പഞ്ചായത്തുകുളങ്ങളിൽ മത്സ്യകൃഷി നടത്താൻ ഏർപ്പാടുണ്ടാക്കണം.

4 പഞ്ചായത്തിലെ പുഴയോരഭാഗത്ത് തടയണകെട്ടി വെള്ളം സംഭരിച്ച് വ്യാപകമായി മത്സ്യകൃഷി വാണിജ്യ അടിസ്ഥാനത്തിൽ നടത്താൻ സൗകര്യമുണ്ടാക്കണം.

5 പൊതുകുളങ്ങൾ മത്സ്യകൃഷി നടത്താൻ രണ്ടോ, മൂന്നോ വർഷത്തേക്ക് ലേലത്തിൽ നല്കുക

6 തോടുകൾ താഴ്ത്തി വിപുലപ്പെടുത്തിയും, ചിറകെട്ടിയും മത്സ്യം വളരാനുള്ള സൗകര്യമുണ്ടാക്കുക

7 നെല്ലിക്കാട്ടിരിയിലുള്ള ചതുപ്പുകലർന്നപാടം മത്സ്യകൃഷിക്ക് ഉപയുക്തമാക്കാൻ സ്വകാര്യവ്യക്തികളെ പ്രേരിപ്പിക്കുക

**കുടിവെള്ളം:-**

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 5368 വീടുകളുള്ളതിൽ 4500 ഓളം വീടുകളിൽ കിണറുകൾ ഉണ്ട്. ജനുവരിമാസം മുതൽ ഈ പഞ്ചായത്തിൽ കടുത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പ്രത്യേകിച്ചും ഹരിജനങ്ങളും മററു വിഭാഗങ്ങളും തിങ്ങിപാർക്കുന്ന മേഖലകളിൽ കടുത്ത കുടിവെള്ളക്ഷാമമുണ്ട്.

വർഷകാലങ്ങളിൽ 75% ത്തോളം ജനങ്ങൾ സ്വന്തം കിണറുകൾ കുടിവെള്ളം ലഭിക്കാൻ ഉപയോഗിക്കുന്നുണ്ട്. എന്നാൽ വേനൽ കാലത്ത് 30% ത്തോളം ജനങ്ങൾക്കുമാത്രമേ സ്വന്തം കിണറുകൾ കുടിവെള്ളം ലഭിക്കാൻ ഉപകാരപ്രദമാകുന്നു ഈ പഞ്ചായത്തിന്റെ പരിധിയിൽ പഞ്ചായത്തു കിണറുകളായി 45 എണ്ണവും കുഴൽകിണറുകളായി 27 എണ്ണവും ഉണ്ട്. ഇതിൽ കുഴൽ കിണറുകളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമാണ് പഞ്ചായത്തു കിണറുകളും ഇതിൽ നിന്നും വ്യത്യസ്ഥമല്ല. ചില പ്രദേശങ്ങളിലെ ജനങ്ങൾക്ക് വളരെ ദൂരം നടന്നതിന് ശേഷമേ വേനൽകാലത്ത് കുടിവെള്ളം ലഭ്യമാകൂ. പ്രദേശങ്ങൾ പലതും ചരിഞ്ഞവ ആയതിനാൽ മഴ വെള്ളം ഭൂമിയിൽ താഴ്ന്നിറങ്ങാൻ സൗകര്യമില്ല. ഭൂരിഭാഗം വെള്ളവും ഒഴുകിപോവുകയാണ് ചെയ്യുന്നത് ലത്വലാൻറ് ഗവ: സാമ്പത്തിക സഹായത്തോടെ നടപ്പിൽ വരുത്തുന്ന പൊവർട്ടി ശുദ്ധ ജലവിതരണ പദ്ധതിയിൽ ഈ പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതി ഇതുവരെയും കമ്മീഷൻ ചെയ്തിട്ടില്ല. കമ്മീഷൻചെയ്താൽ ഭൂരിഭാഗം പ്രദേശത്തും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെങ്കിലും ചില പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ എത്താത്തതു കൊണ്ട് ജലം ലഭ്യമാകില്ല ജലലഭ്യത കൂടുതലുള്ള കിണറുകളിൽ

നിന്നു് വെള്ളം ശേഖരിച്ച് പരിസര പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പ്രാദേശികമായി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

പാവർട്ടി പദ്ധതിപ്രകാരം പഞ്ചായത്തിൽ വെള്ളം സപ്ലൈ ചെയ്യുന്നതിനുള്ള ടാങ്ക് ചാത്തനൂരിൽ പണി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വെള്ളം പമ്പുചെയ്യേണ്ട കിണർ ഭാരതപ്പുഴയിൽ വരണ്ടറ്റി കടവിന് സമീപമാണ് നിർമ്മിക്കുന്നത്. പ്രസ്തുത കിണറിൽ നിന്നും പഞ്ചായത്തിന് ആവശ്യമായ മുഴുവൻ വെള്ളവും ലഭിക്കുമോ എന്ന് വ്യക്തമല്ല. പ്രാദേശികമായും ജല ലഭ്യതയും കുഴൽകിണറുകളിൽ നിന്നുള്ള ജലലഭ്യതയും ഇടവിട്ട് ഇട്ടവിട്ട് എന്ന നിലയിൽ വികസിപ്പിച്ച് എടുക്കേണ്ടതാണ്.

ഏഴുമങ്ങാട് പ്രദേശത്ത് 3 കുന്നുകൾ, ത്രക്കാരംകുന്ന്, തോരക്കുന്ന്, പാലംപറക്കുന്ന് എന്നിവ പരസ്പരം ബന്ധപ്പെട്ട കിടക്കുന്നവയാണ്. തോരകുന്നിനേയും പാലംപററ കുന്നിനേയും എർത്ത്ഡാം കൊണ്ട് ബന്ധിപ്പിച്ചാൽ ഒരു കൃത്രിമ തടാകം നിർമ്മിക്കാനും വളരെയേറെ വെള്ളം സംഭരിക്കാനും കഴിയും.

മഴക്കാലത്ത് മഴവെള്ളം മണ്ണിലേക്ക് താഴ്ന്നിറങ്ങാനാവശ്യമായ കൈയ്യാലകളുടെയും വരമ്പുകളുടെയും നിർമ്മാണവും ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുന്ന പരിപാടിയും ബോധവൽക്കരണവും വളരെ വ്യാപകമായ തോതിൽ നടത്തേണ്ടതുണ്ട്. റബർ കൃഷിചെയ്യുന്ന കുന്നിൻചെരിവുകളിൽ മാത്രമാണ് കയ്യാലകെട്ടുന്ന പരിപാടിയും പ്ലാററ്ഫോം കെട്ടുന്ന ഏർപ്പാടും നിലവിലുള്ളത്.

## പ്രശ്നങ്ങൾ

1 പാവർട്ടി പദ്ധതി കമ്മീഷൻ ചെയ്യാൻ വിവരണാധീതമായ കാലതാമസം എടുക്കുന്നു. പദ്ധതി കമ്മീഷൻ ചെയ്താൽ തന്നെ പൈപ്പുകൾ മുഖേന വെള്ളമെത്താത്ത പ്രദേശങ്ങൾ ഒട്ടനവധിയുണ്ട്.

2 പഞ്ചായത്തുകിണറുകളിൽ പലതും ശോചനീയമായ അവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. സംരക്ഷണചുമരുകൾ മുക്കാൽ ഭാഗത്തിനും ഇല്ല. ഉള്ളവതന്നെ ഇടിഞ്ഞു പൊളിഞ്ഞിരിക്കുന്നു.

3 കുഴൽകിണറുകൾ പലതും റിപ്പയർ ചെയ്യേണ്ടതായിട്ടുണ്ട്. റിപ്പയർ ചെയ്തവതന്നെ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല

4 മഴവെള്ളം ഭൂമിയിൽ തന്നെ താഴ്ന്നുപോകുന്ന പ്രവണത ഇല്ല ഒഴുകിപോവുകയാണ് ചെയ്യുന്നതാണ്.

5 കുടിവെള്ളം ശുചിയായി സൂക്ഷിക്കുന്നതിനുള്ള പരിപാടികളും, പരിസര ശുചീകരണത്തിനുള്ള ബോധവൽക്കരണവും വേണ്ടത്ര ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ:-

1 ജല ലഭ്യത കൂടുതലുള്ള കിണറുകളിലെ ജലം ടാങ്കുകളിൽ സംഭരിച്ച് പൈപ്പുകൾ വഴി പരിസര പ്രദേശങ്ങളിലെ ജല ദൗർലഭ്യം പരിഹരിക്കാൻ കഴിയും

2 ജനങ്ങളുടെ സഹകരണത്തിലൂടെ പല കിണറുകളും വൃത്തിയാക്കിയും ജല ലഭ്യമാക്കിയും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

3 ചരിഞ്ഞ പ്രദേശങ്ങളെ തട്ടുകളായി തിരിച്ചും പുഴയിൽ തടയണകൾ കെട്ടിയും പരിസര പ്രദേശങ്ങളിലെ ജല ലഭ്യത വർദ്ധിപ്പിക്കാൻ കഴിയും.

4 ബോധവൽക്കരണത്തിലൂടെ കുടിവെള്ളം ശുചിയായി സംരക്ഷിക്കാൻ ജനങ്ങളെ പ്രാപ്തരാക്കാം.

5 ഉക്കാരംകുന്ന് പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുതപദ്ധതി മുഖേനയും പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കാൻ കഴിയും.

6 പൊതുടാപ്പുകൾ സ്ഥാപിക്കുമ്പോൾ പ്രാദേശിക കമ്മററികൾ മുഖേന പ്രസ്തുത ടാപ്പുകൾ സ്ഥാപിക്കുകയും പ്രസ്തുത ടാപ്പിനെ വർഷംതോറും കൊടുക്കേണ്ടപണം സംഭാവനയായി പിരിച്ചു കൊടുക്കുകയും ചെയ്യുക.

**പൊതുജനാരോഗ്യം-**

രോഗം വന്നാൽ ചികിൽസിക്കുന്ന ഏർപ്പാട് പൊതുവെ നില നിൽക്കുന്നുണ്ട് ആധുനിക വൈദ്യശാസ്ത്രത്തിൻെറ സേവനം പഞ്ചായത്തിൽ ഒരു P.H.C. 4 സബ്സെൻററുകൾ എന്നിവ മുഖേന ഗ്രാമ പഞ്ചായത്തിൽ ലഭ്യമാണ്. ഗ്രാമപഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി ഒരു ആസ്പത്രിയും 3 ക്ലിനിക്കുകളും 4 അലോപ്പതി മെഡിക്കൽ ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള ആയുർവ്വേദ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയുർവ്വേദ മരുന്നു വിൽക്കുന്ന 10 കടകൾ പഞ്ചായത്തിലുണ്ട്. നാലു ആയുർവ്വേദ ഡോക്ടർമാരുടെ സേവനം ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. പത്തിലധികം പാരമ്പര്യ വൈദ്യന്മാരുടെ സേവനവും ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

ചിൽസാ ചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടെങ്കിലും ആധുനിക വൈദ്യശാസ്ത്രത്തിൻെറ സന്തതിയായ 'സ്പെഷലൈസേഷൻ ഭ്രമം' സാധാരണ ജനങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു ചെറിയ അസുഖത്തിനുപോലും സ്പെഷലിസ്ററിനെ കൺസൾട്ട് ചെയ്യുക എന്നത് ജീവിത രീതിയായി കൊണ്ടിരിക്കുന്നു.

സർക്കാർ ഉടമസ്ഥതയിലുള്ള P.H.C.യിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൌകര്യം ഇല്ല. ഒരു വർഷത്തിലേറെ കാലമായി P. H. C. യിൽ മെഡിക്കൽ ഓഫീസർ ഇല്ല X-ray യൂണിററ് Labour Room എന്നിവയും രക്ത പരിശോധനയ്ക്കുള്ള സൌകര്യവും ഇല്ല.

വയറിളക്കവും പനിയും തക്ക് രോഗങ്ങളും മററും സാധാരണയായി ഉണ്ടാകുന്ന രോഗങ്ങളാണ് പരിസര ശുചിത്വത്തിൻെറയും കുടിവെള്ള ശുചിത്വത്തിൻെറയും വദന ശുചിത്വത്തിൻെറയും കാര്യത്തിൽ പൊതുവെ വളരെ പിന്നിലാണ്. വ്യക്തി ശുചിത്വത്തിൻെറ കാര്യത്തിൽ കുറെയേറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും മുന്നോട്ട പോകേണ്ടതുണ്ട്.

ഭക്ഷണാവശിഷ്ടങ്ങളും മററു മാലിന്യങ്ങളും വീടിൻെറ പരിസരത്തു തന്നെ അലക്ഷ്യമായി ഇടുന്ന പ്രവണത പൊതുവെയുണ്ട് കച്ചവടകേന്ദ്രങ്ങളിൽ എല്ലാവിധ മാലിന്യങ്ങളും റോഡിലേക്ക് തള്ളിവിടുന്ന ഏർപ്പാട് നിലനിൽക്കുന്നു.

കിണറുകളാണ് പ്രധാന കുടിവെള്ള സ്രോതസ്സ്. കിണറുകൾ ആറാമറകെട്ടിയും മുകൾഭാഗം വലകെട്ടിയും സുരക്ഷിതമാക്കുന്ന ഏർപ്പാട് വളരെ കുറച്ചുമാത്രമേയുള്ളു വെള്ളം തിളപ്പിച്ചുപയോഗിക്കുന്ന ശീലം വളരെ കുറച്ച് ആളുകൾക്ക് മാത്രമേയുള്ളു.

വീടുകളുടെ പരിസരത്തിൽ ചളിവെള്ളം കെട്ടി നില്ക്കുകയു, ചപ്പുചവറുകൾ കുന്നുകൂടികിടക്കുകയും മററും ചെയ്യുന്നതുകൊണ്ട് കൊതുകുശല്യം വളരെ കൂടുതലാണ്. ചാണകക്കുഴികൾ വൃത്തിയായി സൂക്ഷിക്കാത്തതുകൊണ്ടും കൊതുകുശല്യം വല്ലാതെ വർദ്ധിക്കുന്നുണ്ട്.

പഞ്ചായത്തിൽ മൊത്തം 2154 കുടുംബങ്ങൾക്ക് പ്രാഥമിക ആവശ്യം നിറവേററാനുള്ള കക്കൂസ് സൌകര്യം ഇല്ല. പരിസര ശുചിത്വത്തിന് വളരെ വലിയ ഒരു വെല്ലുവിളിയിലാണ് ഈ പ്രശ്നമുയർത്തുന്നത്.

അലഞ്ഞുനടക്കുന്ന നായ്ക്കളുടെ ബാഹുല്യം വളരെ കൂടുതലാണ്. പൊതുജനാരോഗ്യത്തിന് കാര്യമായ ഭീഷണി ഉയർത്തുന്ന പ്രശ്നമാണിത്.

പോഷകാഹാരം എന്ന ആശയമൊന്നും സാധാരണ ജനങ്ങളിലേക്ക് എത്തിയിട്ടില്ല. അതിന്നാവശ്യമായ സാമ്പത്തിക സ്ഥിതിയും സാധാരണ ജനങ്ങൾക്കില്ല. പരസ്യങ്ങളിൽ ആകൃഷ്ടരായി പലവിധ സാധനങ്ങളും വാങ്ങിക്കഴിക്കുന്ന ശീലം ജനങ്ങളിൽ വളർന്നുവരുന്നുണ്ട്

ജനങ്ങൾ തിങ്ങിപാർക്കുന്ന കുറെയേറെ കേന്ദ്രങ്ങൾ ഉയർന്നുവന്നിട്ടുണ്ട് ശവശരീരം മറവു ചെയ്യാൻ ആവശ്യമായ സ്ഥലം പല കുടുംബങ്ങൾക്കുമില്ല പൊതുശ്മശാനത്തിനുവേണ്ടി പഞ്ചായത്ത് വാങ്ങിയ സ്ഥലം പ്രസ്തുത ഉപയോഗത്തിനുവേണ്ടി ഉപയുക്തമാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുക.

**പ്രശ്നങ്ങൾ:-**

1 സർക്കാർ ആശുപത്രിയിൽ കുറെ കാലമായി ഡോക്ടർ ഇല്ല.

2 ആവശ്യമായ മരുന്നും കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും ആശുപത്രിയിൽ ഇല്ല.

3 ആശുപത്രിക്ക് ആവശ്യമായകെട്ടിടവും ചുററുമതിലുകളും വെള്ളം മുതലായ സൗകര്യവും ഇല്ല.

4 പുതുങ്ങിയ ചെലവിൽ ആയുർവ്വേദ മരുന്നുകൾ കിട്ടാനില്ല ഔഷധ സസ്യങ്ങൾ നശിച്ചുപോയിക്കൊണ്ടിരിക്കുന്നു.

5 വിഷ ചികിൽസക്കുള്ള സൗകര്യം ഇല്ല

6 ഹോമിയോപ്പതി ചികിൽസ പഞ്ചായത്തിൽ ലഭ്യമല്ല.

7 പരമ്പരാഗത വൈദ്യന്മാരുടെ അറിവും പരിചയവും പലപ്പോഴും അന്യം നിന്നും പോകുന്നു.

8 ഉഴിച്ചിൽ വിദഗ്ദ്ധന്മാരുടെ സേവനം ലഭ്യമല്ലാതായിരിക്കുന്നു.

**നിർദ്ദേശങ്ങൾ:-**

1 പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കാൻവേണ്ടി എല്ലാ കുടുംബത്തിലും കക്കൂസ് സൗകര്യം ഉറപ്പുവരുത്തുക.

2 പൊതുസ്ഥലത്ത് Public comfort station സ്ഥാപിക്കുക.

3 ചപ്പുചവറുകളും മാലിന്യങ്ങളും പൊതു സ്ഥലങ്ങളിൽ നീക്കം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം. അത്തരം മാലിന്യങ്ങൾ ഉപയോഗപ്രദമായ രീതിയിൽ സംസ്കരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അത്തരം മാലിന്യങ്ങൾ ഉപയോഗപ്രദമായ രീതിയിൽ സംസ്കരിച്ചെടുക്കാനുള്ള സാങ്കേതിക സഹായം കണ്ടെത്തുക.

4 കൊതുക് ഈച്ച എന്നിവയെ നിയന്ത്രിക്കാനായി സംവിധാനം ഉണ്ടാക്കുക.

5 റോഡുകളും ഇരുഭാഗത്തുമുള്ള കാനകളും വൃത്തിയാക്കി വെക്കുന്ന സംവിധാനം ഉണ്ടാക്കുക.

6 പൊതുസ്ഥലങ്ങളിലെ മലിനീകരണം തടയുന്നതിനായി ജനങ്ങളെ ബോധവാന്മാരാക്കുക.

7 വ്യാപാരകേന്ദ്രങ്ങളിൽ മാംസം, മൽസ്യം പച്ചക്കറി എന്നിവ വിപണനം ചെയ്യുന്നതിന് പ്രത്യേകം മാർക്കററുകൾ സ്ഥാപിക്കുക. അവ നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുവാനുള്ള സംവിധാനം ഉണ്ടാക്കണം

8 പൊതുജനാരോഗ്യത്തെ കുറിച്ചുള്ള ചർച്ചകളും സെമിനാറും സംഘടിപ്പിക്കുക.

9 P.H.C.യുടെ കെട്ടിടം വിപുലീകരിക്കുക, സ്ത്രീവാർഡ് പുരുഷ വാർഡ് എന്നിവ പണിയുക, രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. X-ryaയുടെ യൂണിററ് സ്ഥാപിക്കുക. Blood Bank സ്ഥാപിക്കുക. ലാബ് സൗകര്യങ്ങൾ

ഏർപ്പെടുത്തുക. ആവശ്യമായ ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുക. അസ്പത്രി കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക Dental clincc സ്ഥാപിക്കുക.

10 ആയുർവ്വേദ ആസ്പത്രിക്ക് സ്വന്തമായ കെട്ടിടം പണിയുക. ആയുർവ്വേദ ചികിത്സാരംഗത്ത് വേണ്ടത്ര പ്രചരണം കൊടുക്കുക ഔഷധതോട്ടം മുതലായവ വെച്ചു പിടിപ്പിക്കുവാൻ വേണ്ടത്ര ശ്രമങ്ങൾ നടത്തുക വിഷ ചികിത്സാ ശാസ്ത്ര, സ്ഥാപിക്കുക വിഷ ചികിൽസാരംഗത്തു ആയുർവ്വേദ അലോപ്പതി ഹോമിയോ രീതികളെ സമന്വയിപ്പിച്ച് കൊണ്ട് വിഷ ചികിൽസക്ക് വേണ്ട കേന്ദ്രം സ്ഥാപിക്കുക. പാരമ്പര്യ വൈദ്യന്മാരെയും ചികിൽസാ രീതിയേയും പ്രോൽസാഹിപ്പിക്കുക.

11 സോഷ്യൽ & പ്രിവൻറീവ് മെഡിസിൻെറ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.

12 ഓരോ വാർഡിലും രക്ത നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് രക്ത ദാനത്തെക്കുറിച്ച് ബോധവാൻമാരാക്കുക

13 സന്നദ്ധ സംഘടനകളെയും പൊതു പ്രവർത്തകരെയും ഉൾപ്പെടുത്തി രക്തം ദാനം ചെയ്യാൻ തയ്യാറുള്ളവരുടെ ലിസ്ററ് തയ്യാറാക്കുക

14 നേത്രദാനത്തെക്കുറിച്ചുള്ള സെമിനാറും ബോധവൽക്കരണവും നടത്തുക. പഞ്ചായത്തുതലത്തിൽ ഒരു നേത്ര ദാന ക്ലബ് സംഘടിപ്പിക്കുക.

15 ത്വക്ക് രോഗ നിർണ്ണയക്യാമ്പ് സംഘടിപ്പിക്കുക.

16 പേപ്പട്ടി വിഷബാധ തടയുന്നതിന് വേണ്ടി അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ച് നശിപ്പിക്കുക. വളർത്തു നായകൾക്ക് പ്രതിരോധകുത്തിവെപ്പുകൾ നിർബന്ധമാക്കണം

17 മുലയൂട്ടുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ച് അമ്മമാരെ ബോധവതികളാക്കുക.

18 പഞ്ചായത്തിൻെറ എല്ലാ പ്രധാന കേന്ദ്രങ്ങളിലും അടിയന്തിര വൈദ്യസഹായലഭ്യത ഉറപ്പുവരുത്തുക

19 മദ്യം. മയക്കുമരുന്ന് പുകയില എന്നിവയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

20 പൊതു ജനാരോഗ്യത്തെക്കുറിച്ച് ജനങ്ങളെ Documants ം പ്രദർശിപ്പിക്കുക

21 സമയാസമയങ്ങളിൽ പ്രതിരോധകുത്തിവെപ്പു നടത്തി പകർച്ച വ്യാധികൾ തടയുന്നതിൻവേണ്ട സംവിധാനം ഉണ്ടാക്കണം

22 പഞ്ചായത്ത് തലത്തിൽ പരിസരശുചീകരണത്തിന് സ്വീപ്പർമാരെ നിയമിക്കുക.

23 പൊതു ശ്മശാനം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

24 ഹോമിയോ പ്രകൃതിചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കുക.

25 ഹെൽത്ത് ക്ലബ്ബ് സ്ഥാപിക്കുക.

26 ലപ്രസിഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനത്തെ സഹായിക്കുക M.D.T. [Multi Drug Treatment] ന് വിധേയമാകുന്നവരുടെ
പ്രത്യേക ലിസ്റ്റ് തയ്യാറാക്കുക. രോഗം പകരാൻ സാദ്ധ്യതയുള്ള മേഖലകളെ പ്രത്യേക പരിഗണനയിലെടുക്കുക.

27 Aids S.T.D. [Sexualiy tramsmitted Decies] മററു സാംക്രമിക രോഗങ്ങൾ എന്നിവ പകരാതിരിക്കാനാവശ്യമായ ബോധവൽക്കരണ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക

28 സ്കൂളുകളിൽ കാലാകാലങ്ങളിൽ വൈദ്യപരിശോധനക്യാമ്പുകൾ സംഘടിപ്പിക്കുക. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി ആരോഗ്യസെമിനാറുകൾ സംഘടിപ്പിക്കുക.

## വ്യവസായം

തിരുമിററക്കോട് ഗ്രാമപഞ്ചായത്ത് വ്യവസായ മേഖലയിൽ വളരെയധികം പിന്നോക്കാവസ്ഥയിലാണ്. ഈ പഞ്ചായത്തിലെ വ്യവസായ യൂണിററുകളുടെ കണക്കുകൾ പരിശോധിച്ചാൽ വളരെ ശോചനീയമായ സ്ഥിതിയാണ് കാണാൻ കഴിയുന്നത്.

പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ വൻകിട, ഇടത്തരം വ്യവസായങ്ങൾ ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിലില്ല. കണക്കുകൾ പരിശോധിക്കുമ്പോൾ ഏതാനും മരമില്ലുകളും, നെല്ലുകുത്തുമില്ലുകളും, ഇഷ്ടികനിർമ്മാണ യൂണിററുകളും, ഓയിൽ മില്ലുകളും, ചെറുകിട ഓട്ടോ മോബൈൽ, ചെറുകിട ഇലക്ട്രിക് വർക്ക് ഷോപ്പുകളും ഒന്നോ രണ്ടോ റെഡിമെയ്ഡ് യൂണിററുകളും മാത്രമായി പഞ്ചായത്തിന്റെ വ്യാവസായിക രംഗം ഒതുങ്ങിനിൽക്കുന്നു. തൊഴിൽ പരിശീലന രംഗത്താകട്ടെ ഒരു ഖാദി നെയ്ത്ത് പരിശീലന കേന്ദ്രവും T.G.M.T. സെൻററും മാത്രമാണ് നമുക്ക് ലഭിച്ചിട്ടുള്ളത്.

പരമ്പരാഗത മേഖലയിൽ ഒരു കൊട്ടനെയ്ത്ത് കേന്ദ്രത്തിലും, ബീഡിതെറുപ്പ് മേഖലയിലും, ടൈലറിങ്ങ് മേഖലയിലും കുറച്ചു പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

DWCRA, ട്രൈസം പദ്ധതി കീഴിൽ കുറച്ചു പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

### DWCRA പദ്ധതിക്കീഴിൽ പരിശീലനം ലഭിച്ചവർ

| | | | |
|---|---|---|---|
| 1. | ബുക്ക് ബൈൻറിങ്ങ് | ... | 11 പേർ |
| 2. | റൈസ് പ്രോസസിങ്ങ് | ... | 14 ,, |
| 3. | ജെല്ലി മെയ്ക്കിങ്ങ് | ... | 10 ,, |
| 4. | മുളപ്പണി | ... | 15 ,, |
| 5. | കട നിർമ്മാണം | ... | 15 ,, |

### ട്രൈസം പദ്ധതിയുടെ കീഴിൽ പരിശീലനം ലഭിച്ചവർ

| | | | |
|---|---|---|---|
| 1. | T.V., V.C.R. റിപ്പയറിങ്ങ് | ... | 6 |
| 2. | ഖാദി നെയ്ത്ത് | ... | 7 |

3. മരപ്പണി ... 3
4. വയർമാൻ ... 1
5. ടൈലറിങ്ങ് ... 6

*പീഡിത വ്യവസായങ്ങൾ*

*1. ബുക്ക് ബൈൻറിങ്ങ് യൂണിററ്/നോട്ട് ബുക്ക് നിർമ്മാണം*

D W C R A. പദ്ധതിയിലൂടെ 11 പേരുടെ ഒരു യൂണിററ് പ്രവർത്തിച്ചിരുന്നത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. വിപണന സൗകര്യകുറവായിരുന്നു പ്രവർത്തനം നിലക്കാൻ കാരണം. ഇതിനു പരിഹാരമായി പഞ്ചായത്തിലുള്ള സ്കൂളുകളിൽ ഇവിടെ നിർമ്മിക്കുന്ന പുസ്തകങ്ങൾ വില്പന നടത്താൻ കഴിഞ്ഞാൽ ഈ യൂണിററ് ലാഭകരമാക്കാൻ കഴിയും.

2. D W C R A പദ്ധതിയുടെ കീഴിൽ കട നിർമ്മാണത്തിന് 15 പേർക്ക് പരിശീലനം ലഭിച്ച ഒരു യൂണിററ് ആരംഭിച്ചിരുന്നു. വിപണി കണ്ടെത്താൻ കഴിയാത്തതുകൊണ്ട് ഈ യൂണിററും പ്രവർത്തിക്കുന്നില്ല. വിപണന സൗകര്യം ലഭിച്ചാൽ ഈ യൂണിററും നല്ല നിലയിൽ നടത്താൻ കഴിയും

*തൊഴിൽ പരിശീലനം ലഭിക്കേണ്ട മേഖലകൾ*

1. ഇലക്ട്രോണിക്സ്
2. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ
3. അടക്ക സംസ്ക്കരണ യൂണിററ്
4. കൊപ്ര സംസ്ക്കരണം
5. സോപ്പ് നിർമ്മാണം
6. ചന്ദനത്തിരി നിർമ്മാണം
7. മെഴുകുതിരി നിർമ്മാണം
8. ബേക്കറി, അച്ചാർ നിർമ്മാണം
9. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം
10. കരകൗശല വസ്തുക്കളുടെ നിർമ്മാണം
11. മുള കൊണ്ടുള്ള കയററുമതി ഉൽപ്പന്നങ്ങൾ

## പുതുതായി തുടങ്ങേണ്ട വ്യവസായ യൂണിററുകൾ

### 1. പരമ്പരാഗത വ്യവസായങ്ങൾ

മൺപാത്രം, കൊട്ട, പരമ്പ്/മുറം, കൈതഓല നാരുകൊണ്ടുള്ള ഉൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ചെറിയ തോതിലുള്ള യന്ത്രങ്ങൾ സ്ഥാപിക്കുക. വായ്പാ സൗകര്യങ്ങൾ അനുവദിക്കുക. വിപണന സൗകര്യം ഏർപ്പെടുത്തുക.

### 2. ഇലക്ട്രോണിക്സ് യൂണിററ്

അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം കൊടുത്ത് ഇലക്ട്രോണിക്ക് യൂണിററ് ആരംഭിക്കുക, കുറഞ്ഞ മുതൽ മുടക്കിൽ ധാരാളം തൊഴിൽ സാധ്യതയുള്ള മേഖലയാണ്.

### 3. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

ഹവായ്ചപ്പൽ നിർമ്മാണം, റീട്രെഡിങ്ങ് റബ്ബർ യൂണിററ് എന്നിവയും കുടിൽ വ്യവസായമായി റബ്ബർബാൻറ് നിർമ്മാണ യൂണിററും ആരംഭിക്കുവാൻ കഴിയും.

### 4. അടക്ക സംസ്ക്കരണ യൂണിററുകൾ

നമ്മുടെ പഞ്ചായത്തിൽ ധാരാളമായി ലഭിക്കുന്ന അടക്ക ഉപയോഗിച്ച് പാക്ക് നിർമ്മാണത്തിൻെറ യൂണിററ് തുടങ്ങാൻ കഴിയും. നമ്മൾ ഉപയോഗിക്കുന്ന പാക്കുകളിൽ 90% അന്യ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്നവയാണ്. ഇതിനുവേണ്ട പരിശീലനവും വായ്പാ സൗകര്യങ്ങളും ലഭിച്ചാൽ ഒന്നോ അതിലധികമോ യൂണിററുകൾ നമുക്ക് തുടങ്ങാൻ കഴിയും.

### 5. ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണം

കുടിൽ വ്യവസായങ്ങളുടെ പരിധിയിൽ ഇത് നടത്തുവാൻ കഴിയും. മെഴുകുതിരി നിർമ്മാണത്തിന് സർക്കാർ ഏജൻസികളിൽ നിന്ന് മെഴുകിൻെറ ലഭ്യത ഉറപ്പ് വരുത്തണം.

### 6. സോപ്പ് നിർമ്മാണം

അലക്ക് സോപ്പ് നിർമ്മാണം ചെറുകിട യൂണിററായി നടത്തുവാൻ കഴിയും. സ്വകാര്യ സംരംഭകരുടെ ധാരാളം

യൂണിററുകൾ ഈ മേഖലയിൽ ലാഭകരമായി നടക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തണം.

7. *ബേക്കറി, അച്ചാർ നിർമ്മാണം*

വായ്പാ സൗകര്യവും, പരിശീലനവും ലഭിച്ചാൽ നല്ല നിലയിൽ നടത്താൻ കഴിയുന്ന ഒരു വ്യവസായമാണിത്. പ്രത്യേകിച്ച് അച്ചാർ നിർമ്മാണ രംഗത്ത് സ്ത്രീകൾക്ക് ഒററക്ക് നടത്തുവാൻ കഴിയുന്ന ഒന്നാണ്. ബേക്കറി സാധനങ്ങൾക്ക് വർദ്ധിച്ച ഡിമാൻറ് ഉണ്ട്. വിപണനത്തിന് ധാരാളം സാധ്യത ഉണ്ട്.

8. *റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം*

സ്വകാര്യ സംരംഭകർ ഒന്ന് രണ്ട് യൂണിററുകൾ നല്ല നിലയിൽ നടത്തുന്നുണ്ട്. ചെറിയ വ്യവസായ യൂണിററുകൾ എന്ന നിലയിൽ T G M T യിൽ നിന്നും പരിശീലനം കഴിഞ്ഞു വരുന്ന പെൺകുട്ടികൾക്ക് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം നല്ല രീതിയിൽ നടത്തുവാൻ കഴിയും. വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

9. *കരകൗശല വസ്തുക്കളുടെ നിർമ്മാണം*

മരം, മണ്ണ്, ചിരട്ട, പാഴ്വസ്തുക്കൾ, കൈതനാര് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് കഴിയും. വിപണനത്തിന് സൗകര്യം ഉണ്ടാക്കുകയും, പരിശീലനം കൊടുക്കുകയും വേണം.

10. മുള കൊണ്ടുള്ള കയററുമതി സാധ്യതയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിററ് ആരംഭിക്കുക. ഇതിന് വമ്പിച്ച കയററുമതി സാധ്യതയുണ്ട്.

*പ്രശ്നങ്ങൾ*

1. മൂലധനം
2. ഊർജ്ജം
3. ലൈസൻസുകൾ
4. തൊഴിൽ പരിശീലനത്തിൻെറ അപര്യാപ്തത
5. വ്യവസായ രംഗത്തെ കുറിച്ചുള്ള അറിവില്ലായ്മ

6. വിപണന സൗകര്യക്കുറവ്

**പരിഹാരങ്ങൾ**

1. ഗൾഫ് രാജ്യങ്ങളിൽ നിന്നുവരുന്ന സമ്പാദ്യം വ്യവസായ മേഖലയിലേക്ക് തിരിച്ചു വിടുന്നതിന് ബോധവൽക്കരണം നടത്തുക.

2. സ്വകാര്യ സംരംഭകർക്ക് വേണ്ടതായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

3. സഹകരണ മേഖലയിൽ കഴിയാവുന്ന വ്യവസായ യൂണിററുകൾ ആരംഭിക്കുക.

4. സർക്കാർ, അർദ്ധസർക്കാർ മേഖലയിൽനിന്നും പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ വേണ്ട ധനസഹായം ലഭ്യമാക്കുക.

5. പുതിയ വ്യവസായ യൂണിററുകൾക്ക് വൈദ്യുതി ലഭ്യത കാലതാമസം വരാതെയിരിക്കുവാനുള്ള സൗകര്യം ചെയ്യുക. ഇത് പഞ്ചായത്ത് തലത്തിൽ തന്നെ ലഭ്യമാക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുക.

6. പുതിയ വ്യവസായ യൂണിററുകൾക്ക് ആവശ്യമായ ലൈസൻസുകൾ പഞ്ചായത്തു തലത്തിൽ തന്നെ ലഭ്യമാക്കുക ഇതിനുള്ള കാലതാമസം ഒഴിവാക്കുക.

7. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനത്തിന് പഞ്ചായത്ത് തലത്തിൽ ട്രെയ്നിങ്ങ് സെൻറർ ആരംഭിക്കുക.

8. വ്യവസായ രംഗത്തെ വിദഗ്ദരെ ഉൾപ്പെടുത്തി ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക.

9. വിപണന സൗകര്യത്തിനായി പഞ്ചായത്ത് തലത്തിൽ സഹകരണസംഘം രൂപീകരിക്കുക.

## ഗതാഗതം—ഊർജ്ജം

*ഗതാഗതം*:– ഗ്രാമപഞ്ചായത്തിന്റെ അതിർത്തികളിൽ ഉദ്ദേശം 25 K M നീളത്തിൽ P W D റോഡുകൾ ഉണ്ട്. ഉദ്ദേശം 6 കി. മീ. നീളത്തിൽ P W D. റോഡ് അടുത്ത കാലത്തായി ടാർ ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന P W D. റോഡുകൾ വാഹന ഗതാഗതത്തിനുപററാത്തഅവസ്ഥയാണ്. റോഡുകളുടെ അററകുററപ്പണികളും കാനകളുടെ സംരക്ഷണവും നടക്കുന്നില്ല. ചില പ്രദേശങ്ങളിൽ സമീപവാസികളുടെ കയ്യേററംമൂലം റോഡുകളുടെ വീതി കുറഞ്ഞു വരുന്നുണ്ട്. ടാറിട്ട റോഡിന്റെ സൈഡിലുള്ള മൺഭാഗത്ത് പല സ്ഥലത്തും കുററിച്ചെടികളും മററും വളർന്നു നിൽക്കുന്നു.

75 കി. മീ. നീളം വരുന്ന പഞ്ചായത്തു റോഡുകളിൽ ഉദ്ദേശം 8 കി മീ. നീളത്തിൽ റോഡുകൾ ടാർ ചെയ്തിട്ടുള്ളു. വാഹന ഗതാഗതത്തിനു അത്യാവശ്യമുള്ള കുറെ ഏറെ റോഡുകൾ ടാർ ചെയ്യേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് റോഡുകൾ പലതും സമീപവാസികളുടെ കയ്യേററംമൂലം വീതി കുറഞ്ഞുകുറഞ്ഞു വരുന്നു. റോഡുകൾക്ക് കാനകളോ വെള്ളം ഒഴിഞ്ഞുപോകാനുള്ള സൗകര്യമോ ഇല്ല. പഞ്ചായത്ത് റോഡുകൾ ഭൂരിഭാഗവും കുണ്ടും കുഴിയുമായി ഗതാഗതത്തിനു പററാത്ത അവസ്ഥയാണുള്ളത്.

പഞ്ചായത്തിന്റെ പല മേഖലകളിലും ആവശ്യത്തിന്ന് അനുസരിച്ച് ബസ് സർവ്വീസുകൾ നിലവിലില്ല. വളരെ കാലമായി ഓടിക്കൊണ്ടിരിക്കുന്ന K S R T C ബസ്സുകൾ സർവ്വീസ് നിർത്തിവെച്ചിരിക്കുന്നു. വേണ്ടത്ര ബസ്സ് സർവ്വീസ് ഇല്ലാത്തതു മൂലം വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും, ജീവനക്കാർക്കും വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഓട്ടോറിക്ഷ, ജീപ്പ്, കാറുകൾ എന്നിവ ആവശ്യത്തിനുണ്ടെങ്കിലും അവ സാധാരണക്കാർക്ക് കയ്യെത്താത്ത ദൂരത്തിലാണ്.

**പ്രശ്നങ്ങൾ**

1. റോഡുകളുടെ അററകുററപണികൾ യഥാസമയം നടക്കുന്നില്ല.
2. കാനകളുടെ സംരക്ഷണ പ്രവർത്തികൾ യാതൊന്നും തന്നെ നടക്കുന്നില്ല.
3. റോഡു കയ്യേററങ്ങൾ തടയാൻ പഞ്ചായത്തിനോ മററു അധികാരികൾക്കോ കഴിയുന്നില്ല.
4. കച്ചവടസ്ഥലങ്ങളിലും മററും റോഡിലേക്ക് സകലവിധ മാലിന്യങ്ങളും വലിച്ചെറിയുന്ന പ്രവണത നിലനിൽക്കുന്നു.
5. നിന്നുപോയ ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുവാനും, പുതിയ റൂട്ടുകൾ തുടങ്ങാനും പഞ്ചായത്ത് നടപടികൾ എടുക്കുന്നില്ല.
6. പാടശേഖരങ്ങളിലേക്ക് ട്രാക്ടർ ഇറക്കാനും, വളവും മററും കൊണ്ടുപോകാനും ആവശ്യമായ റോഡുസൗകര്യവും ഇല്ല.
7. പാടശേഖരങ്ങളുടെ ഇരുവശങ്ങളിലുമുള്ള കരപ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ ഇല്ല.
8. പൊതുശ്മശാനത്തിനുവേണ്ടി വാങ്ങിയിട്ടുള്ള സ്ഥലത്തേക്ക് വാഹന സൗകര്യമില്ല
9. വാഹന ഗതാഗതത്തിനു സൗകര്യമില്ലാത്ത ഒട്ടേറെ പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്.
10. നിലവിലുള്ള റോഡുകൾക്ക് അത്യാവശ്യം വേണ്ട പാലങ്ങൾ പോലുമില്ല.

**നിർദ്ദേശങ്ങൾ**

1. റോഡുകയ്യേററങ്ങൾ യഥാസമയം ഒഴിപ്പിച്ചെടുക്കണം.
2. റോഡുകളുടെ നീളവും വീതിയും കൃത്യമായി അളന്ന് തിട്ടപ്പെടുത്തുകയും റോഡുകയ്യേററത്തിനെതിരെ ജനപങ്കാളിത്തത്തോടെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

3. ഉദ്ദേശം 30 കി. മീ. നീളത്തിൽ ടാർ റോഡുകളും 60 കി. മീ. നീളത്തിൽ മററു റോഡുകളും നിർമ്മിക്കുക.

4. നിർത്തിവെച്ച ബസ്സ് സർവ്വീസുകൾ പുനരാരംഭിക്കുവാനും പുതിയ സർവ്വീസുകൾ തുടങ്ങാനും KSRTC യെ പ്രേരിപ്പിക്കുക.

5. പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യുന്നതിന്ന സമയബന്ധിതമായി പദ്ധതി തയ്യാറാക്കണം.

6. വളർന്നു വരുന്ന വ്യാപാര സെൻററുകളിൽ ഓട്ടോറിക്ഷ, ടാക്സി, ജീപ്പ് പാർക്കിങ്ങ് സ്റ്റാൻറുകൾ സ്ഥാപിക്കണം.

**ഊർജ്ജം**

പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ചെറുതുരുത്തി, കുണ്ടന്നൂർ, ചാലിശ്ശേരി എന്നീ സെക്ഷനുകളിൽ നിന്നാണ് വൈദ്യുതി വിതരണം നടത്തുന്നത്. പൊതുജനങ്ങളുടെ ആവശ്യത്തിന്ന വിവിധ റോഡുകളിൽ 354 ബൾബുകളും 9 ട്യൂബുകളും 21 സോഡിയം വേപ്പർ ലാമ്പുകളും ഉണ്ട്. 43% വീടുകൾ പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുണ്ട്. കൃഷിക്ക് ആവശ്യങ്ങൾക്ക് 1132 കണക്ഷനുകളും വ്യാവസായിക ആവശ്യത്തിന്ന് 48 കണക്ഷനുകളും വ്യാപാര സ്ഥാപനങ്ങൾക്ക് 351 കണക്ഷനുകളും നിലവിലുണ്ട്. പഞ്ചായത്തിലെ 2579 വീടുകളിലും വിവിധ സർക്കാർ സ്ഥാപനങ്ങളിലും അംഗൺവാടികളിലും സ്കൂളുകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. നിലവിലുള്ള സ്ട്രീററ് ലൈററുകൾ ഭൂരിഭാഗവും കത്തുന്നില്ല. സർക്കാറിൻെറ സാമ്പത്തിക സഹായത്തോടുകൂടി പണിതീർത്ത ദുർബലവിഭാഗങ്ങൾക്കുള്ള വീടുകളിൽ വയറിങ്ങ് കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ വിവിധ സെൻററുകളിൽ ഇനിയും സ്ട്രീററ് ലൈററുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. നിലവിൽ അത്യാവശ്യത്തിന്ന വൈദ്യുതി ലഭിക്കുവാനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനും ഇപ്പോൾ നിലവിലുള്ളതിൻെറ ഇരട്ടി വൈദ്യുതി പഞ്ചായത്തിൽ ആവശ്യമായി വരും. വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. കാർഷിക ആവശ്യങ്ങൾക്കും വേണം ഇലക്ട്രിക് കണക്ഷൻ പോലും പഞ്ചായത്തു പ്രദേശത്തുതന്നെ യഥാസമയം കിട്ടുന്നില്ല.

ഭാരതപ്പുഴയിൽ തടയണകെട്ടി മഴക്കാലത്ത് മിനിജലവൈദ്യുത പദ്ധതിയിൽതുക്കാന്ന് പ്രദേശത്ത് കാററിൽനിന്നും വൈദ്യുതി ഉണ്ടാക്കാനാകുമോ എന്നുപരീക്ഷിക്കാവുന്നതാണ്. വർഷത്തിൽ 8, 9 മാസം നല്ലസൂര്യപ്രകാശം ലഭിക്കുന്ന മേഖലയാണിത്. സൗരോർജ്ജസാധ്യതകൾ ഇതേ വരേയും ഉപയോഗപ്പെടുത്തിയിട്ടില്ല.

15 ബയോഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിലുണ്ട്. ഉദ്ദേശം 150 L P G. കണക്ഷനുകളും ഉണ്ട്. പ്രധാനമായും വിറക് തന്നെയാണ് ഇന്ധനമായി ഉപയോഗിക്കുന്നത്. മണ്ണെണ്ണ പെർമിററ് ഉള്ളവർ 205 പേരാണ്. ഇന്ധനക്ഷമതയുള്ള പുകയില്ലാത്ത അടുപ്പുകൾ വളരെ കുറവാണ്. അറക്കപ്പൊടി ഉപയോഗിച്ചുള്ള പാചകം നടത്തുന്ന ഒട്ടേറെ കുടുംബങ്ങൾ മരമില്ലുകളുടെ പരിസരങ്ങളിലുണ്ട്.

പാചക ഇന്ധനം സംഭരിക്കാൻ സ്ത്രീകൾക്ക് വളരെ ഏറെ സമയം ചിലവഴിക്കേണ്ടി വരുന്നുണ്ട്. മഴക്കാലത്തേക്ക് ആവശ്യമായ ഇന്ധനം സൂക്ഷിച്ചുവെക്കാനുള്ള സൗകര്യം പല കുടുംബങ്ങൾക്കും ഇല്ല.

കാർഷിക ആവശ്യത്തിന്ന് മണ്ണെണ്ണ ഡീസൽ എഞ്ചിനുകൾ ഉപയോഗിക്കുന്നുണ്ട്. കാളതേക്ക് വിരലിൽ എണ്ണാവുന്നതു മാത്രമെ നിലനിൽക്കുന്നുള്ളു.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തു മുഖേന വയർ ചെയ്ത വീടുകൾക്ക് 3 വർഷമായിട്ടും കണക്ഷൻ ലഭിച്ചിട്ടില്ല.
2. കൂടുതൽ പോസ്റ്റുകൾ വേണ്ട സ്ഥലത്ത് പഞ്ചായത്ത് മുഖേന പോസ്റ്റുകൾ സ്ഥാപിക്കണം.
3. സ്ട്രീററ് ലൈററുകൾ ഇല്ലാത്ത ഒട്ടേറെ മേഖലകൾ പഞ്ചായത്തിൽ ഉണ്ട്.
4. സ്ട്രീററ് ലൈററുകൾ ഭൂരിഭാഗവും കത്തുന്നില്ല.
5. ഇലക്ട്രിസിററി ബിൽ അടക്കാൻ പഞ്ചായത്തിൽ ഒരു കേന്ദ്രം ഇല്ല.
6. വൈദ്യുതി തകരാറിലായാൽ നേരെയാക്കി കിട്ടാൻ വളരെ കാലതാമസം എടുക്കുന്നു.

7. വേണ്ടത്ര ലൈയിൻമേൻമാർ ഇല്ല. അനധികൃതമായി ഒട്ടേറെ പേർ ഈ രംഗത്ത് പ്രവർത്തിക്കുന്നു. അവർ അവിഹിതമായി പണം ഈടാക്കുന്നു.

8. വിറകിന് കടുത്ത ക്ഷാമം അനുഭവപ്പെടുന്നു.

### *പരിഹാര നിർദ്ദേശങ്ങൾ*

1. വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

2. നിലവിലുള്ള രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

3. ഭാരതപ്പുഴയിൽ തിരുമിറ്റക്കോട് പ്രദേശത്ത് തടയണ കെട്ടി വർഷക്കാലങ്ങളിൽ മിനി ജലവൈദ്യുതി പദ്ധതി ആരംഭിക്കുക.

4. എഴുമങ്ങാട് പ്രദേശത്ത് തൃക്കാരകുന്നിന്റെ മുകളിൽനിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ വേണ്ട പര്യവേഷണം നടത്തുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യുക.

5. പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ സൗരോർജ്ജവിളക്കുകളും സൗരോർജ്ജ അടുപ്പുകളും സ്ഥാപിക്കണം.

6. പഞ്ചായത്തിന്റെ ഒഴിഞ്ഞു കിടക്കുന്ന പ്രദേശങ്ങളിൽ പടു വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക.

7. കന്നുകാലി വളർത്തുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

8. തെരുവ് വിളക്കുകളുടെ സംരക്ഷണത്തിനും മേൽനോട്ടത്തിനും പ്രാദേശിക കമ്മറ്റികൾ രൂപീകരിക്കുക.

9. പുകയില്ലാത്ത അടുപ്പുനിർമ്മാണവും ഉപയോഗവും പ്രോത്സാഹിപ്പിക്കുക.

10. സർക്കാർ സഹായത്തിൽ പണിതീർത്ത ദുർബലവിഭാഗങ്ങളുടെ വയറിങ്ങ് കഴിഞ്ഞ വീടുകൾക്കും പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും വൈദ്യുതി കണക്ഷൻ നൽകുക.

## സാമൂഹ്യക്ഷേമം – പൊതുവിതരണം

തിരുമിററക്കോട് ഗ്രാമപഞ്ചായത്തിൽ വിവിധപ്രദേശങ്ങളിലായി '11' പൊതുവിതരണ കേന്ദ്രങ്ങളാണ് [റേഷൻ കടകൾ] നിലവിലുള്ളത്, ഓരോ കേന്ദ്രങ്ങളിലും 300 മുതൽ 600 വരെ റേഷൻ കാർഡുകൾ ഉണ്ട്. ഇവയുടെ വിതരണസ്ഥിതി തൃപ്തികരമായി നടക്കുന്നില്ല കാർഡുടമകളിൽ ഭൂരിഭാഗവും ഭക്ഷ്യധാന്യങ്ങൾക്കുവേണ്ടി പൊതു വിതരണ കേന്ദ്രങ്ങളെ ആശ്രയിക്കുന്നവരാണ്. സ്വന്തമായി നെൽകൃഷിയുള്ള കുടുംബങ്ങളും ഭക്ഷ്യധാന്യങ്ങൾ റേഷൻകടകളിൽ നിന്നും വാങ്ങുന്ന അവസ്ഥയുണ്ട്. റേഷൻ കടകൾ മുഖേന വിതരണം ചെയ്യാനെത്തുന്ന സാധനങ്ങൾ മുഴുവൻ കാർഡുടമകൾക്കും ലഭിക്കുന്നില്ല. പാചകാവശ്യത്തിനും എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനുമായി ഇന്ധനമായി മണ്ണെണ്ണ ഉപയോഗിക്കുന്നവരുണ്ടെങ്കിലും രാത്രി കാലങ്ങളിൽ മണ്ണെണ്ണ വിളക്കുകൾ കത്തിക്കുന്നതിനുവേണ്ടിയാണ് കൂടുതൽ പേരും റേഷൻ കടകളിൽനിന്നും മണ്ണെണ്ണവാങ്ങുന്നത്.

## സാമൂഹ്യക്ഷേമം

അടിസ്ഥാനസൗകര്യങ്ങൾ, ഭക്ഷണം, വസ്ത്രം എന്നിവ സമൂഹത്തിലെ മുഴവൻ പേർക്കും ആവശ്യത്തിനനുസരിച്ച് ലഭിച്ചിട്ടുണ്ട്, കുടിവെള്ളത്തിന്റെ കാര്യത്തിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളുടെ കാര്യത്തിലും വളരെ പിറകിലാണ്. അഭ്യസ്ഥവിദ്യരായ എംപ്ലോയ്മെന്റിൽ പേർ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം ലഭ്യമല്ല 1991ലെ കാനേഷ് കുമാരികണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 25 855 ആണ്. 95–96 അംഗൻവാടികളിലൂടെ ലഭ്യമായ വിവരങ്ങളനുസരിച്ച് 1996 ലെ ജനസംഖ്യ 27 567 ആണ്. വില്ലേജ് എക്സ്റ്റഷൻ ഓഫീസിലെ രേഖപ്രകാരം ദാരിദ്രരേഖക്ക് കീഴിലുള്ള കുടുംബങ്ങൾ 2097ആണ്. ഗ്രാമസഭകളിൽ ഉയന്നുവന്ന ചർച്ച്പ്രകാരം കാർഷികാദ്ധ്വാനം ചെയ്യാൻ തയ്യാറുള്ള പുരുഷതൊഴിലാളിക്ക് ശരാശരി 100റുപ്പികയും സ്ത്രീതൊഴിലാളിക്ക് 60റുപ്പികയും ലഭിക്കുന്നുണ്ട്. കൊല്ലത്തിൽ 120 ദിവസം മാത്രമാണ് തൊഴിൽ ലഭിക്കുന്നത്.

താമസിക്കാൻ വീടും അതിനോടനുബന്ധിച്ച് കുറച്ചുപറമ്പും മാത്രമുള്ള ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്, കൂലിപണിക്ക് പോകാൻ കഴിയാത്ത തയ്യാറില്ലാത്ത പ്രസ്തുത കുടുംബങ്ങളുടെ സ്ഥിതിശോചനീയമാണ്. റേഷൻകാർഡിലും മറ്റു ചേർത്തിരിക്കുന്ന വരുമാന സംബന്ധമായ വിവരങ്ങൾ യാഥാർത്ഥ്യവുമായിപൊരുത്തപ്പെടുന്നവയല്ല. മറ്റു സംസ്ഥാനങ്ങളിലെ പൊതു (സാമ്പത്തികം) സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹ്യ ക്ഷേമ മാനദണ്ഡങ്ങൾ ഇവിടെ പ്രസക്തവുമല്ല, പ്രായോഗികവുമല്ല.

ഈ പഞ്ചായത്തിൽ 29 അംഗൻവാടികൾ ഉണ്ട്. മുഴവൻ അംഗൻവാടികൾക്കും സ്വന്തം കെട്ടിടമില്ല. കുട്ടികൾക്ക് കളിക്കാനും ഉറങ്ങാനും മററുള്ള സൗകര്യങ്ങൾ അംഗനവാടികളിൽ പലതിലുമില്ല. കളിക്കാനുള്ള ഉപകരണവുമില്ല. മലമൂത്ര വിസർജ്ജനം ചെയ്യാനും മററുമുള്ള സൗകര്യങ്ങൾ പല അംഗൻവാടികളിലുമില്ല. പലതും വൈദ്യുതീകരിച്ചിട്ടില്ല. കുടിവെള്ളം ലഭ്യമല്ല. ഇരിക്കാനുള്ള സൗകര്യം വളരെ പരിമിതമാണ്. അംഗൻവാടികളെ മുഴവൻ കുട്ടികളും ഉപയോഗപ്പെടുത്തുന്നില്ല. അംഗൻവാടികളുടെ പ്രവർത്തനം കുറെക്കൂടി ക്രിയാത്മകവും ഉപയോഗപ്രദവും ആക്കേണ്ടതുണ്ട്.

വിവിധ പെൻഷൻ പദ്ധതികളിലൂടെ അവശക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്. കേന്ദ്രസർക്കാർ ആവിഷ്കരിച്ച വയോജന ക്ഷേമ പദ്ധതി/ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി, പ്രസവ ആനുകൂല്യ പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടില്ല. അർഹരായ കുറേപ്പേർക്കുകൂടി വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭിക്കേണ്ടതുണ്ട്.

7 മഹിളാസമാജ കെട്ടിടങ്ങൾ ഉള്ളതിൽ 5 എണ്ണത്തിൽ അംഗൻവാടികളും ഒരെണ്ണത്തിൽ വായനശാലയും ഒരെണ്ണം അടിയന്തിരമായി റിപ്പയർ ചെയ്യേണ്ടതുമുണ്ട്, മഹിളാസമാജം പ്രവർത്തനക്ഷമമല്ല.

## പ്രശ്നങ്ങൾ

1 അംഗൻവാടികളുടെ പ്രവത്തനം തൃപ്തികരമല്ല.

2 അവശ ജനവിഭാഗങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് വളരെ കാലതാമസം വരുന്നു.

3 പെൻഷനു് അർഹതയുണ്ടായിട്ടും പലർക്കും കൃത്യമായി സാമൂഹ്യ ക്ഷേമ പദ്ധതികളിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

4 പെൻഷൻ വിതരണത്തിന്റെ ചുമതല ജില്ലാ പഞ്ചായത്തിനു ലഭിച്ചിട്ടുപോലും വിതരണത്തിനുള്ള കാലതാമസം നീങ്ങിയിട്ടില്ല.

5 അംഗൻവാടികളുടെ പ്രവത്തന പരിധിയിലുള്ള മുഴുവൻ കുട്ടികൾക്കും അതിന്റെ സേവനം ലഭിക്കുന്നില്ല.

6 സാമൂഹ്യ ക്ഷേമവകുപ്പിന്റെ നിദ്ദേശത്തിലുള്ള പോഷകാഹാരങ്ങൾ അംഗൻവാടികൾക്ക് ലഭിക്കുന്നില്ല.

7 മദ്യപാനം, പുകവലി, മയക്കുമരുന്ന് ഇവ സമൂഹത്തിൽ സാമൂഹ്യ പുരോഗതിക്ക് വിലങ്ങുതടിയായി നിൽക്കുന്നു.

8 അംഗനവാടി ജീവനക്കാരുടെ വേതനം തീരെ കുറവാണ്.

## നിർദ്ദേശങ്ങൾ

1 അംഗൻവാടികളുടെ പ്രവത്തനം എല്ലാകുട്ടികൾക്കും ലഭിക്കുന്നുണ്ട് എന്നു് ഉറപ്പു വരുത്തണം.

2 ആവശ്യമായ അംഗൻവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കണം. ഇവയുടെ പരിസരത്ത് ചെറിയ പച്ചക്കറിത്തോട്ടവും

പൂന്തോട്ടവും ഉണ്ടാക്കണം. സൗകര്യമുള്ള സ്ഥലങ്ങളിൽ വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക.

3 അംഗൻവാടികളുടെ പ്രവർത്തനം കുറെക്കൂടി കുററമററതാക്കണം. അമ്മമാർക്ക് ആവശ്യമായ ക്ലാസ്സുകളും, തൊഴിൽ പരിശീലനവും നൽകാനുള്ള വേദിയായി അംഗൻവാടികളെ ഉപയോഗിക്കണം.

4 വികലാംഗർക്ക് തൊഴിൽപരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്താൻ ആവശ്യമായ വായ്പകൾ ലഭ്യമാക്കണം.

5 സംരക്ഷണം അർഹിക്കുന്ന വൃദ്ധജനതയുടെ സംരക്ഷണത്തിനു വേണ്ടി പഞ്ചായത്തിലൊരു വൃദ്ധസദനം ആരംഭിക്കണം.

6 മദ്യപാനം, പുകവലി, മയക്കുമരുന്ന് ഇവയുടെ ഉപയോഗം മനുഷ്യ സമൂഹത്തിന്റെ പുരോഗതിയെ പുറകോട്ടുവലിക്കുന്നു. സമൂഹത്തിലെ ജനതക്ക് ഇതിനെക്കുറിച്ച് ബോധവൽക്കരണം നൽകുകയും മയക്കുമരുന്നിന് അടിമയായവരെ കണ്ടെത്തി അവരെ മോചിപ്പിക്കുന്നതിനും വേണ്ടിയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ സഹായിക്കണം.

7 അംഗൻവാടികളുമായി ബന്ധപ്പെട്ട് വയോജന സാക്ഷരതാ ക്ലാസുകൾ ആരംഭിക്കുക, ജല, വൈദ്യ, നിയമ സാക്ഷരതാ ക്ലാസുകളും ബോധവൽക്കരണ സെമിനാറും സംഘടിപ്പിക്കുക. പരിസര ശുചിത്വം ആരോഗ്യശീലങ്ങൾ എന്നിവയെ കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക.

## ഭവനനിർമ്മാണം

തിരുമിററക്കോട് ഗ്രാമപഞ്ചായത്തിൽ വലുതും ചെറുതുമായി ആകെ 5368 വീടുകളാണുള്ളത്. ഇതിൽ കാൽഭാഗത്തോളം വീടുകളുടെ സ്ഥിതി വളരെ ശോചനീയമായ അവസ്ഥയാണ്. ബാക്കിവരുന്ന മുക്കാൽ ഭാഗത്തോളം വീടുകളിൽ സാമാന്യം ഭേദപ്പെട്ട ഓടുമേഞ്ഞ വീടുകളും ടെറസ്‌വീടുകളും ഉണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഇവിടുത്തെ വലിയവീടുകളിൽ പ്രകടമായിട്ടുണ്ട്. ഗൾഫിൽ ജോലിയുള്ളവരുടെ വീടുകൾക്കപുറമെ ഗവൺമെൻറ് ഉദ്യോഗം ഉള്ളവർക്കേ വേറെ സാമാന്യം ഭേദപ്പെട്ട വീടുകൾ ഉള്ളൂ. ഇവിടുത്തെ ഓലമേഞ്ഞ വീടുകളിൽ മുക്കാൽ ഭാഗത്തോളവും കൂലിപണിചെയ്ത്

ഉപജീവനം കഴിക്കുന്നവരുടെയാണ്. 90% വീടുകളുടെ ചുമരും കട്ടയോ, ചെങ്കല്ലോ ഉപയോഗിച്ച് നിർമ്മിച്ചവയാണ്. ബാക്കിമാത്രമേ ഇഷ്ടികയും മററും ഉപയോഗിച്ച് നിർമ്മിച്ചവയുള്ളു. മൊസൈക്ക് തറയുള്ള വീടുകൾ വിരലിൽ എണ്ണാവുന്നവ മാത്രമേയുള്ളു. ചെറുകിടഭവനങ്ങൾ ആകെയുള്ള വീടുകളുടെ 50% വരും. തറ, ചുമർ, മേൽപുര വിസ്തീർണ്ണം എന്നിവ പരിഗണിച്ചാൽ അടിയന്തിരമായി അററകുററപണികൾ നടത്തേണ്ട വീടുകളുടെ എണ്ണം ഏകദേശം 20% ത്തോളം വരും.

പാലക്കാട്ട് പ്രവർത്തിക്കുന്ന ഹൗസിംങ്ങ് ബോർഡും, കാർഷിക സഹകരണ സംഘവും, ഒററപ്പാലത്തെ ഹൗസിങ്ങ് സഹകരണ സംഘവും. ആലൂരിലെ ഭവനനിർമ്മാണ സൊസൈററിയും വീടു വയ്ക്കാൻ വായ്പ നൽകുന്നതോടൊപ്പം പട്ടികജാതിയിൽ പെട്ടവർക്ക് S. C. S. T. കോർപ്പറേഷൻ വായ്പകൾ വിതരണം ചെയ്യുന്നു.

ജെ. ആർ. വൈ. പദ്ധതിപ്രകാരവും അൺണ്ടയ്ഡ് ഫണ്ട് ഉപയോഗിച്ചും വീടുകൾക്ക് ഓടുമേയാൻ ധനസഹായം നൽകി വീടുകൾ ആവാസ യോഗികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ പാർപ്പിടപ്രശ്നം വളരെ രൂക്ഷമായിതന്നെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള ചാത്തന്നൂരിലേയും, എഴുമങ്ങാട്ടിലേയും ലക്ഷംവീടു കോളനികളിലെ സ്ഥിതി വളരെ പരിതാപകരമാണ്. എഴുമങ്ങാട് ലക്ഷംവീടു കോളനികളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ എല്ലാകുടുംബങ്ങൾക്കും എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ ഭൂരഹിതരായവർക്ക് വീടുവെച്ചുതാമസിക്കുന്നതിനുവേണ്ടി 4 സെൻറ് സ്ഥലം നല്കുക എന്ന പദ്ധതിപ്രകാരം സ്ഥാപിച്ച 3 കോളനികൾ പഞ്ചായത്തിലുണ്ട്. ചെറിപ്പൂർ, പെരികന്നൂർ, മതുപ്പുള്ളി എന്നിവിടങ്ങളിലും പ്രസ്തുത കോളനികളിലെ വീടുകളുടെ സ്ഥിതി പരിതാപകരമാണ്. 4സെൻറ് കോളനിയിൽ പട്ടയം കിട്ടിയവയിൽ പലതും വസ്തു കൈമാററം നടത്തികഴിഞ്ഞിരിക്കുന്നു. പട്ടയം കിട്ടാത്തതും അനതികൃതമായി സ്ഥലം കൈമാററം ചെയ്യാൻ ശ്രമം നടത്തുന്നുണ്ട്.

പഞ്ചായത്തുതലത്തിൽ നടത്തിയ പ്രാഥമിക സർവ്വേപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 199 കുടുംബങ്ങൾക്കും മററു വി

ഭാഗത്തിൽപ്പെട്ട 307 കുടുംബങ്ങൾക്കും താമസയോഗ്യമായ വീടില്ലാത്തതാണ്.

കഴിഞ്ഞ ആറേഴുവർഷങ്ങളിലായി J. R. Y, I. A. Y. മുഖേന 50 വീടുകളും 71 വീടുകൾ വെക്കുകയും J. R. Y. മുഖേന 75 വീടുകൾ ഓടുമേയുകയും ചെയ്തിട്ടുണ്ട്. S. C. S. T. കോർപ്പറേഷൻ മുഖേന ഏതാനും വീടുകൾ ലഭിച്ചിട്ടുണ്ട്. രാജീവ് ദശലക്ഷം വീടു പദ്ധതി പ്രകാരം 11 പേർ ലോണെടുത്ത് വീടുപണിയുന്നുണ്ട്. കാർഷിക വികസന ബാങ്കുമുഖേന ഒട്ടേറെ പേർ ഭവനനിർമ്മാണ വായ്പ കൊടുത്തിട്ടുണ്ട്. K. S. F. E. ആലൂരിലെ ഭവനനിർമ്മാണ സൊസൈററി എന്നിവ മുഖേനയും ചുരുക്കം വീടുകൾ പണിതിട്ടുണ്ട്.

## പ്രശ്നങ്ങൾ

1 സൗജന്യ വീടുവെക്കാനുള്ള പദ്ധതികൾ പ്രധാനമായും പട്ടിക ജാതി വിഭാഗങ്ങൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ.

2 ലോൺ എടുത്ത് വീടുപണിയാൻ സാദ്ധ്യതയുള്ളവർപോലും സൗജന്യ പദ്ധതികളെ കാത്തിരിക്കുന്നു.

3 സൗജന്യ പദ്ധതികളെക്കുറിച്ചുള്ള അമിതപ്രതീക്ഷ സ്വന്തമായി വിഹിതം ഉണ്ടാക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

4 ആവശ്യത്തിനും സാദ്ധ്യതക്കും അനുസരിച്ചുള്ള വീടുകളല്ല പലപ്പോഴും നിർമ്മിക്കാൻ ആരംഭിക്കുന്നത്.

5 ഇടത്തരക്കാരും, ഉയർന്ന സാമ്പത്തികശേഷിയുള്ളവരും ഭവന നിർമ്മാണത്തിൻെറ കാര്യത്തിൽ ആർഭാടം കാണിക്കുന്നു.

6 ലോൺ കിട്ടാനുള്ള പരിശ്രമങ്ങൾ മനം മടുപ്പിക്കുംവിധം നീണ്ടതും ശ്രമകരവുമാണ്.

7 ചിലവുകുറഞ്ഞ വീടുനിർമ്മാണത്തെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണം നടത്തിയിട്ടില്ല.

8 മരത്തിൻേറയും മററു കെട്ടിടനിർമ്മാണ സാമഗ്രികളുടേയും ക്രമാതീതമായ വർദ്ധനവ്.

9 കെട്ടിട നിർമ്മാണ രംഗത്തെ അനുഭവപ്പെടുന്ന യാതൊരുവിധ അടിസ്ഥാനവുമില്ലാത്ത വർദ്ധനവ്

10 വീടുവക്കാൻ ഉപയുക്തമായ സ്ഥലങ്ങളുടെ വിലയിൽ ഉണ്ടായ അമിതമായ വിലവർദ്ധനവ്.

## നിർദ്ദേശങ്ങൾ

1 ചിലവുകുറഞ്ഞ കെട്ടിടനിർമ്മാണ രീതികളെക്കുറിച്ചുള്ള ബോധവൽക്കരണം,

2 ഓരോരുത്തരുടേയും കഴിവിനനുസരിച്ച് വിഹിതം ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നതരത്തിലുള്ള സാമ്പത്തിക സഹായം നൽകൽ.

3 സൗജന്യ പദ്ധതികളിൽ പട്ടികജാതികളല്ലാത്ത വിഭാഗങ്ങളെ ക്കൂടി കൂടുതലായി ഉൾപ്പെടുത്തൽ.

4 ആർഭാടങ്ങൾക്കനുസരിച്ച് പ്രത്യേകം നിജപ്പെടുത്തിയ സൈസ് പരിഹരിക്കൽ.

## സാംസ്കാരം

പൊതു ദേശീയധാരയുടെ ഭാഗമായി നന്മകളും കോട്ടങ്ങളുമൊക്കെയുൾക്കൊണ്ട് നഗരവൽക്കരണത്തെ ഒരു പരിധിവരെ ചെറുത്തുകൊണ്ട് ജനജീവിതം മുന്നോട്ടുപോകുന്നു. പുതിയ വാർത്താമാദ്ധ്യമങ്ങളും വിനോദ ഉപാധികളും ഗൾഫ്സ്വാധീനവുമൊക്കെ സാംസ്കാരിക ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഗ്രാമീണ ജീവിതത്തിന്റെ തനിമയും എളിമയുമൊക്കെ പതുക്കെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പിന്നിട്ട പാതയിലെ ദേശീയ പ്രസ്ഥാനങ്ങളെക്കുറിച്ചോ സാമൂഹ്യ പാശ്ചാത്തലങ്ങളെക്കുറിച്ചോ ബോധമില്ലാത്ത ഒരു സമൂഹമായി പുത്തൻ തലമുറ മാറുന്നു. ജനങ്ങളിൽ മദ്യപാനാസക്തിയും പുകവലിശീലവും വ്യാപകമായി നിലനിൽക്കുന്നുണ്ട്. മയക്കുമരുന്നു ഉപയോഗവുമുണ്ട്.

## ഗ്രന്ഥശാലകൾ

ഏഴുമങ്ങാട് വിദ്യാപോഷിണി പൊതുവായനശാല തിരുമിററക്കോട്ട് രാജൻ ബാബു സ്മാരകവായനശാല എന്നീ വായനശാലകൾ സജീവമായും പെരിങ്കന്നൂർ വായനശാല, വെള്ളടികുന്ന് സാംസ്കാരിക നിലയം വായനശാല-മത്തുപ്പുള്ളി വായനശാല, ചാത്തന്നൂർ റൂറൽ ലൈബ്രറി എന്നിവ ഭാഗികമായും പ്രവർത്തിച്ചുവരുന്നു.

1985നുമുമ്പുള്ള കാലഘട്ടങ്ങളിൽ ആഴത്തിലുള്ള വായനയും ഗ്രന്ഥശാലാപ്രവർത്തനവും നടന്നിരുന്നു. ഇന്ന് അഭ്യസ്ത വിദ്യരായവർപോലും ആഴത്തിലുള്ള വായനക്ക് തയ്യാറല്ല. എന്നാൽ പൈങ്കിളി സാഹിത്യത്തിന് നിർണ്ണായകമായ സ്വാധീനം ചെലുത്താനും കഴിയുന്നുണ്ട്. ലൈബ്രറി ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്ന പാശ്ചാത്തലത്തിൽ ഗ്രന്ഥശാലാ പ്രവർത്തകർതന്നെ മുൻകൈഎടുത്ത ' സ്കൂൾ ലൈബ്രറികൾ പുനരുജ്ജീവിപ്പിക്കണം. അങ്ങിനെ പുതിയ തലമുറയെ വായനാശീലമുള്ളവരാക്കാൻ സാദ്ധ്യമാകും.

## കലാരംഗം

പാശ്ചാത്യ അനുകരണങ്ങളും ദ്രുതഗതിയിലുള്ള ചുവടുവെപ്പുകളും കലാരംഗത്ത് വ്യാപിച്ചു കൊണ്ടിരിക്കുന്നതിന്റെ സൂചന നമുക്ക് പലരംഗത്തും ദൃശ്യമാകും. മുൻകാലങ്ങളിൽ ക്ലബ്ബുകളുടേയു വായനശാലകളുടേയും വാർഷികാഘോഷവേളയിൽ ആ ഗ്രാമത്തിലെ കുട്ടികൾക്കും വലിയവക്കുംപങ്കാളിത്തമുള്ള നാടകങ്ങളും നൃത്തങ്ങളും അവതരിപ്പിക്കപ്പെട്ടിരുന്നു. ഇന്ന് പ്രസ്തുത വേദികൾ പ്രൊഫഷണൽ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്ന പ്രവണതയാണുള്ളത്. സ്കൂൾ യുവജനോത്സവ വേദികളിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക മാത്രമേ പ്രാതിനിത്യം ലഭിക്കുന്നുള്ള സ്കൂളുകളിൽ സാഹത്യസമാജങ്ങളും, ബാലസമാജങ്ങളും സജീവമാക്കണം.

## നാടൻകലകൾ

പൂതൻ, തിറ, പരിചമുട്ടുകളി, കുടചോഴി, പുള്ളവൻപാട്ട്, പറപ്പൂതൻ, കളമെഴുത്തുപാട്ട്, ചവിട്ടുകളി, കോൽക്കളി, ദഫ്മുട്ട്, അറബനമുട്ട് തുടങ്ങിയ നാടൻ കലകൾ അവതരിപ്പിക്കാനുള്ള അവസരം കേരളോത്സവ വേദികളിൽ നൽകണം. കൂടാതെ ഈ രംഗത്ത് പ്രഗത്ഭരായ കലാകാരന്മാരെ കണ്ടെത്തുകയും അവർക്ക് മതിയായ അംഗീകാരം നൽകുകയും വേണം. എഴമങ്ങാട് പ്രവർത്തിക്കുന്ന വള്ളുവനാടൻ **നാടൻകലാഭവൻ**. ചെരിപ്പൂർ നാടൻ കലാസമിതി എന്നി സംഘടനകൾ ചെറിയ തോതിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

## ക്ഷേത്രകലകൾ

പഞ്ചവാദ്യം, ചെണ്ടമേളം, കഥകളി, ഓട്ടൻതുള്ളൽ, പാവക്കൂത്ത്, ഉടുക്ക്പാട്ട്, തുടങ്ങിയ കലകളിൽ പ്രാഗത്ഭ്യം നേടിയ കലാകാരന്മാർ നമുക്കുണ്ട്. ആസ്വാദക സദസ്സ് കുറഞ്ഞുവരുന്നു. പഞ്ചവാദ്യവും, ചെണ്ടമേളവും, മാററിനിർത്തിയാൽ മററുക്ഷേത്രകലകളിൽ പരിശീലനം നേടുന്നവർ ഉണ്ടാകുന്നില്ല. പഞ്ചവാദ്യത്തിനു് ചാത്തനൂർ ഹൈസ്കൂളിൽ ഉണ്ടായിരുന്ന ട്രൂപ്പും ഇല്ലാതായിരിക്കുന്നു. സ്കൂൾവിദ്യാഭ്യാസ വികസനസമിതി ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്,

## കായികരംഗം

ഫുട്ബോൾ, വോളിബോൾ, ക്രിക്കററ്, ഷട്ടിൽ മത്സരങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ട്. സാമ്പത്തിക പരാധീനത ഒരു പരിധിവരെ അവയുടെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. സ്കൂൾവേദിയിൽ നിന്നും ഉയർന്നുവരുന്ന കായിക പ്രതിഭകൾ പിന്നീട് അപ്രത്യക്ഷമാവുന്നു. സ്പോട്സ്, ഗെയിംസ്, തുടങ്ങിയ ഇനങ്ങളിൽ പഞ്ചായത്ത് തലത്തിൽ പരിശീലനം ആവശ്യമാണ്. കരാട്ടേ, കളരി, കുങ്ഫു, ജൂഡോ, ജിംനാസ്റ്റിക്ക് ഇനങ്ങളിലൊക്കെ ഒട്ടേറെ ചെറുപ്പക്കാർ പരിശീലനം നേടുന്നുണ്ടെങ്കിലും അവക്ക് മതിയായ പ്രോത്സാഹനം നൽകുകയോ പ്രദർശനത്തിന് വേദിയൊരുക്കുകയോ ചെയ്യുന്നില്ല

## ക്ളബ്ബുകൾ

റെഡ്സ്റ്റാർ ആറങ്ങോട്ടുകര, വി. എഫ്. എ. വട്ടൊള്ളി, വൈ എം. എ. ചാത്തനൂർ, യുവധാര തിരുമിററക്കോട്, വിശ്വചേതന കറുകപുത്തൂർ, സഫ്ദർ ഹാശ്മി കലാസംഘം ചെരിപ്പൂർ, തുടങ്ങിയ ക്ലബ്ബുകൾ ഏറെക്കുറെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രജിസ്റ്റർ ചെയ്യുകയും നാമമാത്രമായി പ്രവർത്തിക്കുന്ന മററു ക്ലബ്ബുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

## സന്നദ്ധസംഘടനകൾ

ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പ്രവർത്തനം തിരു

മിററക്കോട്, കറുകപുത്തൂർ, വെള്ളടികുന്ന് യൂണിററുകളിലായി ഉണ്ടായിരുന്നത് ഇപ്പോൾ വെള്ളടിക്കുന്ന് മാത്രമായി ചുരുങ്ങിയിട്ടുണ്ട്—കള്ളവാററിനും വ്യാജ മദ്യവില്പനക്കും മററു സാമൂഹ്യ തിന്മകൾക്കുമെതിരായി യുവജനങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പെരിങ്കന്നൂർ ചാത്തന്നൂർ, അകിലാണം, വടക്കേ വെള്ളടികുന്ന്, എഴുമങ്ങാട്, മതുപ്പള്ളി, തെക്കേക്കര എന്നിവിടങ്ങളിലുള്ള സമിതികൾ ഈ രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## പ്രശ്നങ്ങൾ

1 സാംസ്കാരിക രാഷ്ട്രീയ രംഗത്ത് മൂല്യച്യുതി സംഭവിച്ചു കൊണ്ടിരിക്കുന്നു.

2 വിദ്യാലയം വിട്ടുവരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടത്രസാമൂഹ്യ ബോധം കിട്ടുന്നില്ല.

3 കലാ—കായികരംഗങ്ങളിൽ വേണ്ടത്ര പ്രോത്സാഹനമില്ല.

4 നാടൻ കലകൾക്ക് വേണ്ടത്ര ആസ്വാദകരില്ല.

5 അന്ധവിശ്വാസങ്ങളിലേക്കും അനാചാരങ്ങളിലേക്കും ജനങ്ങളെ നയിക്കുന്ന പ്രചരണങ്ങൾ നിലവിലുണ്ട്.

6 വാർത്താമാദ്ധ്യമങ്ങളിലൂടെയും സിനിമ, വീഡിയോ, മുതലായവകളിലൂടെയും ജനങ്ങളെ മോശമായി സ്വാധീനിക്കുന്ന ചിത്രീകരണങ്ങൾ വരുന്നു.

7 അക്രമവും, മദ്യപാനവും മററും ധാരാളമായി പ്രസ്തുത ചിത്രീകരണങ്ങളിൽ വരുന്നു.

## നിർദ്ദേശങ്ങൾ

1 ക്ലബ്ബുകളുടെ കോ-ഓർഡിനേഷൻ കമ്മിററി പഞ്ചായത്ത് തലത്തിൽ നിലവിൽ വരണം. ആയതിൻെറ കേന്ദ്രമായി പഞ്ചായത്ത് സാംസ്കാരികനിലയം മാറണം.

2 പഞ്ചായത്തിലെ സാംസ്ക്കാരിക നായകന്മാർ, ഗ്രന്ഥശാലാ പ്രവർത്തകർ സന്നദ്ധ സംഘടനാ ഭാരവാഹികൾ ഉൾപ്പെട്ട സാംസ്ക്കാരിക സെൽ രൂപീകരിക്കുക.

3 നാടൻകലാരംഗത്തെ പ്രഗത്ഭരെ ആദരിക്കുകയും ഇവരെ ഉപ

യോഗിച്ച് ക്ലബ്ബുകൾ വഴി താൽപര്യമുള്ളവക്ക് പരിശീലനം നൽകുകയും വേണം.

4 പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നല്കണം.

5 ഗ്രന്ഥശാലാ പ്രവർത്തകരെ സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെടുത്തണം.

6 എല്ലാ ലൈബ്രറികൾക്കും, ഗസററ്, പത്രങ്ങൾ സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ എന്നിവ വരുത്തികൊടുക്കുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കണം

7 സംഗീത നാടക അക്കാദമി നെഹറു യുവകേന്ദ്ര തുടങ്ങിയ സ്ഥാപനങ്ങളുമായി ക്ലബ്ബുകളുടെ പ്രവർത്തനം കൂട്ടിയോജിപ്പിക്കണം.

8 അമേച്വർ നാടക വേദിയെ പ്രോത്സാഹിപ്പിക്കണം.

9 നൃത്ത വിദ്യഭ്യാസത്തിന് സഹായം നൽകണം.

10 മദ്യാസക്തിക്കും, പുകവലിശീലത്തിനും മയക്കുമരുന്നുപയോഗത്തിനും എതിരായ ബോധവൽക്കരണം സംഘടിപ്പിക്കുക. ഒഴിവു സമയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വിനോദത്തിൽ ഏർപ്പെടാൻ മദ്യപർക്ക് അവസരവും പ്രേരണയും നൽകാൻ ക്ലബ്ബുകളെ സന്നദ്ധസംഘടനകളെ ചുമതലപ്പെടുത്തുക.

## വനിത

ജനസംഖ്യയിൽ 56.25% സ്ത്രീകളാണ്. പട്ടികജാതിക്കാരിലും ഈ അനുപാതം നിലനിൽക്കുന്നു. മൊത്തം ജനസംഖ്യയിൽ 1000 ന് 1125 സ്ത്രീകൾ വരും 1995–96 കണക്കനുസരിച്ച് മൊത്തം 5738 കുടുംബങ്ങളിൽ 160ഓളം കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലാണ്. ഈ പഞ്ചായത്തിൽ തിരുമിററക്കോട് ഒരു വനിതാ കൊട്ടനെയ്ത്ത് കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കറുകപുത്തൂരിൽ ഒരു റെഡിമെയ്ഡ് നിർമ്മാണകേന്ദ്രവും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ സ്കൂളുകളിൽ മാത്രമാണ് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകൾ പ്രവർത്തിക്കുന്നത്.

പെൺകുട്ടികൾക്കുമാത്രമായി ഒരു ഖാദി നെയ്ത്ത് പരിശീലനകേന്ദ്രവും T G M T തുന്നൽ പരിശീലന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. സ്കൂളുകളിലും കോളേജുകളിലും പോകുന്ന വിദ്യാർത്ഥികളിൽ പെൺകുട്ടികളാണ് കൂടുതൽ.

വനിതകളുടെ തൊഴിൽ മേഖലകളിൽ പ്രധാനമായവ കെട്ടിട നിർമ്മാണം, ബീഡി നിർമ്മാണം, ഇഷ്ടിക നിർമ്മാണം, ചെങ്കൽ–കരിങ്കൽ ക്വാറികൾ എന്നിവയിലും ടൈലറിങ്ങ് പ്രവർത്തനങ്ങളിലും പരമ്പരാഗതമായി കാർഷിക വൃത്തിയാൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്.

ഓരോ ജോലിക്കും പുരുഷന്മാർക്ക് കിട്ടുന്ന കൂലിയുടെ പകുതി മാത്രമേ സ്ത്രീകൾക്ക് ലഭിക്കുന്നുള്ളു. കാർഷിക വൃത്തിയിലും കെട്ടിട നിർമ്മാണം മുതലായവയിൽ കൂലിയുടെ അന്തരം നിലനില്ക്കുന്നു. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്ക് പടിപടിയായി കുറഞ്ഞു വരുന്നതാണ് കാണുന്നത്. തൊഴിൽശാലകളിലും മററു തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത അവസ്ഥയാണ് കണ്ടുവരുന്നത്. റേഷൻ കടകൾ, ചന്തകൾ മാവേലിസ്റ്റോറുകൾ തുടങ്ങിയവയിൽ സാധനങ്ങൾ വാങ്ങാൻ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് വന്നു കാണുന്നത്. ബഹുജന സംഘടനകളിൽ വനിതകളുടെ പങ്കാളിത്തം മുൻപത്തേക്കാൾ കൂടുതൽ ഉള്ളതായികാണുന്നു. വിദ്യാഭ്യാസമേഖലയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ പിന്നോക്കമാണ്. തൊഴിൽ രഹിതയുവജനങ്ങളിൽ സ്ത്രീകളാണ് കൂടുതൽ. സ്ത്രീകൾക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല.

സ്ത്രീകളെ അരങ്ങത്തുനിന്ന് അടുക്കളയിലേക്കുതന്നെ തിരിച്ചു കൊണ്ടുപോകാനുള്ള പ്രവണത രാജ്യത്താകമാനം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതു മുൻകൂട്ടി കണ്ടുകൊണ്ടാണ് സ്ത്രീകൾ പൊതുരംഗത്ത് പ്രവർത്തിക്കുവാൻ മടികാണിക്കുന്നത്. ഇത് മാററിയെടുക്കാൻ ബോധവൽക്കരണത്തിലൂടെ മാത്രമേ കഴിയൂ.

വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ചുരുങ്ങിയ തോതിൽ മാത്രമേ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. മഹിളാ സമാജങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. ഏഴുകെട്ടിടങ്ങൾ മഹിളാസമാജത്തിനായി ഈ പഞ്ചായത്തിലുണ്ട്. ഇവയിൽ ഒന്ന് ഇടിഞ്ഞുപൊളിഞ്ഞ് മനപ്പടിയിൽ സ്ഥിതിചെയ്യുന്നു. മറെറാന്ന് പെരിങ്കന്നൂർ വായനശാലയിൽ പ്രവർത്തിക്കുന്നു. ബാക്കിയുള്ള അഞ്ചെണ്ണം അംഗനവാടികളുമായിട്ടാണ് പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിലെ ആശുപത്രിയുടെ സ്ഥിതി പൊതുവെ ശോചനീയമാണെങ്കിലും രോഗികളിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ വരുന്നത്. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. മാത്രമല്ല ചാരായനിരോധനം നിലവിലുണ്ടെങ്കിലും ചില വാർഡുകളിൽ കള്ളച്ചാരായനിർമ്മാണം ഒരു കുടിൽ വ്യവസായമായി ഇപ്പോഴും തുടരുന്നു. ചാരായനിരോധനം കൊണ്ട് നാമമാത്രമായ നേട്ടം വീടുകളിൽ അനുഭവപ്പെടുന്നുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലായാൽ നല്ലതാണ്. മദ്യനിരോധനം നടപ്പിലാക്കാൻ ബോധവൽക്കരണം കൊണ്ടുമാത്രമേ കഴിയൂ.

സ്ത്രീധനത്തിന്റെ പേരിൽ പീഠനമനുഭവിക്കുക മാത്രമല്ല വിവാഹം നടക്കാതെ പെൺകുട്ടികൾ വീടുകളിൽ ഒരു ഭാരമായി നിൽക്കുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത് സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ കവലകളിലും പ്രസിദ്ധീകരണങ്ങളിലും ധാരാളമായി കണ്ടുവരുന്നു. ഇടത്തരം വീടുകളിലെ സ്ത്രീകൾ വീട്ടുജോലികൾ കഴിഞ്ഞ് ബാക്കിസമയങ്ങളിൽ വെറുതെയിരിക്കുന്ന സ്വഭാവമാണ് മിക്കവീടുകളിലും കണ്ടുവരുന്നത്. ഇവരെ ചെറുകിട കുടിൽ വ്യവസായങ്ങൾ മുതലായവ തുടങ്ങുന്നതിലൂടെ സാമ്പത്തിക പുരോഗതിയിലേക്ക് നയിക്കാൻ കഴിയും.

## തൊഴിൽ പങ്കാളിത്തം

| തൊഴിൽ മേഖല | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| കർഷകർ | 2200 | 950 |
| കർഷകത്തൊഴിലാളി | 2300 | 1200 |
| മൃഗസംരക്ഷണം മത്സ്യബന്ധനം | 235 | 120 |
| കുടിൽവ്യവസായം | 120 | 75 |
| കെട്ടിട നിർമ്മാണം | 1350 | 425 |
| വ്യാപാരം | 740 | 25 |
| ഗതാഗതം വാർത്താവിനിമയം | 280 | 30 |
| മറ്റുള്ളവ | 1200 | 5840 |

### പ്രശ്നങ്ങൾ

1 തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല. ഇവരുടെ തൊഴിൽ മേഖലകൾ ഉയർത്താൻ വേണ്ട പ്രവർത്തനങ്ങൾ നടക്കുന്നില്ല.

2 സ്ത്രീകൾ പൊതുരംഗത്ത് പ്രവർത്തിക്കാൻ വൈമനസ്യം കാണിക്കുന്നു.

3 വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ നാമമാത്രമാണ്.

4 ഈപഞ്ചായത്തിലെ മഹിളാസമാജങ്ങളുടെ പ്രവർത്തനം ഇല്ലാതായിരിക്കുന്നു.

5 രോഗികളിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളായിട്ടാണ് കണ്ടു വരുന്നത്.

6 മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഈ പഞ്ചായത്തിൽ വളരെക്കൂടുതലുണ്ട്.

7 സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. സ്ത്രീധനം മൂലം പെൺകുട്ടികൾ ഒരു ഭാരമായി നില്ക്കുന്ന അവസ്ഥയാണ്.

8 സ്ത്രീകളെ അശ്ലീലമായി പ്രദർശിപ്പിക്കുന്ന പോസ്റ്ററുകളും പ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്.

60

9 ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾ വീട്ടുജോലികൾ കഴിഞ്ഞ് ബാക്കിസമയങ്ങളിൽ വെറുതെയിരിക്കുന്ന സ്വഭാവം നിലനിൽക്കുന്നു.

## നിർദ്ദേശങ്ങൾ

1 തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് അവസരം ലഭിക്കാൻ കുടനിർമ്മാണം, ബൈൻറിങ്ങ്പ്രസ്സ്, അച്ചാർ നിർമ്മാണം ചന്ദനത്തിരിനിർമ്മാണം, കൂൺകൃഷി, മെഴുകുതിരിനിർമ്മാണം, കോഴിവളർത്തൽ, റെഡിമെയ്ഡ് നിർമ്മാണം തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കണം.

2 സ്ത്രീകൾ പൊതുരംഗത്ത് പ്രവർത്തിക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്താൻ വേണ്ട നടപടികൾ എടുക്കണം.

3 മഹിളാസമാജങ്ങളുടെ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പിലാക്കണം.

4 രോഗികളായവർക്കുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും രോഗം വരാതിരിക്കാനാവശ്യമായ ബോധവൽക്കരണം നടത്തുകയും വേണം.

5 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തണം.

6 സ്ത്രീധനപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ട ബോധവൽക്കരണം നടത്തണം.

7 സ്ത്രീകളെ അശ്ലീലമായി പ്രദർശിപ്പിക്കുന്ന പ്രവണതക്കെതിരെ ശക്തമായി പ്രതികരിക്കണം.

8 ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് കുടിൽവ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കണം.

9 വിധവാപെൻഷൻ യഥാർത്ഥ ഉപഭോക്താവിന് കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

10 വനിതാ സഹകരണ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ട പ്രവർത്തനം നടത്തണം.

11 സ്ത്രീകളുടെ നിയന്ത്രണത്തിൽ മാത്രം കഴിയുന്ന കുടുംബങ്ങൾക്ക വേണ്ട സംരക്ഷണം നൽകുക.

12 സ്ത്രീകൾക്ക് പ്രാമുഖ്യമുള്ള വ്യവസായശാലകൾ ആരംഭിക്കണം

13 സ്ത്രീകൾക്കുനേരെയുള്ള അക്രമം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

# സഹകരണ മേഖല

തിരുമിററക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സഹകരണ മേഖലയ്ക്ക് കാര്യക്ഷമമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. താഴെ പറയുന്ന സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

1 തിരുമിററക്കോട് സർവ്വീസ് സഹകരണ ബാങ്ക്
2 തിരുമിററക്കോട് ദളിത് പട്ടികജാതി കൊട്ടനെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം.
3 എഴുമങ്ങാട് മൺപാത്ര വ്യവസായ സഹകരണ സംഘം
4 തിരുമിററക്കോട് പഞ്ചായത്ത് മാർക്കററിങ്ങ് സൊസൈററി, കറുകപുത്തൂർ.
5 ക്ഷീര വ്യവസായ സഹകരണസംഘം, ചാഴിയാട്ടിരി
6 തിരുമിററക്കോട് പഞ്ചായത്ത് ഖാദി വ്യവസായ സഹകരണ സംഘം.
7 സ്കൂൾ സഹകരണ സംഘങ്ങൾ.

ഇവയിൽ ഒന്നും, രണ്ടും സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാണ്. മററുള്ളവ പൊതുവെ നിർജീവ അവസ്ഥയിലാണ്. ഇതിനുപുറമെ പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഒററപ്പാലം പ്രാഥമിക കർഷക ഗ്രാമവികസന ബാങ്ക്, തൃത്താല ബ്ലോക്ക് ഭവനനിർമ്മാണ സഹകരണ സംഘം എന്നീ സഹകരണ സ്ഥാപനങ്ങളുടെ സേവനം ഈ പരിധിയിൽ ലഭ്യമാകുന്നുണ്ട്.

1964 മുതൽ പ്രവർത്തനമാരംഭിച്ച തിരുമിററക്കോട് സർവ്വീസ് സഹകരണബാങ്കിൽ 6102 അംഗങ്ങളും 8,76,731രൂപ ഓഹരി മൂലധനവും ഉണ്ട്. ബാങ്കിന് 2 കോടി 85 ലക്ഷം രൂപ നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് 2 കോടി 80 ലക്ഷത്തോളം രൂപ വിവിധ ഇനങ്ങളിലായി അംഗങ്ങൾക്ക് വായ്പ നല്കിയിട്ടുണ്ട്. അംഗങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേററത്തക്കവിധം വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കാൻ ബാങ്കിൻെറ വിഭവശേഷി ഇന്നു് അനുവദിക്കുന്നില്ല. ബാങ്കിൻെറ ചാത്തനൂർ ഹെഡ് ഓഫീസ്, എഴുമങ്ങാട് ബ്രാഞ്ച് ഓഫീസ് എന്നീ രണ്ടു കേന്ദ്രങ്ങളിൽനിന്നും നിലവിലുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

തിരുമിററക്കോട് പട്ടികജാതി വ്യവസായ സഹകരണ സംഘത്തിനു് തിരുമിററക്കോട് ഭാഗത്ത് പരമ്പരാഗതമായി പനമ്പു വ്യവസായവുമായി ബന്ധപ്പെട്ട ഏതാനും തൊഴിലാളികൾക്ക് തൊഴിൽ നല്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഈ മേഖലയിലെ സാധ്യതകൾ വിപുലമാണ്.

## പ്രശ്നങ്ങൾ

1 സഹകരണ മേഖലയുടെ ആവശ്യകത അതിന്റെ പ്രത്യേകത പ്രാധാന്യം ഇവയെ സംബന്ധിച്ചുള്ള അറിവ് ജനങ്ങളിൽ വളരെ കുറവാണ്. ജനങ്ങളിൽ ഏകദേശം 15%ത്തോളം മാത്രമേ സഹകരണ രംഗത്ത് അംഗത്വം നേടിയിട്ടുള്ളൂ. സഹകരണ മേഖലയുടെ വികാസത്തിന് ഇത് പ്രധാന തടസ്സമാണ്.

2 **മൂലധനത്തിന്റെ അപര്യാപ്തത**

സഹകരണ സ്ഥാപനങ്ങളെ വായ്പാലഭ്യതക്കുള്ള ഉപാധിയായാണ് പൊതുവെ കണ്ടു വരുന്നത് ജനങ്ങളുടെ വൈവിധ്യമായ ആവശ്യങ്ങൾ നിറവേററത്തക്കവിധം നിലവിലുള്ള സ്ഥാപനങ്ങൾക്ക് മൂലധനം കണ്ടെത്താൻ കഴിയുന്നില്ല. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആകെയുള്ള നിക്ഷേപത്തിന്റെ 10% പോലും സഹകരണ മേഖലയിൽ സ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല.

3 **മാനേജ്മെൻറ്** (മേൽനോട്ടം)

വിശാലമായ ജനാധിപത്യ സംവിധാനത്തിൽ സഹകരണ സ്ഥാപനങ്ങളെ നയിക്കാൻ ആവശ്യമായ ഭരണനേതൃത്വം വളർത്തിയെടുക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.

4 കാർഷിക കടാവശ്യങ്ങൾ പൂർണ്ണമായി നിറവേററൻ സഹകരണ മേഖലക്ക കഴിയുന്നില്ല.

5 പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് ആക്കം കൂട്ടാൻ ഉതകുന്ന പരിപാടികൾ സഹകരണ സംഘത്തിന്റെ അജണ്ടയിലില്ല.

6 ഗ്രാമീണ കടാവശ്യങ്ങൾ നിറവേററാൻ യാതൊരുവിധ പദ്ധതിയും സഹകരണസംഘങ്ങൾക്കില്ല.

## നിർദ്ദേശങ്ങൾ

1 തിരുമിററക്കോട് സർവ്വീസ് സഹകരണ ബാങ്കിൻെറ വിഭവ ശേഷി വർദ്ധിപ്പിക്കാൻ നിക്ഷേപസമാഹരണം വിപുലമാക്കുക.

2 കാർഷികാവശ്യത്തിന് കൃത്യമായ സമയത്തും മതിയായ അളവിലും വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

3 കുടിൽ വ്യവസായങ്ങൾ കാർഷികഅനുബന്ധം സ്വയം തൊഴിലു കൾ എന്നിവക്കു് വായ്പാ പദ്ധതികൾ ആരംഭിക്കുക.

4 വായ്പാ വിതരണത്തിൻെറ വിനിയോഗം ഉല്പാദനപരമാണെന്ന് ഉറപ്പുവരുത്തുക.

5 വളം കീടനാശിനി വിതരണം കൂടുതൽ ഫലപ്രദമാക്കുക

6 പഞ്ചായത്തിൽ പട്ടികജാതി അംഗങ്ങൾക്കായി ഒരു സഹകരണ സംഘം രൂപീകരിക്കുക.

7 പഞ്ചായത്തിൽ ക്ഷീരവികസനവുമായി ബന്ധപ്പെട്ട് ക്ഷീരോ ല്പാദന സംഘങ്ങൾ രൂപീകരിക്കുക

8 മീൻമയുമായി ബന്ധപ്പെട്ട് വിപണന സൗകര്യം ഉറപ്പാക്കുക.

9 മാർക്കററിങ്ങ് സംഘം പഞ്ചായത്തിൽ മുഴവൻ കൃഷിക്കാർക്കും അംഗത്വം നല്കുന്ന നടിപടി സ്വീകരിക്കുക.

10 കശുവണ്ടി, റബ്ബർ, കുരുമുളക്, അടയ്ക്ക, നാളികേരം, ഇവയുടെ സംഭരണവിപണന സൗകര്യം മാർക്കററിംങ്ങ് സംഘംമുഖേന ഉറപ്പു വരുത്താൻ ആവശ്യമായ പ്രവർത്തനം നടത്തുക. ഇതിനായി കേര ഫെഡ്, കാംപ്കോ, റബ്ബർമാർക്കററിങ്ങ് ഫെഡറേഷൻ, കാപെക്സ് തുടങ്ങിയ അപ്പ്ക്സ് സ്ഥാപനങ്ങളുമായി മാർക്കററിംങ്ങ് ബന്ധം ഉറപ്പാക്കുക.

11 തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ചെറുകിട വ്യവസായ മേഖലയിൽ തൊഴിൽ കണ്ടെത്താൻ വനിതാ വ്യവസായ സഹകര ണസംഘങ്ങൾ വാർഡിൽ ഒന്നുവീതം സ്ഥാപിക്കുക.

12 പഞ്ചായത്ത് പരിധിയിൽ സേവനം ലഭിക്കേണ്ട പി. ഡി സി. ബാങ്ക് ഒററപ്പാലം പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് തൃത്താല, ബ്ലോക്ക് ഭവനനിർമ്മാണ സഹകരണ സംഘം, ഇവയുടെ പദ്ധതികൾ പഞ്ചായത്തു പദ്ധതികളുമായി ബന്ധപ്പെടുത്തി രൂപപ്പെടുത്തുക.

13 എഴുമങ്ങാട് മൺപാത്ര സഹകരണസംഘം പുനരുജ്ജീവിപ്പിക്കുക.

14 വിദ്യാർത്ഥികളുടെ സഹകരണ സംഘങ്ങൾ എല്ലാ സ്കൂളുകളിലും രൂപീകരിക്കുക.

15 പഞ്ചായത്ത് തലത്തിൽ അവർക്ക് കേന്ദ്രീകൃത സംവിധാനം രൂപപ്പെടുത്തുക.

16 ക്ഷീരകൃഷി വികസനത്തിനും, വിപണനത്തിനും ഉപയുക്തമാകുന്ന രീതിയിൽ വനിതാ സൊസൈററി രൂപീകരിക്കുക.

17 മണൽ തൊഴിലാളികളുടെ സഹകരണസംഘം ഉണ്ടാക്കി പ്രസ്തുത സംഘത്തിൻെറ പ്രവർത്തനത്തെ പഞ്ചായത്തുമായി ബന്ധിപ്പിക്കുകയും മണൽ വാരുന്നതിൻെറ ചുമതല പ്രസ്തുത സംഘത്തെ ഏൽപ്പിക്കുകയും ചെയ്യുക.

| ക്രമ നമ്പർ | ബാങ്കിൻെറ പേര് | മെമ്പർമാരുടെ എണ്ണം | അംഗീകൃത ഓഹരി മൂലധനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുമിററക്കോട് സർവ്വീസ് സഹകരണബാങ്ക് | 6102 | 8,50,000 | 10 |
| 2 | മാർക്കററിങ്ങ് സഹകരണസംഘം (കറുകപുത്തൂർ) | 100 | 10,500 | 2 |
| 3 | തിരുമിററക്കോട് ദളിത്–പട്ടികജാതി കൊട്ട നെയ്ത്ത് തൊഴിലാളി വ്യവസായ സഹകരണ സംഘം | 42 | 21,000 | 18 |

| | | |
|---|---|---|
| 1 | എഴമങ്ങാട് മൺപാത്ര വ്യവസായ സഹകരണ സംഘം | ഈ ബാങ്കുകൾ പ്രവർത്തനക്ഷമമല്ല |
| 2 | ക്ഷീരവ്യവസായ സഹകരണസംഘം | |
| 3 | തിരുമിററക്കോട് പഞ്ചായത്ത് ഖാദി വ്യവസായ സഹകരണസംഘം | |
| 4 | സ്കൂൾ സഹകരണ സംഘങ്ങൾ | |

| ക്രമനമ്പർ | വായ്പകളുടെ പേര് | സംഖ്യ |
|---|---|---|
| 1 | S. T. Agri. Loans | 17,23,357/രൂപ |
| 2 | M. T. Agri. Loans | 2,34,017/രൂപ |
| 3 | NAST Loans | 25,54,864/രൂപ |
| 4 | NAMT Loans | 24,66,052/രൂപ |
| 5 | Gold Loans | 2,30,35,680/രൂപ |
| 6 | House Loans | 21,230/രൂപ |
| 7 | Education Loans | 8661/രൂപ |

## IV സ്ഥാപനങ്ങളിൽ നിന്നു് സ്വീകരിച്ച വായ്പകൾ

| ക്രമനമ്പർ | സ്ഥാപനം | സ്വഭാവം | തുക |
|---|---|---|---|
| 1 | P. D. C. Bank | S. T. Agricultural | 14,70,290/- |
| 2 | P. D. C. Bank | M. T. Agricultural | 21,231/- |
| 3 | P. D. C. Bank | NAMT Loan | 13,889/- |
| 4 | P. D. C. Bank | Cash Credit | 20,71,589/- |
| 5 | P. D. C. Bank | Building Loan | 1,11,000/- |

## V നൽകിയ വായ്പകൾ കലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| ക്രമനമ്പർ | വായ്പാ സ്വഭാവം | തുക |
|---|---|---|
| 1 | ST. Agricultural Loan | 3,89,377/- |
| 2 | MT. Agricultural | 1,03,681/- |
| 3 | NAST, NAMT | 15,60,489/- |
| 4 | Gold Loan | 29,00,620/- |

VI സ്ഥാപനത്തിന്റെ ചിലവുകൾ (1996)

1 പ്രവർത്തന ചിലവ് 7, 70,000/-

2 അപ്രതീക്ഷിത ചിലവ് 4,18,000/-

VII വായ്പാ സഹ: സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1 കാർഷിക/കാർഷികേതര വായ്പാ വിതരണം

2 വിവിധതരം നിക്ഷേപ പദ്ധതികൾ-ബാങ്കിങ്ങ് പ്രവർത്തനം

3 വളം കീടനാശിനി വിതരണം

4 ഓണച്ചന്തകൾ

**പട്ടികജാതിക്ഷേമം**

തിരുമിററക്കോട് ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗക്കാർ ഇല്ല. ഈ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 91ലെ സെൻസസ് പ്രകാരം 23, 855 ആണ് ഇതിൽ പട്ടികജാതിയിൽപ്പെട്ടവർ 4361 പേർ വരും ഇതിൽ 2083 പുരുഷൻമാരും 2278 സ്ത്രീകളും ആണ് ഈ പഞ്ചായത്തിൽ 35 ഹരിജൻ കോളനികൾ ഉണ്ട്. ഇതിൽ 3 എണ്ണം I H D P കോളനികളാണ്. ഇവിടത്തെ കോളനികളിലായി 750 ഹരിജൻ കുടുംബങ്ങളും മററു പ്രദേശങ്ങളിലായി ഏകദേശം 200 ഓളം കുടുംബങ്ങളും താമസിക്കുന്നു ഇതിൽ 199 കുടുംബങ്ങൾക്ക് താമസയോഗ്യമായ വീടില്ല.

ഈ പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ടവരിൽ ഭൂരിഭാഗ കർഷകതൊഴിലാളികളും ചെങ്കൽ, കരിങ്കൽ ക്വാററികളിലും, കെട്ടിട നിർമ്മാണ മേഖലകളിലും ജോലികളിൽ ഏർപ്പെടുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ വിദ്യാസമ്പന്നരായവർ വളരെ കുറച്ചുപേർ മാത്രമേ ഉള്ളൂ. മദ്യപാനം ഈ വിഭാഗത്തിന്റെ ജീവിതനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് കടം വാങ്ങുന്ന ശീലം കൂടികൂടി തൊഴിലാളികൾ മുഴവൻ തന്നെ സ്വകാര്യ പണമിടപാടുകാരുടെ കൈകളിലെ കളിപ്പാവകളായി മാറിയിരിക്കുകയാണ്. ആഴ്ചയിലെ എല്ലാദിവസവും കൃത്യമായി പണം പിരിവിനെത്തുന്ന 'ആഴ്ചത്തമിഴൻ' ഗ്രാമപഞ്ചായത്തിലെ സ്ഥിരം പ്രതിഭാസമായി മാറിയിരിക്കുന്നു. ദിവസവും പണിമാററുമ്പോഴേക്ക് പണിസ്ഥലത്തെത്തുന്ന നാടൻ പണമിടപാടുകാരും നാട്ടിൻപുറത്തെ സ്ഥിരം കാഴ്ചയാണ് തൊഴിലാളികളുടെ വരുമാനത്തിന്റെ സിംഹഭാഗവും സ്വകാര്യപണമിടപാടുകാർക്ക് പലിശ കൊടുക്കാൻ ഉപയോഗിച്ചുകൊണ്ടിരിക്കയാണ്.

I.R.D.P, I.H.D.P, J.R.Y, Untied Fund തുടങ്ങിയവ മുഖേന ഒട്ടേറെ കാര്യങ്ങൾ പട്ടികജാതി വിഭാഗങ്ങൾക്കായി ചെയ്തിട്ടുണ്ട് മണ്ണുസംരക്ഷണവകുപ്പിന്റെ പ്രവർത്തനം പട്ടിക ജാതികുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പ് മുഖേനെയും പട്ടികജാതികുടുംബങ്ങൾക്ക് പശു, ആട്, തുടങ്ങിയ വളർത്തുമൃഗങ്ങളെ നല്കിയിട്ടുണ്ട് കൃഷിഭവൻ മുഖേനയും കാർഷിക ഉപകരണങ്ങളും നടീൽവസ്തുക്കളും നല്കിയിട്ടുണ്ട് ഖാദിനെയ്ത്തുകേന്ദ്രത്തിലും T. G. M. T. മുഖേനയും പട്ടികജാതി പെൺകുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്.

പരമ്പരാഗതമായി കട്ട, മുറം, പനമ്പ്, നെയ്ത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരു വിഭാഗം ആളുകൾ പഞ്ചായത്തിൽ ഉണ്ട്. തിരുമിററക്കോട് അമ്പലം സെൻററിനടുത്ത് പ്രവർത്തിക്കുന്ന തിരുമിററക്കോട് ദളിത് പട്ടികജാതി കൊട്ടനെയ്ത്ത് തൊഴിലാളി വ്യവസായസഹകരണസംഘം, ഖാദിവ്യവസായസഹകരണസംഘം എന്നിവ കുറച്ചുപേർക്ക് തൊഴിൽ നൽകുന്നുണ്ട്. കളരിക്കപ്പറമ്പ് മേഖലയിൽ സ്വകാര്യ വ്യക്തിയുടെ നിയന്ത്രണത്തിൽ ഓടയും ഈററയും ഇറക്കി കുറേപേർക്ക് തൊഴിൽ നല്കുന്നുണ്ട്. പട്ടികജാതിവിഭാഗത്തിൽപ്പെട്ട പലരും വാദ്യകലകളിൽ പ്രാവീണ്യം നേടിയിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പലരും ഇന്നും അന്ധവിശ്വാസങ്ങൾക്കടിമകളാണ്. മന്ത്രവാദം മദ്യപാനശീലവും കുറേയേറെ കുടുംബങ്ങളുടെ സാമൂഹിക സമ്പത്തിക സ്ഥിതി നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

## പ്രശ്നങ്ങൾ

1 കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. കോളനികളിൽ കുടിവെള്ളം, വൈദ്യുതി, പ്രാഥമികസൗകര്യം നിർവ്വഹിക്കാനാവശ്യമായ കക്കൂസ് സൗകര്യം എന്നിവ ലഭ്യമല്ല.

2 പട്ടികജാതിക്കാരുടെ പൊതു അവസ്ഥ ദയനീയമാണ്.

3 പട്ടികജാതി വിഭാഗത്തിൽ പ്പെടുന്നവരുടെ കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടെങ്കിലും കൊഴിഞ്ഞു പോക്ക് നിലനിൽക്കുന്നു.

4 വിദ്യാർത്ഥികൾ ആയിരിക്കുമ്പോൾ തന്നെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾ തൊഴിലിലേർപ്പെടുന്നു. ഇതുമൂലം വിദ്യാഭ്യാസത്തോടുള്ള ഉൽസാഹം നഷ്ടപ്പെടുന്നു.

5 തൊഴിൽ മേഖലകളിൽ നെൽകൃഷിയെയാണ് ഈ വിഭാഗം ആശ്രയിക്കുന്നത്. എന്നാൽ ഈ മേഖലയിൽ വേണ്ടത്ര തൊഴിൽ സൗകര്യം ഇല്ല.

6 പട്ടികജാതി വിഭാഗത്തിൽ പുത്തൻതലമുറകളിൽ നിരക്ഷരർ കുറവാണെങ്കിലും പഴയതലമുറയിൽ അക്ഷരാഭ്യാസമറിയാത്തവർ ധാരാളം ഉണ്ട്.

7 പട്ടികജാതിവിഭാഗത്തിൽ 199 പേർക്ക് ഈ പഞ്ചായത്തിൽ സ്വന്തമായി വീടില്ല.

8 ഹരിജൻ കോളനിയിൽ പ്രധാനമായും വീട്, വൈദ്യുതി വെള്ളം, കക്കൂസ്, റോഡ് സൗകര്യം എന്നിവ ആവശ്യാനുസരണം ലഭ്യമല്ല

9 ഈ വിഭാഗത്തിൽപ്പെട്ടവർ മററുള്ളവരേക്കാൾ മദ്യപാനാസക്തി ഉള്ളവരാണ്. അദ്ധ്വാനിച്ച കൂലികൂടാതെ കടം വാങ്ങിയും മദ്യപാനം നടത്തുന്നവർ ഉണ്ട്.

10 പട്ടികജാതി വ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും എത്തുന്നില്ല.

**നിർദ്ദേശങ്ങൾ:-**

1 കുടിവെള്ളക്ഷാമം പരിഹരിക്കാൻ നിലവിലുള്ള പദ്ധതിയായ പാവർട്ടിശുദ്ധജലവിതരണ പദ്ധതി ഉടൻ കമ്മിഷൻ ചെയ്യണം കുഴൽകിണറുകൾ കുഴിക്കാനുള്ള സൗകര്യം ഉണ്ടാവണം കൂടാതെ കക്കൂസ് സൗകര്യം ഉണ്ടാവണം അതുപോലെ വീടുകൾ വൈദ്യുതീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യണം പഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എസ് ഇ യു [സോഷ്യൽ ഇക്കണോമിക്സ് യൂണിററ്] പദ്ധതിപ്രകാരം വീടുകളിൽ കക്കൂസ് നല്കാൻ ആവശ്യമായ നടപടികൾ ഉടൻവേണം.

2 കാലാകാലങ്ങളിൽ ഗവൺമെൻറ് പ്രഖ്യാപിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഈ വിഭാഗത്തിന് ഉദ്ദേശിക്കുന്ന രൂപത്തിൽ ലഭിക്കാനുള്ള പ്രവർത്തനങ്ങൾ ഉത്തരവാദിതപ്പെട്ടവരുടെ ഭാഗത്തു നിന്ന് ഉണ്ടാവണം.

3 വിദ്യാലയങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ കൊഴിഞ്ഞു പോക്ക് പരിഹരിക്കണമെങ്കിൽ ആ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളെ വേണ്ടത്ര ബോധവൽക്കരണം നല്കി വിദ്യാഭ്യാസ രംഗത്തേക്ക് കൂടുതൽ ശ്രദ്ധചെലുത്താനുള്ള പ്രവർത്തനങ്ങൾ ഉണ്ടാവണം. ഇതുമൂലം വിദ്യാർത്ഥികളായിരിക്കുമ്പോൾ ഈ വിഭാഗം ആൺകുട്ടികൾ ഭൂരിഭാഗം പേരും തൊഴിലിലേർപ്പെടുന്നതു് തടയാൻ കഴിയും.

4 കൃഷി മേഖലയിൽ കൂടുതൽ തൊഴിൽ ലഭ്യമാകുന്നതിനുവേണ്ടി കൂട്ടുകൃഷിസമ്പ്രദായം കൂടുതൽ വിപുലീകരിക്കണം. കൃഷിചെയ്യാതെ കിടക്കുന്ന തരിശു ഭൂമികളിൽ കൃഷി ചെയ്യുന്നതിനു വേണ്ട പ്രവർത്തനം നടത്തണം.

5 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി വയോജന

വിദ്യാഭ്യാസം നടപ്പിലാക്കിയാൽ പഴയതലമുറയിലുള്ള അക്ഷരാഭ്യാസമറിയാത്തവരെ സാക്ഷരരാക്കാൻ കഴിയും

6 പട്ടികജാതി വിഭാഗത്തിൽ വീടില്ലാത്തവർക്ക് ഏതെല്ലാം രീതിയിൽ വീടുനല്കാൻ കഴിയും എങ്കിൽ ആ പ്രവർത്തനം വളരെ കാര്യക്ഷമമായി ഏറ്റെടുക്കണം.

7 കോളനികളിൽ അക്ഷരസംഘം രൂപീകരിച്ച് അവയുടെപ്രവർത്തനങ്ങളിൽ ഈ വിഭാഗത്തെ കൂടുതൽ ഉൾപ്പെടുത്തിയാൽ അവർക്ക് കൂടുതൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയും.

8 ഈ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനത്തിനു വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു സമിതിരൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തണം ക്ഷേമപ്രവർത്തനങ്ങൾ ജനസംഖ്യാനുപാതികമായി വിഭജിക്കണം.

9 കൃത്യമായി തൊഴിൽ ലഭിക്കാനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം ചെറുകിട വ്യവസായങ്ങൾ കുടിൽ വ്യവസായങ്ങൾ എന്നിവവഴി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയും.

10 ഈ വിഭാഗത്തിലുള്ള യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നല്കി ചെറുകിടവ്യവസായങ്ങളോ മററനുബന്ധ സ്ഥാപനങ്ങളോ ആരംഭിക്കാൻ ധനസഹായം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

11 പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പട്ടികജാതിവ്യവസായസഹകരണസംഘത്തിന്റെ ശാഖകൾ സ്ഥാപിക്കണം.

## ഹരിജൻ കോളനികൾ

| Sl. No. | W. No. | No. | കോളനികൾ | കുടുംബങ്ങളുടെ എണ്ണം | IHDP കോളനികൾ |
|---|---|---|---|---|---|
| 1 | I | 1 | ഒരുപ്പാക്കം പാടം കോളനി | 23 | |
| 2 | I | 2 | കല്ലിപ്പറമ്പിൽ കോളനി | 16 | |
| 3 | I | 3 | പെരടിപ്പുറത്ത് കോളനി | 30 | |
| 4 | II | 1 | പറയൻകോളനി [ചാഴിയാട്ടിരി] | 14 | |
| 5 | II | 2 | കുഴപ്പത്തിന്മേൽ കോളനി | 19 | |
| 6 | II | 3 | പള്ളിപ്പാടം ഹരിജൻകോളനി | 23 | |
| 7 | II | 4 | പള്ളിപ്പാടം പറയൻ കോളനി | 16 | |
| 8 | III | 1 | ഒഴവത്രപുതുക്കളങ്ങര കോളനി | — | 17 |
| 9 | III | 2 | മനപ്പടി കോളനി | 9 | |
| 10 | III | 3 | മേലോറത്ത് കോളനി | 10 | |
| 11 | III | 4 | പട്ടണത്ത് ഹരിജൻ കോളനി | 13 | |
| 12 | III | 5 | പൊരുതയിൽ കോളനി | 10 | |
| 13 | III | 6 | വടക്കേകര കോളനി | 18 | |
| 14 | IV | 1 | പെരിങ്കന്നൂർ അത്താണിപ്പറമ്പിൽ കോളനി | 14 | |
| 15 | IV | 2 | പിഞ്ഞാലിക്കുന്ന് കോളനി | 20 | |
| 16 | IV | 3 | തോട്ടക്കാട്ടിമേൽ കോളനി | 21 | |
| 17 | V | 1 | വെള്ളടിക്കുന്ന് കോളനി | 13 | |
| 18 | V | 2 | പട്ടണത്ത്പടി കോളനി | 19 | |
| 19 | V | 3 | ചക്കൻചേരി കോളനി | 25 | |
| 20 | V | 4 | ചരപ്പറമ്പ് കോളനി | 13 | |
| 21 | VI | 1 | നെല്ലിക്കാട്ടിരി കുണ്ടുപറമ്പിൽ കോളനി | 12 | |
| 22 | VI | 2 | നെല്ലിക്കാട്ടിരി പാലത്തിങ്കൽ കോളനി | 12 | |
| 23 | VI | 3 | രായമംഗലം പറയക്കോളനി | 23 | |
| 24 | VII | 1 | തീരുമിററക്കോട് കോളനി | 11 | |
| 25 | VII | 2 | ഓട്ടുപാറക്കുന്ന് കോളനി | | 4 |
| 26 | VII | 3 | കലവറപ്പടി കോളനി | 17 | |
| 27 | VIII | 1 | വടക്കുംമുറി കോളനി | 20 | |
| 28 | VIII | 2 | ചെട്ടിപ്പട്ടി കോളനി | 23 | |
| 29 | VIII | 3 | ചാലശ്ശപ്പറമ്പിൽ കോളനി | 9 | |
| 30 | VIII | 4 | കുന്നങ്ങാട് നാലുസെൻറ് | 15 | |
| 31 | IX | 1 | കളരിക്കൽപറമ്പിൽ കോളനി | | 15 |
| 32 | IX | 2 | പൂലാത്തുപറമ്പ് കോളനി | 10 | |
| 33 | IX | 3 | എഴുമങ്ങാട് ഹരിജൻ കോളനി | 12 | |
| 34 | IX | 4 | എഴുമങ്ങാട് ലക്ഷംവീട് കോളനി | 15 | |
| 35 | X | 1 | അകിലാണം കോളനി | 24 | |

# വിഭവ സമാഹരണം

വീട്ടനികുതി, തൊഴിൽനികുതി, വിനോദനികുതി, ലൈസൻസ് ഫീസ്, മണൽലേലം എന്നിവയിൽ നിന്നാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനം. പഞ്ചാത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചിലവിന് തന്നെ പ്രസ്തുത തുക തികയാത്ത അവസ്ഥയാണ്. വീട്നികുതി, തൊഴിൽ നികുതി എന്നിവയിൽ ചെറിയതോതിൽ വർദ്ധനവ് ഉണ്ടാക്കാം. മണൽ ലേലത്തിൽ വളരെ ഭീമമായ സംഖ്യയാണ് പഞ്ചായത്തിന് നഷ്ടമായി കൊണ്ടിരിരുന്നത്. 96-97 വർഷത്തിൽ മാത്രമാണ് മോശമല്ലാത്ത സംഖ്യ മണൽ ലേലത്തിലൂടെ പഞ്ചായത്തിന് ലഭിച്ചത്. പഴതുകറം അടച്ച് ശാസ്ത്രീയമായരീതിയിൽ മണൽ വാരുന്നതിന് ക്രമീകരണം ഉണ്ടാക്കിയാൽ വർഷം തോറും വലിയ ഒരു സംഖ്യ പഞ്ചായത്തിന് വരുമാനം ഉണ്ടാക്കാൻ കഴിയുന്നതാണ്.

മണൽ വാരുന്നതിന് മണൽ തൊഴിലാളികളുടെ സഹകരണ സംഘം സ്ഥാപിച്ച് പ്രസ്തുത സഹകരണ സ്ഥാപനത്തെ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെടുത്തുകയാണെങ്കിൽ ഇന്നു നടക്കുന്ന പകൽ കൊള്ള അവസാനിപ്പിക്കാൻ കഴിയും. സ്റ്റാമ്പ് ഡ്യൂട്ടി ബേയ്സിക്ക് ടാക്സ് ഗ്രാന്റ് V. tc. ഗ്രാന്റ് V. R M. ഗ്രാന്റ് യുണൈറ്റഡ് , ഫണ്ട് M. I. ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിലായി സംസ്ഥാന സർക്കാറിൽനിന്നും കിട്ടുന്ന സംഖ്യകളാണ് പഞ്ചായത്തിന്റെ മറ്റൊരു പ്രധാന ധനാഗമമാർഗ്ഗം. കേന്ദ്രസർക്കാറിന്റെ ജവഹർ റോസ്ഗർ യോജന വഴി കഴിഞ്ഞ 5, 6 വർഷങ്ങളിൽ ഉദ്ദേശം 4½ 5 ലക്ഷം ഉറുപ്പികവീതം ഓരോ വർഷവും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പുതിയ സംവിധാനത്തിൽ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ബഡ്ജററിൽ വക ഇരുത്തിയ പണത്തിന്റെ വിഹിതം ഘട്ടം ഘട്ടമായി ലഭിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങരം, ബാങ്കുകരം തുടങ്ങിയവവഴി ഇന്നേവരെ ഏതെങ്കിലും പദ്ധതിയുടെ ആവശ്യത്തിനായി പഞ്ചായത്തിന് പണം ലഭിച്ചിട്ടില്ല.

തിരുമിററക്കോട് ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ നിർമ്മാണത്തിന് പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ആയി 1,62000 രൂപ സംഭാവനയായി സ്വീകരിച്ചിട്ടുണ്ട്. വിവിധ റോഡുകളുടെ അററകുററ പണികരം നടത്തുന്ന അവസരത്തിലും നിർമ്മാണ ഘട്ടത്തിലും കിണറുകളുടെ മണ്ണ്

എടുക്കൽ, പാറ പൊട്ടിക്കൽ പ്രവൃത്തികളിലും, പൊതുജനങ്ങൾ ശ്രമദാനമായും മററും പഞ്ചായത്തിൻെറ പ്രവർത്തനവുമായി സഹക കരിക്കാറുണ്ട്. പുതിയ റോഡുകളുടെയും, തോടുകളുടെയു, മററു പ്രവർ ത്തനത്തിൽ ഗ്രാമസഭകൾ മുഖേന ശ്രമദാനം വാഗ്ദത്തം ലഭിച്ചി ട്ടിട്ടുണ്ട്. റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പൊതു ജനങ്ങൾ വിട്ടുതരിക പതിവാണ്. തോടുകളുടെ വിപുലീകരണത്തി നും, കുളങ്ങളുടെ പുനരുദ്ധാരണത്തിനും ആവശ്യമായ സ്ഥലങ്ങൾ ജനങ്ങൾ സ്വമേദയാ വിട്ടുതരേണ്ടതുണ്ട്. വീതികൂടിയ റോഡുകളുടെ വശങ്ങളിലും, തോടുകളുടെ വശങ്ങളിലും വിവിധ വൃക്ഷങ്ങളും, തേക്കുകളും, തെങ്ങുകളും മററും വച്ചുപിടിപ്പിക്കാവുന്നതാണ്. പഞ്ചാ യത്തിൻെറ അതിർത്തിയിലുള്ള വൃക്ഷങ്ങളുടെ ഉൽപന്ന ലേലത്തിൽ നിന്നും മററും ആയി കുറച്ചു പണം പഞ്ചായത്തിനു് ലഭിക്കുന്നു.

സ്വകാര്യ മേഖലയിൽ പണം മുടക്കാൻ കഴിവുള്ള ചുരുക്കം ചിലർ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. വിദേശത്ത് ജോലിയുള്ള പ്രസ്തുത ജനങ്ങളെ ഏതെങ്കിലും തരത്തിലുള്ള വ്യവസായ സംരംഭ ങ്ങളിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടില്ല. ഭൂരിഭാഗം പേരും ഭൂമി യിലും, കെട്ടിടത്തിലും, വാഹനങ്ങളിലും ചുരുക്കം ചില കച്ചവട സ്ഥാപനങ്ങളിലും ആയി പണം മുടക്കുന്ന കാഴ്ചയാണ് കാണുന്നത്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഷഡ്യൂൾഡ് ബാങ്കിൽ തദ്ദേശവാസികളുടെ ധാരാളം നിക്ഷേപമുണ്ടെങ്കിലും നിക്ഷേപത്തി നനുസരിച്ച് കടം കൊടുക്കുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിയു ന്നത്. പ്രൈമറി സഹകരണ സംഘത്തിൻെറ പ്രവർത്തന മേഖല വിപുലപ്പെടുത്തി മററു മേഖലകളിലേക്ക് കൂടി കടം കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതുണ്ട്. സ്വകാര്യ മേഖലയിൽ മൂലധന നിക്ഷേപം നടത്താനുള്ള പ്രേരണ നൽകുന്ന സാഹചര്യം പഞ്ചായ ത്തിൽ സംജാതമായിട്ടില്ല ബോധവൽക്കരണവും ഭൗതിക സാഹചര്യം ഒരുക്കുന്ന പ്രക്രിയയും നടത്തേണ്ടതുണ്ട്. വനിതകളുടെ സ്വയം തൊഴിൽ കണ്ടെത്തുന്ന സംരംഭങ്ങളിലേക്കും മററും മൂലധനം കണ്ടെത്താൻ സ്ഥാപനങ്ങളില്ല. വനിതാ സഹകരണസംഘങ്ങളും രൂപീകരിക്കാവുന്നതാണ്.

## ഗ്രാമീണ കടം

തൊഴിലാളികളും താഴ്ന്ന വരുമാനക്കാരും സ്വകാര്യ പണമിട പാടുക്കാരുടെ നീരാളിപിടുത്തത്തിലാണ്. അവർ ഈടാക്കുന്ന

പലിശ അവിശ്വസനീയമാം വിധം അധികമാണ്. യാതൊരു രേഖകളും സെക്യൂരിററിയും ഇല്ലാതെ പണം ക-ം കൊടുക്കുന്ന 'ആഴ്ച തമിഴനും' എല്ല ദിവസം വൈകുന്നേരങ്ങളിലും 'അടവ്' ജോലി സ്ഥലത്ത് ചെന്നെടുക്കുന്ന 'ബ്ലേഡുകാരനും' നിത്യകാഴ്ചയാണ്. സാധാരണക്കാരന്റെ വരുമാനത്തിന്റെ സിംഹഭാഗവും പലിശ രൂപത്തിൽ സ്വകാര്യ പണമിടപാടുകാർ വസൂലാക്കിക്കൊണ്ടിരിക്കയാണ്. തൊഴിലാളികൾക്കും, സാധരണക്കാർക്കും അവരുടെ വരുമാനത്തിനനുസരിച്ച് ജീവിത പുരോഗതി ഉണ്ടാകണമെങ്കിൽ സ്വകാര്യ പണമിടപാടുകാരുടെ കൈകളിൽനിന്നും അവരെ മോചിപ്പിച്ചേ പററൂ. നിലവിലുള്ള ബാങ്കിങ്ങ് സമ്പ്രദായവും സഹകരണ ബാങ്കിന്റെ സേവനങ്ങളും ഈ മേഘലയുടെ രക്ഷക്കെത്തുന്നില്ല. ബാങ്കിങ്ങ് സമ്പ്രദായത്തിൽ പ്രത്യേകം ക്രമീകരണങ്ങൾ ഉണ്ടാക്കി ഈ വിഭാഗങ്ങൾക്ക് ക്രെഡിററ് സൗകര്യം നൽകണം.

പ്രാദേശിക തലത്തിൽ ക്ലബ്ബുകൾ സാംസ്കാരിക സംഘടനകൾ എന്നിവയെ ഉപയോഗിച്ച് "ബാലയ്യവജന ട്രസ്റ്റുകൾ" രൂപീകരിക്കാവുന്നതാണ്. പ്രദേശത്തിലെ മുഴുവൻ ജനങ്ങളേയും അംഗങ്ങളാക്കി പ്രസ്തുത ട്രസ്റ്റിന്റെ സേവനം എല്ലാ കുടുംബങ്ങൾക്കും കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. ചുരുങ്ങിയ ഗ്രാമീണ കടാവശ്യങ്ങൾ നിറവേററാൻ പ്രസ്തുത ട്രസ്റ്റുകളെ ചുമതലപ്പെടുത്താവുന്നതാണ്. ആസ്പത്രി ആവശ്യങ്ങൾക്കും മരണാനന്തര സഹായം നൽകാനും പ്രസ്തുത ട്രസ്റ്റുകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

## തിരുമിററക്കോട് ഗ്രാമ പഞ്ചായത്ത്
## 1995–96 വർഷത്തെ വരവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 141401–05 | 141401–05 | |
| സർവ്വീസ് ചാർജ്ജ് L. cess | 6974–95 | 6974–95 | |
| തൊഴിൽനികുതി | 82735–00 | 82735–00 | |
| വാഹനനികുതി | | | |
| വിനോദനികുതി | 17722-57 | 17722–57 | |
| അഡീ: വിനോദനികുതി | 10743–97 | 10743–97 | |
| പ്രദർശനനികുതി | 1996–00 | 1996–00 | |
| പ്രദർശന നികുതിയിന്മേലുള്ള സർ ചാർജ്ജ് | 499–00 | 499–00 | |
| ചന്തവരവ് | — | — | |
| ലാൻറ്സെസ്സ് | — | — | |
| ലൈസൻസ് ഫീസ് | 3775–50 | 3775–50 | |
| കെട്ടിടനികുതി സർചാർജ്ജ് | — | — | |
| വസ്തുകൈമാററ നികുതി | — | — | |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ | — | — | |
| സംഭാവന | — | — | |
| ഡെപ്പോസിററ് | 10630–00 | 10630.00 | |
| മററുള്ളവ | 857585–12 | 857585.12 | |
| ആകെ | 1360163–16 | 1360163.16 | |

## തിരുമിററക്കോട് ഗ്രാമപഞ്ചായത്ത്
## ഗ്രാൻറ് വിവരങ്ങൾ 95-96

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | Spl Grand രൂപ | JRY രൂപ | അൺടൈഡ് ഫണ്ട് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% രൂപ | 75% രൂപ | | | | |
| 29936.00 | 12954.00 | 180794.00 | NIL | 226100.00 | NIL | 512919.00 | 296000.00 | 1258703.00 |

## തിരുമിററക്കോട് ഗ്രാമ പഞ്ചായത്ത്
## പൊതുസാമ്പത്തികനില 1995-96

| | പൊതുകണക്ക് | മൂലധനകണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 1685500-00 | 600000-00 | 183000-00 |
| ചിലവ് | 1323000-00 | 1020000 00 | 90000-00 |

3

## വിദ്യാഭ്യാസം

ഏതൊരു സമൂഹത്തിൻെറയും വളർച്ചയുടെയും പുരോഗതിയുടേയും അടിസ്ഥാനം വിദ്യാഭ്യാസത്തിലൂടെ, അറിവിലൂടെ, സ്വതന്ത്രചിന്തയിലൂടെ, സ്വാംശീകരിക്കുന്ന ബോധമാണ്. ഈ ആശയമുൾക്കൊണ്ട് ഈ നൂററാണ്ടിൻെറ ആരംഭം മുതൽ തന്നെ അറിവിൻെറ വാതായനങ്ങൾ തുറക്കാൻ ഇവിടെ ശ്രമം തുടങ്ങിയിട്ടുണ്ട്. എഴുത്തുപള്ളിക്കൂടങ്ങളും എഴുത്താശാന്മാരും എളിയതോതിൽ പ്രവർത്തിച്ചിരുന്നു. അംശം അധികാരിമാരുടെ ഒത്താശയോടെ ആദ്യകാല സ്കൂളുകളുടെ പ്രവർത്തനം ചാത്തന്നൂരിലും എളവള്ളിയിലും മററും ആരംഭിച്ചു. താലൂക്ക് ബോർഡിൻെറ നേതൃത്വത്തിൽ ബേഡ്എലിമെൻററി സ്കൂൾ ചാത്തന്നൂരിൽ സ്ഥാപിച്ചതോടെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് പഞ്ചായത്തിൽ തുടക്കം കുറിച്ചു. ഈ വർഷം പ്ലാററിനം ജൂബിലി ആഘോഷിക്കുന്ന പള്ളിപ്പാടം ലോവർ പ്രൈമറിസ്കൂൾ പ്രവർത്തനമാരംഭിച്ചത് പെൺകുട്ടികൾക്ക് മാത്രം പഠിക്കാനുള്ള സ്കൂളായിട്ടായിരുന്നു 1948ൽ മലബാർ ഡിസ്ട്രിക്ററ് ബോർഡിൻെറ കീഴിൽ ചാത്തന്നൂരിൽ ഗവ: ഹൈസ്ക്കൂൾ സ്ഥാപിച്ചതോടെ S.S.L.C വരെ പഠിക്കാനുള്ള സൗകര്യം പഞ്ചായത്തിനുള്ളിൽ ലഭ്യമായി.

പഞ്ചായത്തിലേയും പരിസര പ്രദേശങ്ങളിലേയും ഒട്ടേറെ പേർ ഇവിടെനിന്നും പഠിച്ചുയർന്ന് ഉന്നത വിദ്യാഭ്യാസം നേടി ഉയന്ന പദവികൾ അലങ്കരിച്ചിട്ടുണ്ട്; അലങ്കരിക്കുന്നുണ്ട്. ഗൾഫ് പണത്തിൻെറ കുത്തൊഴുക്കും പണമാണ് എല്ലാററിനും മീതെ എന്ന ചിന്താഗതിയുടെ സ്വാധീനവും മററു പ്രദേശങ്ങളിലെന്നപ്പോലെ ഇവിടത്തെ വിദ്യഭ്യാസ നിലവാരത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജീവിതമെന്ന മഹാപ്രഹേളികക്ക് ഉത്തരം കണ്ടെത്താൻ നമ്മുടെ വിദ്യഭ്യാസം നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നില്ല എന്ന ദുഃഖസത്യം നാം കാണാതിരുന്നുകൂടാ. പുതിയ ചിന്താഗതികളും പണമുള്ളവനെ മാത്രം മാനിക്കുന്ന സമൂഹത്തിൻെറ പ്രവണതകളും അധ്യാപകർക്ക് സമുഹത്തിലുണ്ടായിരുന്ന മാന്യതയ്ക്കും 'ഗുരുസ്ഥാനത്തിനും' മങ്ങലേൽപിച്ചു. മറേറതൊരു ജോലിയും പോലെ അധ്യാപന വൃത്തിയും ജീവിതവൃത്തിയായി. കൂടുതൽ അഭികാമ്യമായ തൊഴിലുകൾ തേടി പുരുഷന്മാർ പോയപ്പോൾ രംഗത്ത് സ്ത്രീകൾ കൂടുതലായി.

ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ കാൽഭാഗത്തിലധികം സ്കൂൾ വിദ്യാർത്ഥികളാണ്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 12 സ്കൂളുകളിലേക്ക് പോകുന്നതിനുപുറമെ, തൃത്താല. നാഗലശ്ശേരി, പട്ടിത്തറ, ദേശമംഗലം, വരവൂർ. എരുമപ്പെട്ടി എന്നീ സമീപപഞ്ചായത്തുകളിലെ വിദ്യാലയങ്ങളിലേക്കും ഇവിടത്തെ കുട്ടികൾ പോകുന്നുണ്ട്. വിദൂരസ്ഥലങ്ങളിലെ കോൺവെൻറ് സ്കൂളുകളിലും ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലും പോയി 'ഉയർന്ന നിലവാര' മുള്ള വിദ്യാഭ്യാസം നേടുന്നവരുമുണ്ട് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയംസ്കൂളുകൾ ഗ്രാമപഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ പൊന്തിവരുന്ന പ്രവണത അനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളും 4 ലോവർ പ്രൈമറി സ്കൂളുകളും സർക്കാർതലത്തിലാണ്. 4 ലോവർ പ്രൈമറി സ്കൂളുകളും 3 അപ്പർപ്രൈമറി സ്കൂളുകളും സ്വകാര്യമേഖലയിലാണ്. ഗ്രാമപഞ്ചായത്തിലെ 12 സ്കൂളുകളിലായി മൊത്തം 6230 കുട്ടികൾ പഠിക്കുന്നുണ്ട്. ചാത്തന്നൂർ ഗവ: ഹൈസ്കൂളിൽ 1944ഉം 3 യു. പി. സ്കൂളുകളിലായി 2569 കുട്ടികളും ലോവർ പ്രൈമറി വിഭാഗത്തിൽ 1717 കുട്ടികളും പഠിക്കുന്നുണ്ട്. 2986 പെൺകുട്ടികളും 3,244 ആൺകുട്ടികളും പഠിക്കുന്നു. 5 വയസ്സായ ആരോഗ്യമുള്ള മുഴുവൻ കുട്ടികളും സ്കൂളിൽ ചേരുന്നുണ്ട്.

ജനസംഖ്യാ നിയന്ത്രണത്തിൻെറ ഭാഗമായി കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള ആഭിമുഖ്യവും 1–ാം സ്റ്റാൻേറഡിലെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാക്കിക്കൊണ്ടിരിക്കുന്നു ഡിവിഷൻ നഷ്ടപ്പെടുന്നതിലേക്കും സ്കൂളിൻെറ നിലനിൽപ്പുതന്നെ അപകടപെടുന്നതിലേക്കും സ്കൂളുകൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരങ്ങളിലേക്കും ഈ അവസ്ഥ വഴി തുറക്കുന്നു.

പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളും ഭൗതീക സാഹചര്യങ്ങളുടെ കാര്യത്തിൽ മെച്ചപ്പെട്ട നിലയിലല്ല. ഹൈസ്കൂൾ അധ്യാപകർക്ക് ഇരിക്കാൻ കസേരയോ എഴുതാൻ മേശയോ ഇല്ല. കുട്ടികൾക്ക് ആവശ്യത്തിന് ബെഞ്ചും ഡസ്കും ഇല്ല. കുടിവെള്ള

ത്തിൻെറ സൗകര്യംവു കക്കൂസ് സൗകര്യവുംമിക്ക സ്ക്കൂളുകളിലും ഇല്ല. ഭൂരിപക്ഷം സ്ക്കൂളുകൾക്കും വൈദ്യുതകണക്ഷൻ ഇല്ല. കളിക്കാനും മററു വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള സൗകര്യവും കുറവാണ്. ലൈബ്രറികളുടേയും ലബോറട്ടറികളുടേയും പ്രവർത്തനം നാമമാത്രമാണ്.

പഞ്ചായത്തിലെ ഏക ഹൈസക്കൂളിന് വളരെയേറെ സ്ഥലമുണ്ട്—ഉദ്ദേശം 19 ഏക്ര. പക്ഷെ ചുററുമതിലോ, സംരക്ഷണവേലിയോ ഇല്ല. വെള്ളം കുത്തിയൊലിച്ച് ചിലഭാഗങ്ങളിൽ ചാലുകളും കുഴികളും രൂപപ്പെട്ടിരിക്കുന്നു. പൂർവ്വവിദ്യാർത്ഥികൾ പണം പിരിച്ച് കളിസ്ഥലം നേരെയാക്കുകയും കെട്ടിടത്തിൻെറ അററകുററ പണികൾ ചെയ്യുകയും ബഞ്ചുകളും ഡസ്ക്കുകളും ഉണ്ടാക്കുകയുമെക്കെ ചെയ്തിട്ടുണ്ട്. കക്കാട്ടു മനക്കാർ ദാനം ചെയ്ത ഭൂമിയിൽ നാട്ടുകാർ പണം പിരിച്ച് ഉണ്ടാക്കിയ പഴയകെട്ടിടങ്ങളിൽ പലതും ജീർണ്ണാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്.

സർക്കാർ തലത്തിലുള്ള ലോവർ പ്രൈമറി സ്ക്കൂളുകളിൽ 3 എണ്ണത്തിനും വേണ്ട വിധത്തിലുള്ള കെട്ടിട സൗകര്യമില്ല. അകിലാണം സ്ക്കൂൾ വാടകകെട്ടിടത്തിലാണ് പ്രവത്തിക്കുന്നത്. ക്ലാസ്സുകളെ വേർതിരിക്കാൻ തട്ടികയോ മററു സൗകര്യമോ പല സ്ഥലങ്ങളിലും ഇല്ല.

S S L·C വിജയശതമാനം വളരെ കുറവാണ്. 20–25 ശതമാനം. പത്താം ക്ലാസ്സിലെത്തിയ കുട്ടികൾക്കപോലും മലയാളം തെററു കൂടാതെ എഴുതാനും വായിക്കാനും പററാത്ത സ്ഥിതിയുണ്ട്. പ്രാഥമിക സർവ്വേ പ്രകാരം 10–ാംതരത്തിൽ പകുതിയിലധികം കുട്ടികളും 20%ൽ താഴെ മാത്രം മാർക്ക് ലഭിച്ചവരാണ്. 8,9 ക്ലാസ്സുകളിൽ 60%ൽ അധികം കുട്ടികളും 20% താഴെ മാത്രം മാർക്ക് ലഭിച്ചവരാണ്. U.P വിഭാഗത്തിലും L.P വിഭാഗത്തിലും ഇത് യഥാക്രമം 50%വും 30%വും വരും. ഇത് സൂചിപ്പിക്കുന്നത് അതാത് ക്ലാസ്സിൽ പഠിക്കേണ്ട കാര്യങ്ങൾ കുട്ടിപഠിച്ചു എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല എന്നതാണ്.

11 സ്ക്കൂളുകളിൽ ലോവർ പ്രൈമറി ക്ലാസ്സുകൾ ഉണ്ട്. മതുപ്പുള്ളി, പെരിങ്കന്നൂർ പ്രദേശങ്ങളിലുള്ള കുട്ടികൾക്ക് 1½–2 കി.മീററർ നടന്നാൽ മാത്രമേ സ്ക്കൂളിൽ എത്താൻ പററൂ ഹൈ

സ്കൂളിലേക്കും UP കളിലേക്കും പലകുട്ടികൾക്കും കുറച്ചേറേ യാത്ര ചെയ്യേണ്ടതുണ്ട്. വാഹനങ്ങളിലെ യാത്ര അതീവ ക്ലേശ കരമാണ്. ഗ്രാമപഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ മേഖല യിലുള്ള ഹൈസ്കൂളിലേക്ക് എത്തിച്ചേരാൻ പഞ്ചായത്തി ന്റെ വടക്കുകിഴക്കൻ മേഖലയിലുള്ളവർക്ക് വളരെ ബുദ്ധിമുട്ടു ണ്ട്. 10–15 കി മീററർ യാത്ര ചെയ്ത് ദേശമംഗലം, പട്ടാമ്പി, വട്ടേനാട് എന്നിവിടങ്ങളിലേക്ക് പ്രസ്തുത പ്രദേശത്തുള്ള കുട്ടി കൾ പോകുന്നുണ്ട്.

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികൾ തന്നെയാണ് പൊതുവെ വിദ്യഭ്യാസ നിലവാരത്തിലും പിന്നണിയിൽ നിൽക്കുന്നത്. പ്രസ്തുത കുട്ടികൾ ക്ക് പഠിക്കാനാവശ്യമായ പ്രോത്സാഹനവും പഠിക്കാനുതകുന്ന ഗൃഹാന്തരീക്ഷവും ഇല്ല.

അദ്ധ്യാപകനും രക്ഷിതാവും പരസ്പരം അറിയുന്ന വ്യക്തിക ളായാൽ, രക്ഷിതാവ് കുറെകൂടി കുട്ടിയുടെ ദൈനംദിന പഠനകാര്യ ങ്ങളിൽ ശ്രദ്ധാലുവായാൽസ്കൂളുകളിലേയും വീട്ടിലേയും പഠനാ ന്തരീക്ഷം മെച്ചപ്പെടുമെന്നാണ് പഞ്ചായത്ത്തലത്തിൽ ഈ രംഗ ത്ത് നടത്തിയ പരിശ്രമങ്ങൾ സൂചിപ്പിക്കുന്നത്. ക്ലാസ്സ്ടീച്ചറും കുട്ടിയുടെ രക്ഷിതാവും തമ്മിൽ കുട്ടിയുടെ പഠനകാര്യങ്ങളെക്കുറിച്ച് വർഷത്തിൽ 6 തവണയെങ്കിലും ചർച്ചചെയ്യാനും ആശയവിനി മയം നടത്താനും ഉതകുന്ന സംവിധാനം പഞ്ചായത്ത് വിദ്യാഭ്യാസ സമിതിമുഖേന എല്ലാ സ്കൂളുകളിലും നടപ്പാക്കാൻ ശ്രമിച്ചു വരുന്നുണ്ട് കുട്ടിയുടെ പഠന കാര്യത്തിൽ രക്ഷിതാവ് തന്നെയാണ് സുപ്രധാന പങ്കുവഹിക്കേണ്ടത് എന്ന കാര്യം രക്ഷിതാവിനെ ബോധവൽക്കരിക്കുന്ന കാര്യത്തിൽ വേണ്ടത്രവിജയിച്ചുകഴിഞ്ഞില്ല

സാക്ഷരതാ പ്രവർത്തന കാലത്ത് നേടിയനേട്ടങ്ങൾ തന്നെ നഷ്ടമായോ എന്ന സ്ഥിതിയാണ്. പട്ടികജാതി കോളനികളിലും ആളുകൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും അക്ഷര സ മിതികൾ സ്ഥാപിച്ച് വയോജന – സാക്ഷരതാ ക്ലാസ്സുകൾ തുട ങ്ങാൻ കഴിഞ്ഞാൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു കൂടി അ വയെ ഉപയോഗപ്പെടുത്താൻ കഴിയും സ്കൂൾ വിദ്യാഭ്യാസ സ മിതികൾ മുഖേന സ്കൂളുകളിൽ വയോജന ക്ലാസ്സുകൾ ആരംഭി ക്കാവുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസമോ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസമോ നൽകുന്ന സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഇല്ല.

4 ടൈപ്പ്റൈററിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളും, 4 ട്യൂട്ടോറിയൽ കോളേജുകളും, 3 ഇംഗ്ലീഷ് മീഡിയം അൺഎയ്ഡഡ് സ്കൂളുകളും എന്നിവ പ്രവർത്തിക്കുന്നുണ്ട്.

ആദ്യകാലങ്ങളിൽ വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന വായനശാലകളിൽ പലതും പിന്നോക്കം പോയിട്ടുണ്ട്. വായന ഗൗരവമായി എടുക്കുന്നവർ കുറഞ്ഞുകൊണ്ടിരിക്കുന്നു.

1 വിദ്യാലയ വിവരങ്ങൾ.
Attach Copy

2 വിദ്യാലയ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ.
Attach Copy

## വിദ്യാലയ സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | സ്ക്കൂളിന്റെ പേര് | വിസ്തീർണ്ണം ഏ സെ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ബോട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഗവ: H. S. ചാത്തനൂർ | 19 ഏ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | ഗവ: L. P. S. ചാത്തനൂർ | 1 ഏ 67സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 3 | ,, ,, ,, ,, നെല്ലിക്കാട്ടിരി | 47സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 4 | ,, ,, ,, ,, തിരുമിററക്കോട് | 33സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | ,, ,, ,, ,, അകിലാണം | 1.5ഏ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 6 | A U P സ്ക്കൂൾ എഴമങ്ങാട് | 78സെ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | ,, ,, ,, ,, ഇറുവകശ്ശേരി | 2ഏ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | ,, ,, ,, ,, ചാഴിയാട്ടിരി | 1—5ഏ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 9 | A L P സ്ക്കൂൾ പള്ളിപ്പാടം | -5ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 10 | ,, ,, ,, ,, ഇട്ടോണം | 1ഏ 7സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 11 | ,, ,, ,, ,, ചെരിപ്പൂർ | 1ഏ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 12 | ,, ,, ,, ,, എളവള്ളി | 50സെ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | സ്ഥാപിച്ച വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | | SC/ST വിദ്യാർത്ഥികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | ഗവ: എച്ച് എസ് ചാത്തനൂർ | സർക്കാർ | 1948 | 1011 | 933 | 1944 | 189 | 147 | 336 | 55 |
| 2 | ,, എൽ പി സ്കൂൾ ചാത്തനൂർ | ,, | | 222 | 192 | 414 | 69 | 41 | 110 | 12 |
| 3 | ,, എൽപി സ്കൂൾ നെല്ലിക്കാട്ടിരി | ,, | 1926 | 152 | 142 | 294 | 19 | 23 | 42 | 9 |
| 4 | ,, എൽപി സ്കൂൾ തിരുമിററക്കോട് | ,, | 1924 | 81 | 84 | 165 | 3 | 2 | 5 | 6 |
| 5 | ,, എൽ പിസ്കൂൾ അകിലാണം | ,, | 1928 | 45 | 48 | 93 | 13 | 11 | 24 | 4 |
| 6 | എ യു പി സ്കൂൾ എഴുമങ്ങാട് | എയ്ഡഡ് | 1917 | 505 | 486 | 991 | 102 | 102 | 204 | 30 |
| 7 | ,, ,, ,, ഇറുമ്പകശ്ശേരി | ,, | | 369 | 345 | 714 | 67 | 69 | 136 | 28 |
| 8 | ,, ,, ,, ചാഴിയാട്ടിരി | ,, | 1914 | 452 | 412 | 864 | 64 | 60 | 124 | 28 |
| 9 | എ എൽ പി സ്കൂൾ പള്ളിപ്പാടം | ,, | 1921 | 108 | 99 | 207 | 23 | 17 | 40 | 8 |
| 10 | ,, ,, ,, ഇട്ടോണം | ,, | 1932 | 125 | 102 | 227 | 18 | 19 | 37 | 9 |
| 11 | ,, ,, ,, ചെരിപ്പൂർ | ,, | 1922 | 78 | 89 | 167 | 6 | 11 | 17 | 6 |
| 12 | ,, ,, ,, എളവള്ളി | ,, | | 103 | 80 | 183 | 13 | 12 | 25 | 7 |

## പ്രശ്നങ്ങൾ

1 കുട്ടികളുടെ പഠനനിലവാരം വേദനാജനകമാംവിധം താഴ്ന്നതാണ്.

2 S.S.L.C വിജയശതമാനം വളരെ കുറവാണ്.

3 വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മോശമാണ്.

4 മാർക്ക് കുറഞ്ഞവരേയും അക്ഷരമറിയാത്തവരേയും പ്രമോഷൻ നൽകിവിടുന്നു.

5 അദ്ധ്യാപകർ വേണ്ടത്ര ശുഷ്ക്കാന്തിയോടെ പഠിപ്പിക്കുന്നില്ല. വേണ്ടത്ര അദ്ധ്യാപകർ പലപ്പോഴും ഇല്ലാത്ത അവസ്ഥയുണ്ട്.

6 രക്ഷിതാക്കളുടെ പങ്കാളിത്തവും ശ്രദ്ധയും പരിശോധനയും വേണ്ടത്രയില്ല.

7 പഠിക്കേണ്ട കാര്യങ്ങൾ വളരെ കൂടുതലാണ്.

8 വളരെ കൂടുതൽ കുട്ടികൾ ഓരോ ക്ലാസ്സിലും ഉണ്ട്.

9 പാഠ്യേതര പ്രവർത്തനങ്ങൾ വേണ്ടത്ര നടക്കുന്നില്ല.

10 തൊഴിലധിഷ്ഠിത കോഴ്സുകൾ ഇല്ല.

11 സാക്ഷരതാപ്രവർത്തനം നടക്കുന്നില്ല.

12 വായനാശീലം കുറഞ്ഞുവരുന്നു.

13 യാത്രാപ്രശ്നം ഗുരുതരമാണ്.

## നിർദ്ദേശങ്ങൾ

1 പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് സ്ക്കൂൾ മുഖേനയും സന്നദ്ധ സംഘടനകൾ വഴിയും മററും പ്രത്യേക പരിഗണനകൾ നല്കുക.

2 ക്ലാസ്സുപരീക്ഷകളിൽ 25%ൽ അധികം മാർക്ക് കിട്ടിയ 10–ാംതരം വിദ്യാർത്ഥികൾക്ക് രക്ഷിതാക്കളെക്കൂടി ബന്ധപ്പെടുത്തി പ്രത്യേക കോച്ചിംങ്ങ് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

3 വിദ്യാഭ്യാസ– ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് നിരന്തരം ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക.

4 കുട്ടികളുടെ ദൈനംദിന പാഠ്യപ്രവർത്തനങ്ങളിൽ രക്ഷിതാവിനെ പങ്കാളിയാക്കുക.

5 അദ്ധ്യാപകനും രക്ഷിതാവും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുക.

6 തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

7 പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.

8 ലോവർ പ്രൈമറി സ്കൂളുകളോടനുബന്ധിച്ച് പ്രീ–പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക.

9 ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

PRINTED AT USHUS PRINTERS, ARANGOTTUKARA

Phone:- 0488 - 427357 (P. P.)